# മോക്ഷാർഹമായ
# ജമാഅത്ത്

# മോക്ഷാർഹമായ ജമാഅത്ത്

മൗലാനാ അബ്ദുല്ലാഹ് സാഹിബ് H.A.

*പ്രസാധകർ:*
**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള**
**ഫോർട്ട് റോഡ്, കണ്ണൂർ– 670 001**

**MOKSHARHAMAYA JAMA-ATH**

Author :
Hazrath Moulana Abdullah Sahib H.A.

Published by :
Islam International Publications , Kerala
Fort Road, Kannur- 670 001.

First Edition : 1951
Second Edition : 1967
Third Edition : 1982
Fourth Edition : 1990
Fifth Edition : 1996
Sixth Edition : 2007

Copies : 3000

DTP & Layout :
BRB Offset Printing Press

Price : Rs.20/-

IIPK/7

# ഉള്ളടക്കം

പ്രസാധകക്കുറിപ്പ് ........ 6
ഗ്രന്ഥകർത്താവിനെപ്പറ്റി ........ 7
മുസ്‌ലിംകളുടെ ഇന്നത്തെ നില ........ 11
മുസ്‌ലിംകൾ പല കക്ഷികൾ ........ 13
മുസ്‌ലിംകളുടെ അധഃപതനത്തെക്കുറിച്ച് ഖുർആൻ ........ 21
മുസ്‌ലിം പണ്ഡിതന്മാർ അധഃപതനം സമ്മതിക്കുന്നു ........ 23
പ്രവചനങ്ങൾ പുലർന്നതിനുശേഷം ........ 27
ഏതാണ് ആ കക്ഷി ........ 30
മോക്ഷപ്രാപ്തിയുടെ ലക്ഷണങ്ങൾ ........ 32
അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് മറ്റുള്ളവർ ........ 35
നേതാവിനെ അനുസരിക്കണം ........ 38
ജമാഅത്ത് നിലവിലില്ല ........ 39
വേറിട്ട ന്യൂനപക്ഷം ........ 44
സ്വർഗ്ഗാവകാശികൾ ........ 47
എതിർക്കപ്പെടുന്ന ജമാഅത്ത് ........ 49
തബ്‌ലീഗ് ചെയ്യുന്ന ജമാഅത്ത് ........ 56
ഖലീഫയുടെ നേതൃത്വം ........ 64
വാഗ്ദത്ത നബിയുടെ ശിഷ്യസംഘം ........ 72
ഇസ്‌ലാമിനെ ജയിപ്പിക്കുന്നവർ ........ 77
അനുഗൃഹീത വിഭാഗം ........ 85

# പ്രസാധകക്കുറിപ്പ്

'മോക്ഷാർഹമായ ജമാഅത്ത്' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം **മോക്ഷപ്രാപ്തിക്കർഹരാർ?** എന്ന ശീർഷകത്തിൽ കരുനാഗപ്പള്ളി അഹ്മദിയ്യാ ജമാഅത്ത് 1951-ൽ പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിന്റെ ആറാം പതിപ്പാകുന്നു.

പ്രശസ്ത പണ്ഡിതനും പ്രഗത്ഭ എഴുത്തുകാരനുമായിരുന്ന മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ്(റഹ്) എഴുതിയ ഈ പുസ്തകം സത്യാന്വേഷികൾക്ക് ആത്മീയ അനുഗ്രഹത്തിന് കാരണമായിത്തീരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

കണ്ണൂർ,
1.4.2007

സദ്ർ,
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്,
കേരള

# ഗ്രന്ഥകർത്താവിനെപ്പറ്റി രണ്ടുവാക്ക്

ഹദ്റത്ത് മൗലാനാ ശയ്ഖ് മുഹ്യിദ്ദീൻ സാഹിബിന്റെ സീമന്തപുത്രനായ ഗ്രന്ഥകർത്താവ് 1895-ൽ പഴയങ്ങാടിയിൽ ഭൂജാതനായി. അദ്ദേഹത്തിന്റെ പിതാവ് അതീവഭക്തനും മതപണ്ഡിതനും അന്നത്തെ പുരോഹിതവർഗ്ഗത്തിലെ ഒരു വിപ്ലവകാരിയുമായിരുന്നു. മതസിദ്ധാന്തങ്ങളും താൽപര്യങ്ങളുമെല്ലാംതന്നെ മനുഷ്യബുദ്ധിയ്ക്കും അന്തസ്സിനും അനുയോജ്യമായിരിക്കേണ്ടതാണെന്നു അദ്ദേഹം നിഷ്കർഷിച്ചിരുന്നു. അഹ്മദിയ്യത്ത് സ്വീകരിക്കുന്ന കാര്യത്തിൽ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചതും ആ വീക്ഷണഗതി തന്നെയായിരിക്കണം. ഈ നൂറ്റാണ്ടിന്റെ ആദ്യദശകത്തിലാണ് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചതും പരിശുദ്ധ ഖാദിയാൻ സന്ദർശിച്ചതും. അതിനെ തുടർന്ന് ഇവിടുത്തെ മുസ്ലിയാക്കന്മാരിൽനിന്നും പൊതുജനങ്ങളിൽനിന്നും അദ്ദേഹത്തിന് നേരിടേണ്ടി വന്ന മർദ്ദനങ്ങളും യാതനകളും ഇന്നത്തെ അഹ്മദികൾക്കുപോലും ഊഹിക്കാൻ വയ്യാത്തതാണ്. പക്ഷേ, അദ്ദേഹത്തിന്റെ മനോധൈര്യവും ദൃഢവിശ്വാസവും അതൊന്നും കണക്കിലെടുത്തില്ല.

പുണ്യഖാദിയാനിൽനിന്ന് മടങ്ങിവന്നശേഷം അന്ന് പതിനഞ്ച് വയസ്സുമാത്രം പ്രായമായിരുന്ന തന്റെ പുത്രനെ ഇസ്ലാമിന്റെ യഥാർത്ഥ തത്ത്വങ്ങളും ഉപദേശങ്ങളും പഠിക്കാനും ജീവി



തത്തിൽ വിശുദ്ധിയുടെ പരിമളം ചാർത്താനുമായി അദ്ദേഹം പുണ്യഖാദിയാനിലേക്കയച്ചു. അങ്ങനെ ഗ്രന്ഥകർത്താവിന്റെ വിദ്യാഭ്യാസകാലം മുഴുവനും ഖാദിയാനിലാണ് കഴിഞ്ഞുകൂടിയത്. അവിടെനിന്ന് അദ്ദേഹം പഞ്ചാബ് യൂനിവേഴ്സിറ്റിയിലെ എച്ച്.എ. (ഹോണേഴ്സ് ഇൻ അറബിക്) എന്ന ഉന്നത ബിരുദം സമ്പാദിച്ചു. പിന്നീട് കേരളത്തിലെങ്ങും '**എച്ച്.എ. മൗലവി**' എന്ന പേരിൽ അദ്ദേഹം അറിയപ്പെടാനുള്ള കാരണം അതായിരുന്നു. 1927-ൽ ഔദ്യോഗികമായി തെന്നിന്ത്യയിലും സിലോണിലും അഹ്മദിയ്യത്തിന്റെ പ്രചാരകനും വക്താവുമായി നിയോഗിക്കപ്പെട്ടു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ ജീവിതം കേരള മുസ്ലിം വൃത്തത്തിൽ പ്രത്യേകം അറിയപ്പെട്ടതും വളരെയധികം പ്രാധാന്യമർഹിക്കുന്നതുമാണ്. ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ്(റഹ്) അറബി, ഫാർസി, ഉർദു, തമിഴ്, ഇംഗ്ലീഷ്, പഞ്ചാബി, മലയാളം എന്നീ ഭാഷാഭിജ്ഞനും പ്രഗത്ഭ എഴുത്തുകാരനും ഉജ്ജ്വല പ്രസംഗകനും അനുഗൃഹീത വിവാദമർമ്മജ്ഞനുമായിരുന്നു. ഇസ്ലാമിന്റെ ശ്രേഷ്ഠതയെപ്പറ്റിയും വിശുദ്ധഖുർആന്റെ മഹനീയതയെക്കുറിച്ചും അദ്ദേഹം അനവധി പുസ്തകങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. 'അന്നുബുവ്വത്തു ഫിൽ ഇസ്ലാം' (ഇസ്ലാമിലെ പ്രവാചകത്വം) എന്ന വിശ്രുത ബൃഹദ്ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ മാസ്റ്റർപീസ്. 1968-ൽ അദ്ദേഹം ഇഹലോകം വെടിയുന്നതുവരെ അസത്യത്തിനും അധർമ്മത്തിനും എതിരെ കുരിശുയുദ്ധത്തിലായിരുന്നു. ധന്യമായ ആ കർമ്മപാതയിലൂടെതന്നെ അദ്ദേഹം തന്റെ രക്ഷിതാവിലേക്ക് മടങ്ങുകയും ചെയ്തു.

بسم الله الرحمن الرحيم

# മോക്ഷാർഹമായ ജമാഅത്ത്

## മുസ്‌ലിംകളുടെ ഇന്നത്തെ നില

**ഒ**രു സ്ഥാപനം എത്രതന്നെ സുസംഘടിതവും ഐക്യം പുലർത്തുന്നതിനുവേണ്ടുന്ന നിർദ്ദേശങ്ങളോടുകൂടിയതുമായിരുന്നാലും, തദനുയായികൾ ഒരു ചട്ടമെന്നോണം, കാലാന്തരത്തിൽ ഭിന്നാഭിപ്രായക്കാരായി, പല കക്ഷികളായി പിരിയുന്നുവെന്നതു ഒരു ചരിത്രപരമാർത്ഥമാണല്ലോ. സത്യാത്മാക്കളായ പ്രവാചകന്മാരാൽ സ്ഥാപിതങ്ങളായ മതങ്ങളുടെ അനുയായികളിലും ഈ നിയമം വ്യാപരിച്ചു വന്നതായി നമുക്കു കാണാം. മുസ്‌ലിംകൾക്കും ഈ നിയമത്തിൽനിന്നു ഒഴിഞ്ഞുനിൽക്കാൻ സാധിച്ചിട്ടില്ല. ഒരു പ്രത്യേക ജനതയ്ക്കോ ഒരു പ്രത്യേക രാജ്യക്കാർക്കോ വേണ്ടി മാത്രം പ്രബോധിക്കപ്പെട്ട മതങ്ങളുടെ അനുയായികൾ കാലക്രമത്തിൽ കക്ഷിപ്രതികക്ഷികളായി പിരിഞ്ഞതുപോലെ, എല്ലാ കാലത്തേക്കുമുള്ള പരിപൂർണ്ണമതമായിരുന്നിട്ടും ഇസ്‌ലാമിന്റെ അനുയായികളും കാലം ചെന്നപ്പോൾ ഭിന്നകക്ഷികളായി പിരിഞ്ഞുപോയി എന്ന പരമാർത്ഥം ആരാലും നിഷേധിക്കാവതല്ല. ഇസ്‌ലാം ധർമ്മത്തിൽ കക്ഷിത്വത്തിന് സ്ഥാനമില്ലെന്നും, അത് ഐക്യത്തെക്കുറിച്ച് നിഷ്കർഷിച്ചുകൊണ്ട് അതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നുവെന്നുമുള്ളത് വാസ്തവം തന്നെ. അതേ പ്രകാരം മുസ്‌ലിംകൾ പല കക്ഷികളായി പിരിഞ്ഞ് അവർ അന്യോന്യം, ഇതര മതത്തിലെ അവാന്തരകക്ഷികളേക്കാളും കൂടുതൽ

വിദ്വേഷത്തിലും അസഹിഷ്ണുതാഭാവത്തിലും വർത്തിക്കുന്നുവെന്നതും അനിഷേധ്യമായ ഒരു വാസ്തവമാകുന്നു. ഈ കക്ഷിവഴക്കുമൂലം മുസ്‌ലിം സമുദായത്തിന് അനുഭവമായ നഷ്ടം എത്ര ഭീമമാണെന്നത് ചരിത്രമറിയുന്നവരിൽനിന്ന് മറഞ്ഞതല്ല. ഈ കക്ഷിത്വം രാഷ്ട്രീയവും വർഗ്ഗീയവും മതപരവുമായ സംഗതികളുടെ അടിസ്ഥാനത്തിൽ ഉളവായതാണെങ്കിലും അതിന് ഒരു സ്ഥിരപ്രതിഷ്ഠ ലഭിച്ചത് മതകാര്യത്തിലാണ്. മുസ്‌ലിംകൾ രാഷ്ട്രീയമായനിലയിൽ അധഃപതിക്കുകയും അവരുടെ അന്തസ്സും മേന്മയും അവർക്ക് നഷ്ടമാവുകയും ചെയ്തതോടുകൂടി രാഷ്ട്രീയവും വർഗ്ഗീയവുമായ അടിസ്ഥാനത്തിന്മേലുള്ള അവരുടെ ഭിന്നതകൾക്ക് കുറെയൊക്കെ പൊറുതിയുണ്ടായെങ്കിലും, മതവിഷയത്തെ അടിസ്ഥാനമാക്കിയുള്ള കക്ഷിമത്സരത്തിന് യാതൊരു ക്ഷീണവും തട്ടുകയുണ്ടായില്ല. മറിച്ച് ഈ കക്ഷിത്വം വർദ്ധിച്ചുകൊണ്ടുവരികയാണുണ്ടായത്. മുസ്‌ലികൾ രാഷ്ട്രീയനിലയിൽ എത്രയും അധഃപതിച്ചുപോയിരിക്കുന്ന ഇക്കാലത്തും അവർക്ക് ലൗകികകാര്യങ്ങളിൽപോലും ഈ മതമാത്സര്യവും അക്കാരണത്താലുള്ള വിരോധവും അകറ്റി നിറുത്താൻ സാധിക്കുന്നില്ല. അതുമല്ല, തങ്ങൾ മാത്രമാണ് യഥാർത്ഥ മുസ്‌ലിംകളെന്ന വാദം അവരിലുള്ള ഓരോ കക്ഷിയും രാഷ്ട്രീയരംഗത്തുപോലും വലിച്ചിഴച്ചു കൊണ്ടുവരികയും ചെയ്യുന്നു. നോക്കുക! ശിയാക്കളും സുന്നികളും തമ്മിൽ ദ്വേഷിക്കുകയും വഴക്കടിക്കുകയും ചെയ്യുന്നു. എന്നു മാത്രമല്ല, സുന്നികളിലുള്ള ഉൾപ്പിരിവുകൾ അന്യോന്യവും ശിയാക്കളിലുള്ള അവാന്തരകക്ഷികൾ അന്യോന്യവും പകയ്ക്കുകയും ചെയ്യുന്നു. ഒരു ഭാഗത്ത് ഈ കക്ഷികളുടെ ഇടയിൽ ഇങ്ങനെ മത്സരം നടന്നുകൊണ്ടിരിക്കുമ്പോൾ മറ്റൊരു ഭാഗത്ത് 'മുഖല്ലിദും' 'ഗൈർമുഖല്ലിദും' തമ്മിലും ഉല്പതിഷ്ണുക്കളും യാഥാസ്ഥിതികരും തമ്മിലും തകരാറു കൂടിക്കൊണ്ടിരിക്കുന്നു. വേറൊരു ഭാഗത്താകട്ടെ, വഹ്ദത്തുൽവുജൂദികൾ (അദ്വൈതവാദികൾ), പ്രകൃതിവാദികൾ, ത്വരീഖത്തുകാർ ആദിയായ കക്ഷികളുടെ മത്സരകോലാഹലം നടന്നുകൊണ്ടിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ, മുസ്‌ലിംകൾ പല കക്ഷികളായി പിരിയുകയും മതപരമായി പരസ്പരം 'കാഫിറാ'ക്കുന്ന തരത്തിൽ ഭിന്നാഭിപ്രായങ്ങളോടുകൂടിയവരായിത്തീരുകയും ഓരോ കക്ഷിയും തങ്ങളുടെ വിശ്വാസവും സമ്പ്രദായവും മാത്രമാണ് യഥാർത്ഥ ഇസ്‌ലാം



എന്ന് വാദിക്കുകയും ചെയ്യുന്നുവെന്നത് പരസ്യമായ ഒരു പരമാർത്ഥമാകുന്നു.

അവസാനകാലത്തെ മുസ്‌ലിംകൾ യഹൂദി നസാറാക്കളുടെ ആചാരങ്ങളും അന്ധവിശ്വാസങ്ങളും കൈക്കൊള്ളുകയും അവരെപ്പോലെ വിവിധ കക്ഷികളായി പിരിയുകയും ചെയ്യുമെന്നും, ആ കക്ഷികളിൽ ഒരുകൂട്ടർ മാത്രമെ മോക്ഷപ്രാപ്തിക്കർഹരായിരിക്കയുള്ളൂ എന്നും നബിതിരുമേനി(സ) പ്രവചിച്ചിരിക്കുന്നതുകൊണ്ട്, ഈ ഓരോ കക്ഷിയും തങ്ങൾ മാത്രമാണ് ആ യഥാർത്ഥമായ ഇസ്‌ലാമിക സംഘമെന്ന് സ്വയം വാദിച്ചുവരുന്നു. ഇപ്രകാരം വാദിക്കാൻ എല്ലാ ഓരോ കക്ഷിക്കും അവകാശമുണ്ടെങ്കിലും, അങ്ങനെ വാദിക്കുന്നുവെന്നതുകൊണ്ടു മാത്രം ഏതെങ്കിലുമൊരു കക്ഷി ആ പ്രത്യേക രക്ഷയ്ക്കവകാശിയായ സംഘമാണെന്ന് വരികയില്ല. ലോകത്തുള്ള ഭിന്നമതസ്ഥരോരോരുത്തരും താന്താങ്ങളുടെ മതമാണ് ഏകസത്യധർമ്മമെന്ന് അവകാശപ്പെടുന്നുവല്ലോ. എന്നാൽ, വിഭിന്നവും ഒന്നിനൊന്ന് വിപരീതവുമായുള്ള സിദ്ധാന്താദർശങ്ങളോടുകൂടിയ ഈ മതങ്ങളെല്ലാം ഒരുപോലെ സത്യമായിരിക്കാൻ നിവൃത്തിയില്ല. പ്രമാണങ്ങളും സജീവദൃഷ്ടാന്തങ്ങളും മുഖേന സത്യമെന്ന് തെളിയുന്ന മതമേതോ അത് മാത്രമാണ് യഥാർത്ഥത്തിൽ സത്യമതം. എങ്കിലും, ഓരോ മതക്കാർക്കും തങ്ങളുടേത് സത്യമതമെന്ന് വാദിക്കാൻ അവകാശമുണ്ടെന്ന് മാത്രമല്ല, താന്താങ്ങളുടെ മതത്തോടു പ്രതിപത്തിയുള്ള കാലത്തോളം അവരങ്ങനെ വാദിക്കേണ്ടതുമാണ്. ഇതേപ്രകാരംതന്നെ, ഓരോ മതത്തിലേയും അവാന്തരകക്ഷികൾക്കും തങ്ങളാണ് ആ മതത്തിന്റെ യഥാർത്ഥാനുയായികൾ എന്ന് വാദിക്കാവുന്നതാണ്. ഈ നിലയിൽ നോക്കുമ്പോൾ, മുസ്‌ലിംകളിലുള്ള ഓരോ കക്ഷിക്കും മോക്ഷപ്രാപ്തിക്കർഹരായ കൂട്ടർ തങ്ങളാണെന്ന് വാദിക്കാൻ അവകാശമുണ്ട്. എന്നാൽ, അവർ അപ്രകാരം വാദിക്കുന്നതുകൊണ്ടുമാത്രം അവരാണ് മോക്ഷപ്രാപ്തിക്കർഹരായ ആ സാക്ഷാൽ ഇസ്‌ലാമികസംഘമെന്ന് വരുകയില്ല. അതിലേക്ക് ആ വാദത്തെ സാക്ഷീകരിക്കുന്ന പ്രമാണങ്ങളും ലക്ഷ്യങ്ങളും ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണ്.

## മുസ്‌ലിംകൾ പല കക്ഷികൾ

മോക്ഷപ്രാപ്തിക്കർഹതയുള്ള ആ കക്ഷി ഏതാണെന്നും ആ കക്ഷിക്കുണ്ടായിരിക്കേണ്ട ലക്ഷണങ്ങളെന്തൊക്കെയാ

ണെന്നും വിവരിക്കുന്നതിനു മുമ്പേ, മുസ്‌ലിംകളുടെ കക്ഷിപിരിവിനെക്കുറിച്ചുള്ള നബിതിരുമേനിയുടെ ആ പ്രവചനത്തെക്കുറിച്ചു തന്നെ പ്രസ്താവിച്ചുകൊള്ളട്ടെ!

عن عبد الله بن عمرو رضي الله عنهما قال قال رسول الله صلى الله عليه وسلم
ليأتين على أمتي كما أتى على بني إسرائيل حذو النعل بالنعل حتى إن كان منهم من أتى
أمه علانية لكان في أمتي من يصنع ذلك و إن بني إسرائيل تفرقت على ثنتين و سبعين
ملة و تفترق أمتي على ثلاث و سبعين ملة كلهم في النار إلا ملة واحدة قالوا
من هي يا رسول الله قال ما أنا عليه و أصحابي (ترمذي كتاب الايمان باب افتراق
هذه الامة ص ۲/۸۹ ، جامع الصغير ص ۲/۱۱۰ مصري، ابن ماجة كتاب
الفتن باب افتراق الامم ص ۲۸۷)

അബ്ദുല്ലാഹ് ബിൻ അംറ്(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു: "ഒരു ജോടി ചെരിപ്പ് അന്യോന്യം സാദൃശ്യമുള്ളവയായിരിക്കുന്നപ്രകാരം, ഇസ്‌റായീൽക്കാരിൽ സംഭവിച്ചതുപോലെയെല്ലാം തീർച്ചയായും എന്റെ ഉമ്മത്തിലും സംഭവിക്കും; ഇങ്ങേയറ്റം അവരിൽ വല്ലവനും തന്റെ മാതാവിനെ പരസ്യമായി പരിഗ്രഹിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും എന്റെ ഉമ്മത്തിലും അപ്രകാരം ചെയ്യുന്നവനുണ്ടായിവരും. ഇസ്‌റായീൽകാർ എഴുപത്തിരണ്ട് കക്ഷികളായി പിരിഞ്ഞു. എന്റെ ജനമാകട്ടെ എഴുപത്തിമൂന്ന് കക്ഷികളായി പിരിയും; അവരിൽ ഒരുകൂട്ടരൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും. അവർ (സഖാക്കൾ) ചോദിച്ചു: അല്ലയോ ദൈവദൂതരേ! ആ കക്ഷി ഏതാണ്? തിരുമേനി പറഞ്ഞു: ഞാനും എന്റെ സഹാബിമാരും ഉള്ളനിലയിൽ സ്ഥിതി ചെയ്യുന്നവർതന്നെ (മിശ്ക്കാത്ത്). ഈ ഹദീസിന്റെ അവസാനഭാഗം അഹ്‌മദ്, അബൂദാവൂദ് എന്നിവർ നിവേദനം ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്:-

ثنتان و سبعون في النار و واحدة في الجنة وهي الجماعة

''എഴുപത്തിരണ്ടും നരകത്തിലും ഒന്നുമാത്രം സ്വർഗ്ഗത്തിലും ആയിരിക്കും. ആ ഒന്ന് അൽജമാഅത്തായിരിക്കും" (മിശ്ക്കാത്ത്). ഇതിനെ തുടർന്ന് തിരുമേനി ഇങ്ങനേയും അരുൾ ചെയ്തിരിക്കുന്നു:-



وإنه سيخرج في أمتي أقوام تتجارى بهم تلك الأهواء كما يتجارى الكلب
بصاحبه لا يبقى منه عرق ولا مفصل إلا دخله

"തീർച്ചയായും എന്റെ ഉമ്മത്തിൽ പലകൂട്ടരും ഉണ്ടായിത്തീരും. പേപ്പട്ടിവിഷം ഒരുവന്റെ ഉള്ളിൽ, ഒരു ഞരമ്പും ഒരു സന്ധുവും ഒഴിഞ്ഞുപോകാത്തവിധം വ്യാപരിക്കുന്നതുപോലെ അവരുടെ ഉള്ളിൽ സ്വേച്ഛകൾ വ്യാപരിക്കും.''

ഈ പ്രവചനത്തെ വ്യാഖ്യാനിക്കുന്നതിനു മുമ്പേ, ഇതിന്നെതിരിൽ പുറപ്പെടുവിക്കപ്പെടുന്ന ഒരു ആക്ഷേപത്തിനു മറുപടി പറയുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. ഈ ഹദീസ് ശരിയാണെന്ന് വിശ്വസിക്കുന്നപക്ഷം മുസ്‌ലിംകളിൽ ഒരു ചെറിയ വിഭാഗം മാത്രമേ യഥാർത്ഥ മുസ്‌ലിംകളെന്ന് വരികയുള്ളൂവെന്നും അങ്ങനെ ബഹുഭൂരിപക്ഷം വഴിപിഴച്ചവരാണെന്ന് വരുന്നതിനാൽ അത് സ്വീകാര്യമല്ലെന്നുമാണ് ചിലർ പറയാറുള്ളത്. ഇത്, ഈ ഹദീസിന്റെ യഥാർത്ഥ താൽപര്യവും മുസ്‌ലിംകളുടെ ഇന്നത്തെ സ്ഥിതിയും മനസ്സിലാക്കാത്തതുകൊണ്ടുണ്ടായിത്തീർന്ന ഒരാക്ഷേപമാണ്. വിശ്വാസയോഗ്യരായ നിവേദകന്മാരാൽ പ്രസ്താവിക്കപ്പെട്ടതും, തിർമിദി, അഹ്‌മദ്, അബൂദാവൂദ് മുതലായവരുടെ ഹദീസുഗ്രന്ഥങ്ങളിലും ബുഖാരി, മുസ്‌ലിം മുതലായവരുടെ ഗ്രന്ഥങ്ങളിലും ചേർത്ത മറ്റു ഹദീസുകളാൽ സാക്ഷീകരിക്കപ്പെട്ടതും, വിശുദ്ധഖുർആന്റെ സൂചനകളാൽ വാസ്തവമെന്ന് തെളിയുന്നതും, സംഭവംമൂലം സത്യമെന്ന് സൂര്യപ്രകാശംപോലെ പ്രത്യക്ഷമായിരിക്കുന്നതുമായ ഈ ഹദീസ് വിശ്വസനീയമല്ലെന്നു പറയുന്നത്, ഉച്ചസമയത്ത് കണ്ണടച്ചുകൊണ്ട് 'ഇപ്പോൾ ഇരുട്ടാണെന്ന്' പറയുന്നതിന് തുല്യമാകുന്നു. അഭിപ്രായവ്യത്യാസങ്ങളോടുകൂടിയവരും പരസ്പരം കുഫ്‌റുകൊണ്ട് വിധിക്കുന്നവരുമായ വിവിധ കക്ഷികളെ മുസ്‌ലിംകളുടെ ഇടയിൽ നാമിന്ന് കാണുന്നു. ഈ സ്ഥിതിക്ക്, പ്രസ്തുത ഹദീസ് ബലഹീനമായ ഒരു നിവേദനമായിരുന്നാലും അതിനെ സാക്ഷീകരിക്കുന്നതായ മറ്റു ഹദീസുകൾ ഇല്ലെന്നിരുന്നാലും, അതിൽ പറയുന്ന സംഗതി പ്രത്യക്ഷത്തിൽ സംഭവിച്ചു കാണുമ്പോൾ അതിനെ സ്വീകരിക്കാതിരിക്കാൻ നിർവ്വാഹമില്ല.

ഇനി പ്രസ്തുത വചനത്തിന്റെ വ്യാഖ്യാനത്തിലേക്ക് പ്രവേശിച്ചുകൊള്ളാം. ആ ഹദീസിൽ പറഞ്ഞിരിക്കുന്ന സംഗതികൾ അവ

സാനകാലത്തെ മുസ്ലിംകൾക്ക് മാത്രം ബാധകമാകുന്നവയാകുന്നു. അവർ പല കക്ഷികളായിപ്പിരിഞ്ഞ് ഇസ്ലാമിൽ നിന്നകന്ന് യഹൂദിനസാറാക്കളെപ്പോലെയായി ഭവിക്കുമെന്നും, അക്കാലത്ത് അവരിൽ മഹ്ദീമസീഹിനെ അല്ലാഹു നിയോഗിക്കുമെന്നും നബി തിരുമേനിയുടെ മറ്റു ചില വചനങ്ങളിൽനിന്ന് മനസ്സിലാകുന്നു. അതേ സംഗതിയെക്കുറിച്ചുതന്നെയാണ് മേൽപ്രവചനത്തിൽ മറ്റൊരു രൂപത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. ഈ വസ്തുത നല്ല പോലെ വ്യക്തമാകുന്നതിന് അന്ത്യകാലത്തെ മുസ്ലിംകളുടെ സ്ഥിതിയെക്കുറിച്ച് നബിതിരുമേനി(സ) പറഞ്ഞിരിക്കുന്ന മറ്റു ചില പ്രവചനങ്ങളെ ഇവിടെ ഉദ്ധരിച്ചുകൊള്ളാം.

عن أبي سعيد الخدري رضي الله عنه عن النبي صلى
الله عليه وسلم قال لتتبعن سنن من قبلكم
شبرا بشبر وذراعا بذراع حتى لو دخلوا جحر ضب
تبعتموهم قلنا يا رسول الله اليهود والنصارى،
قال: فمن؟ (بخاري كتاب الاعتصام والسنة باب
قول النبي صلى الله عليه وسلم لتتبعن سنن من كان قبلكم)

അബൂ സഈദിൽ ഖുദ്രി(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു. 'തീർച്ചയായും നിങ്ങൾ നിങ്ങൾക്കു മുമ്പേയുള്ളവരുടെ നടപടികളെ ചാണിനു ചാണായും മുഴത്തിനു മുഴമായും പിന്തുടരും; ഇങ്ങേയറ്റം, അവർ ഒരു ഉടുമ്പിന്റെ പൊത്തിൽ കടന്നിട്ടുണ്ടെങ്കിൽ അതിൽ നിങ്ങളും കടന്നുചെല്ലും. 'അല്ലയോ ദൂതരേ! ആ മുമ്പേയുള്ളവർ എന്നത് യഹൂദരും നസാറാക്കളുമാണോ?' എന്ന് ചോദിക്കപ്പെട്ടപ്പോൾ, 'പിന്നെയാർ?' എന്ന് തിരുമേനി ചോദിച്ചു (ബുഖാരി). ഇതിൽ പറഞ്ഞിരിക്കുന്നത് മുമ്പേയുദ്ധരിച്ച പ്രവചനത്തിൽ പറഞ്ഞ സംഗതി തന്നെയാണ്. ഇതിൽനിന്ന് വെളിവാകുന്നത്, യഹൂദി നസാറാക്കളുടെ ആചാരസമ്പ്രദായങ്ങളേയും അന്ധവിശ്വാസങ്ങളേയും ഒരു കാലത്ത് മുസ്ലിംകൾ കൈക്കൊള്ളുമെന്നും അവരെപ്പോലെ ഇവരിലും പലതരത്തിലുള്ള കക്ഷിവഴക്കുകളും ഭിന്നതകളും ഉൽഭവിക്കുമെന്നും അങ്ങനെ ഇവർ യഥാർത്ഥ ഇസ്ലാമിൽനിന്ന് അകന്നുപോകുമെന്നുമാണ്. ഒരിക്കൽ



നബിതിരുമേനി(സ) പിൽക്കാലത്തുണ്ടാകുന്ന പല ഭയങ്കര സംഭവങ്ങളെക്കുറിച്ചും പറഞ്ഞതിനെ തുടർന്ന് അവ 'ജ്ഞാനം' ഇല്ലാതായിപോകുന്ന കാലത്താണ് സംഭവിക്കുക എന്ന് പറഞ്ഞപ്പോൾ, സിയാദ് എന്ന ഒരു ശിഷ്യൻ ഇങ്ങനെ ചോദിച്ചു. "അല്ലയോ പ്രവാചകരേ! ഖുർആൻ ഞങ്ങൾ ഓതിക്കൊണ്ടിരിക്കുകയും അതിനെ ഞങ്ങൾ ഞങ്ങളുടെ സന്താനങ്ങൾക്കും അവർ അവരുടെ സന്തതികൾക്കും പഠിപ്പിച്ചുകൊടുക്കുകയും അങ്ങനെ അന്ത്യനാൾവരെ ആ കൃത്യം തുടർന്നുപോകുകയും ചെയ്യുമെന്നിരിക്കുമ്പോൾ പിന്നെ എങ്ങനെയാണ് ജ്ഞാനം ഇല്ലാതായിപ്പോകുക?" ഇതിന് തിരുമേനി സമാധാനമരുളിയത് ഇപ്രകാരമാണ്:

زياد ان كنت لأراك من أفقه رجل بالمدينة
أوليس هذه اليهود والنصارى يقرءون التوراة والإنجيل
لا يعملون بشيء مما فيهما (رواه احمد و ابن ماجة) مشكوة

"സിയാദേ! ഞാൻ നിങ്ങളെ മദീനക്കാരിൽവെച്ച് അധികം വിവേകമുള്ള ആളെന്ന് വിചാരിച്ചിരുന്നുവല്ലോ! ഈ യഹൂദികളും ക്രിസ്താനികളും, തൗറാത്തും ഇഞ്ചീലും വായിക്കുന്നില്ലേ? എന്നാൽ, അവർ അവയിൽ ഉള്ളപ്രകാരം അനുഷ്ഠിക്കുന്നില്ലല്ലോ!" (മിശ്ക്കാത്ത്). ഈ ഹദീസിൽനിന്ന് വ്യക്തമാകുന്നത്, യഥാർത്ഥമായ ജ്ഞാനം ഖുർആന്റെ ജ്ഞാനമാണെന്നും ആ ജ്ഞാനം ഒരു കാലത്ത് മുസ്ലിംകളിൽനിന്ന് മറഞ്ഞുപോകുമെന്നും അന്നുള്ളവർ ഖുർആൻ ഓതുമെങ്കിലും അവർ യഹൂദി നസാറാക്കൾ തങ്ങളുടെ ധർമ്മത്തിൽ നിന്ന് വ്യതിചലിച്ചുപോയതുപോലെ ഖുർആന്റെ ഉപദേശത്തിൽനിന്ന് അകന്നുപോകുമെന്നുമാണ്.

عن علي رضي الله عنه قال: قال رسول الله صلى الله عليه وسلم
يوشك أن يأتي على الناس زمان لا يبقى من الإسلام إلا اسمه
ولا يبقى من القرآن إلا رسمه مساجدهم عامرة وهي خراب
من الهدى علماؤهم شر من تحت أديم السماء من عندهم
تخرج الفتنة وفيهم تعود — رواه البيهقي في شعب الإيمان—
(مشكوة كتاب العلم الفصل الثالث ص ٣٨ كنز العمال ص ٤/٢٣)

ഹദ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു: “തീർച്ചയായും ജനങ്ങളിൽ ഒരു കാലം വരും. അന്ന് ഇസ്ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം ശേഷിക്കും; അവരുടെ പള്ളികൾ ജനപ്പെരുമാറ്റമുള്ളവയായിരിക്കുമെങ്കിലും അവ ഭക്തിശൂന്യങ്ങളായിരിക്കും; അവരുടെ ആലിംകൾ ആകാശത്തിനുകീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. ഫിത്ന അവരിൽനിന്ന് പുറപ്പെടുകയും അവരിലേക്കുതന്നെ മടങ്ങിച്ചെല്ലുകയും ചെയ്യും” (മിശ്ക്കാത്ത്). ഈ നബിവാക്യത്തിൽ പറഞ്ഞിരിക്കുന്നത്, ഇസ്ലാമിന്റേയും ഖുർആന്റേയും പേരുമാത്രം ബാക്കിയാകുമാറുള്ള തരത്തിൽ മുസ്ലിംകൾക്ക് ഇസ്ലാമും ഖുർആനുമായുള്ള ആത്മബന്ധം ഇല്ലാതായിപ്പോകുകയും നന്മകളുടെ നിലയനങ്ങളായിരിക്കേണ്ട അവരുടെ പള്ളികൾ ബാഹ്യനിലയിൽ അലംകൃതങ്ങളായിരിക്കുമെങ്കിലും, ഭക്തിശൂന്യങ്ങളായിത്തീരുകയും, സന്മാർഗ്ഗോപദേശം ചെയ്യേണ്ടുന്ന ആലിംകൾ മറ്റുള്ളവരിലും കവിഞ്ഞ നികൃഷ്ടരും ഇസ്ലാമിന് ദോഷകാരികളുമായിത്തീരുകയും ചെയ്യുമെന്നാണ്.

ഇങ്ങനെയുള്ള ഹദീസുകൾ, മുസ്ലിംകളുടെ കക്ഷിപ്പിരിവിനെക്കുറിച്ച് പറയുന്ന മുമ്പേയുദ്ധരിച്ച പ്രവചനത്തെ സാക്ഷീകരിക്കുകതന്നെ ചെയ്യുന്നു. അതെ, മേൽപറഞ്ഞ നബിവചനങ്ങളിൽനിന്നും മനസ്സിലാകുന്നത്, അവസാനകാലത്തെ മുസ്ലിംകൾ പൊതുവെ ദുഷിച്ച് സന്മാർഗ്ഗത്തിൽനിന്നകന്നു പോകുകയും അവർക്ക് ഇസ്ലാമുമായുള്ള ബന്ധം നാമമാത്രമായിത്തീരുകയും ചെയ്യുമെന്നുതന്നെയാണ്. അപ്പോൾ, ഈ സ്ഥിതി ഏതെങ്കിലുമൊരു ദേശത്തുള്ളവരോ ഒരു പ്രത്യേക അഭിപ്രായക്കാരോ ആയ മുസ്ലിംകളെ മാത്രം ബാധിക്കുന്നതല്ലെന്നും, എല്ലാ രാജ്യക്കാരും എല്ലാ വിഭാഗക്കാരുമായ മുസ്ലിംകളേയും പൊതുവെ ബാധിക്കുന്നതാണെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. ഇപ്പറഞ്ഞപ്രകാരംതന്നെ മുസ്ലിംകൾ പൊതുവെ ദുഷിച്ചുപോയിരിക്കുന്നുവെന്ന് അവരുടെ സ്ഥിതിതന്നെ വിളിച്ചുപറയുന്നു. അങ്ങനെയിരിക്കെ എഴുപത്തിരണ്ട് കക്ഷിയും ഇസ്ലാമിൽനിന്ന് വ്യതിചലിച്ചുപോയവരായിരിക്കുമെന്നുള്ള വചനം സ്വീകാര്യമല്ലെന്നും അത് വിശ്വസിക്കുന്ന പക്ഷം ഭൂരിപക്ഷം മുസ്ലിംകൾ ദുഷിച്ചുപോയിരിക്കുന്നുവെന്ന് സമ്മതിക്കേണ്ടിവരുമെന്നും പറയുന്നത് അർത്ഥരഹിതവും അനുഭവത്തിന് വിപരീതവുമാകുന്നു. നബിതിരുമേനിയുടെ അനവധി പ്രവ



ചനങ്ങളിൽനിന്ന് മനസ്സിലാകുന്നത് അവസാനകാലത്ത് മുസ്ലിംകൾ പൊതുവെ ദുഷിച്ചുപോകുമെന്നുതന്നെയാണ്. അങ്ങനെ അവർ പരക്കെ ധാർമ്മികനിലയിൽ അധഃപതിച്ചുപോകാതെ ഒരു ചെറിയ ന്യൂനപക്ഷം മാത്രമാണ് ദുഷിച്ചുപോയതെങ്കിൽ, ഇസ്ലാമിന്റെ പേരും ഖുർആന്റെ എഴുത്തും മാത്രം ശേഷിക്കുന്ന ഒരു കാലം വരുമെന്നും അന്ന് അവരുടെ പള്ളികൾ ഭക്തിശൂന്യങ്ങളും അവരുടെ ആലിംകൾ നികൃഷ്ടരായിത്തീരുമെന്നും പറയാവതല്ല. ചെറിയ ഒരുപക്ഷം ദുഷിച്ചുപോകുകയെന്നത് നബിതിരുമേനിയുടെ അടുത്തകാലശേഷം മാത്രമല്ല, തന്റെ കാലത്തുതന്നെയും സംഭവിച്ചിട്ടുണ്ട്. ഖുർആനും ഇസ്ലാമുമായിട്ട് നാമമാത്രമായ ബന്ധത്തോടുകൂടിയവരും നികൃഷ്ടരായ ആലിംകളും ഇല്ലാതിരുന്നകാലം മുസ്ലിംകളിൽ ഉണ്ടായിട്ടില്ല. ആ സ്ഥിതിക്കും ഖുർആന്റെ ലിപിയും ഇസ്ലാമിന്റെ പേരും ശേഷിക്കുന്ന ഒരു കാലംവരുമെന്ന് നബിതിരുമേനി(സ) പ്രവചിച്ചിരിക്കുന്നത് മുസ്ലിംകൾ പൊതുവെ ദുഷിച്ചുപോകുന്ന കാലം വരുമെന്ന അർത്ഥത്തിൽ തന്നെയാണ്. അന്ന് ഖുർആന്റെ ജ്ഞാനം മറഞ്ഞുപോകുമെന്നും, യഹൂദിനസാറാക്കൾ തൗറാത്തും ഇഞ്ചീലും വായിക്കുന്നതുപോലെ മുസ്ലിംകളിൽ ഖുർആൻ ഓതുന്നവരുണ്ടായിരിക്കുമെങ്കിലും, അവർ അതനുസരിച്ച് ജീവിക്കുന്നവരായിരിക്കില്ലെന്നും, അവർ യഹൂദി നസാറാക്കളെ പൂർണ്ണമായും അനുകരിക്കുമെന്നും മറ്റും പറഞ്ഞിരിക്കുന്നത് മുസ്ലിംകൾക്ക് പൊതുവെ ഈ സ്ഥിതി ഉണ്ടായിത്തീരുന്നതുകൊണ്ട് തന്നെയാണെന്ന് ആ ഒരു നബിവചനവും വിളിച്ചുപറയുന്നുണ്ട്. എന്നു മാത്രമല്ല, ഈ സ്ഥിതി ഒരു കക്ഷിയെ മാത്രം ബാധിക്കുന്നതാണെന്നു വരികിൽ അതിനെക്കുറിച്ച് ഇത്തരത്തിൽ പറയാവുന്നതുമല്ല. അങ്ങനെയുള്ള ഒരു ചെറിയപക്ഷം പൂർവ്വകാലങ്ങളിൽ ഉണ്ടായിട്ടുള്ളതുകൊണ്ട് അവസാനകാലത്തുമാത്രം അങ്ങനെ ചിലർ ഉണ്ടായിവരുമെന്ന് പറയുന്നത് ശരിയായിരിക്കുന്നതുമല്ല.

ഇതിനും പുറമേ, എഴുപത്തിമൂന്ന് കക്ഷി ഉത്ഭവിക്കുന്നതിനെക്കുറിച്ച് പ്രസ്താവിക്കുന്ന ഹദീസിൽത്തന്നെ മുസ്ലിംകളുടെ ഇടയിൽ സ്വേച്ഛകൾക്കടിമപ്പെടുന്ന പല കൂട്ടരും ഉണ്ടായിവരുമെന്ന് പറഞ്ഞിരിക്കുന്നതും പ്രവചിക്കപ്പെട്ട ആ ധാർമ്മികാധഃപതനം മുസ്ലിംകൾക്ക് പൊതുവെ ഉണ്ടായിത്തീരുന്നതാണെന്ന് മനസ്സി

ലാക്കിത്തരുന്നുണ്ട്. ഈ സംഗതി നബിതിരുമേനിയുടെ മറ്റൊരു വചനത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. പല സമുദായങ്ങളും നാലുഭാഗത്തുനിന്നും മുസ്‌ലിംകളെ ആക്രമിക്കാൻ ഒരുമിച്ചുകൂടുന്ന ഒരുകാലം വരുമെന്ന് തിരുമേനി(സ) പറഞ്ഞപ്പോൾ 'അന്ന് ഞങ്ങൾ കുറഞ്ഞവരായിരിക്കുന്നതുകൊണ്ടാണോ' എന്ന് ഒരാൾ ചോദിച്ചു. അതിന് തിരുമേനി പറഞ്ഞ സമാധാനം ഇതായിരുന്നു:-

بل أنتم يومئذ كثير ولكنكم غثاء كغثاء السيل ولينزعن
الله من صدور عدوكم المهابة منكم وليقذفن في قلوبكم
الوهن قال قائل يا رسول الله وما الوهن قال حب الدنيا وكراهية
الموت — رواه أبو داود والبيهقي في دلائل النبوة

''അല്ല, നിങ്ങൾ അന്നു വളരെ അധികമായിരിക്കും. പക്ഷേ, നിങ്ങൾ ഒഴുക്കിൽപ്പെട്ട ചണ്ടിപോലെയായിരിക്കും. നിങ്ങളുടെ ശത്രുക്കളുടെ ഹൃദയങ്ങളിൽനിന്ന് നിങ്ങളെക്കുറിച്ചുള്ള ഭയത്തെ അല്ലാഹു എടുത്തുകളയുകയും അവൻ നിങ്ങളുടെ ഹൃദയങ്ങളിൽ 'വഹൻ' (ആലസ്യം) ഉളവാക്കുകയും ചെയ്യും." അപ്പോൾ "അല്ലയോ പ്രവാചകരേ! വഹൻ എന്നാൽ എന്താണ്'' എന്ന് ഒരാൾ ചോദിച്ചു. തിരുമേനി പറഞ്ഞു: 'ഐഹികജീവിതത്തോടുള്ള പ്രേമവും മരണത്തെക്കുറിച്ചുള്ള ഭീതിയും തന്നെ' (മിശ്ക്കാത്ത്). ഈ തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത് ഒരു കാലത്ത് മുസ്‌ലിംകൾ ഇതരജാതികളുടെ കയ്യേറ്റങ്ങൾക്ക് ലക്ഷീഭവിക്കുമെന്നും അത് അവർ എണ്ണത്തിൽ കുറഞ്ഞവരായതുകൊണ്ടായിരിക്കയില്ലെന്നും അന്നാകട്ടെ അവർ വളരെയധികം ഉണ്ടായിരിക്കുമെന്നും പക്ഷേ, മറ്റുള്ളവരെ ജയിക്കത്തക്ക ഗുണങ്ങളെല്ലാം അവർക്ക് നഷ്ടമായിരിക്കുമെന്നുമാണ്. ഇപ്പറഞ്ഞ പ്രകാരംതന്നെ, മുസ്‌ലിംകൾ എണ്ണത്തിൽ ഇന്ന് നാൽപ്പത് കോടിയിലധികം* ഉണ്ടായിട്ടും ചെറുതും വലുതുമായ എല്ലാ ഇതരസമുദായങ്ങളും അവരെ നാലുഭാഗത്തുനിന്നും നുള്ളിപ്പറിക്കുമാറ് അവർ ദയനീയമായ ഒരവസ്ഥയിലായിത്തീർന്നിരിക്കുന്നു. ഈ നില വന്നിരിക്കുന്നതും പ്രസ്തുത പ്രവചനത്തിൽ പറഞ്ഞ ദോഷങ്ങൾ ഏതെങ്കിലും ഒരു രാജ്യക്കാരോ ഒരു പ്രത്യേക കക്ഷിക്കാരോ ആയ മുസ്‌ലിംകളിൽ മാത്രം ഉണ്ടാ

* 1951-ലാണ് ഈ ഗ്രന്ഥം ആദ്യമായി പ്രസിദ്ധീകരിച്ചത്.



യിത്തീർന്നതുകൊണ്ടല്ല; മറിച്ച്, ലോകത്തെല്ലായിടത്തുമുള്ള മുസ്‌ലിംകളിൽ പരക്കെ ആ ദോഷങ്ങൾ ബാധിച്ചിരിക്കുന്നതുകൊണ്ടുതന്നെയാണ്. ഐഹികജീവിതത്തോടുള്ള പ്രേമവും മരണത്തിലുള്ള ഭയവും മുസ്‌ലിംകളിൽ പൊതുവെ ഉണ്ടായിത്തീരുകയും അവർ ഒഴുക്കിൽപ്പെട്ട ചണ്ടിചവറുകൾ പോലെയായി ഭവിക്കുകയും ചെയ്യണമെങ്കിൽ, പരക്കെ അവർ ധാർമ്മികവും ആത്മീയവുമായി എത്രയും അധഃപതിച്ചുപോയിരിക്കേണ്ടതാണ്. ഇങ്ങനെ മുസ്‌ലിംകളുടെ ആത്മീയാധഃപതനത്തെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നത്, ഈ അവസ്ഥ അവർക്ക് പൊതുവെ ഉണ്ടായിത്തീരുന്നതു കൊണ്ടുതന്നെയാണെന്ന് പല ഹദീസുകളും വ്യക്തമാക്കുന്നുണ്ട്.

## മുസ്‌ലിംകളുടെ അധഃപതനത്തെക്കുറിച്ച് ഖുർആൻ

മുമ്പേ വിവരിച്ചപ്രകാരം, മുസ്‌ലിംകളുടെ ആത്മീയാധഃപതനത്തെക്കുറിച്ചും അവരുടെ കക്ഷിപ്പിരിവിനെക്കുറിച്ചും മറ്റും നബിവചനങ്ങളിൽ സുവ്യക്തം പറയപ്പെട്ടിരിക്കുന്ന അതേ സംഗതി വിശുദ്ധഖുർആനിലും സൂചകമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഇസ്രായീല്യർ വിവിധ കക്ഷികളായി പിരിഞ്ഞതും ലൗകികസുഖത്തിനും ഐഹികലാഭത്തിനുംവേണ്ടി ദൈവവിധികളെ അവർ നിരസിച്ചതും പുണ്യാത്മാക്കളെ അവർ ദ്രോഹിച്ചതും മറ്റും വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ച് എടുത്തുപറയുകയും, അവരെപ്പോലെ ആകാതിരിക്കാൻ മുസ്‌ലിംകളെ അത് ഉദ്ബോധിപ്പിക്കുകയും ചെയ്തിരുന്നതിൽനിന്നുതന്നെ സൂക്ഷ്മമായി ചിന്തിക്കുന്നവർക്ക് ഈ വാസ്തവം മനസ്സിലാക്കാവുന്നതാണ്. മുസ്‌ലിംകൾ അവരെ അനുകരിക്കില്ലെന്നുവരികിൽ വിശുദ്ധഖുർആൻ ഈ സംഗതി ഇത്ര ശക്തിയോടുകൂടി ആവർത്തിച്ചു പറയുമായിരുന്നില്ല. ഇതിനു പുറമെ സൂറഃഫാത്തിഹായിൽ, 'മഗ്‌ളൂബും' 'ളാല്ലും' ആകാതിരിക്കുന്നതിന് എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കാൻ മുസ്‌ലിംകൾ ആജ്ഞാപിക്കപ്പെട്ടിട്ടുമുണ്ട്. 'മഗ്‌ളൂബ്' എന്നതുകൊണ്ട് വിവക്ഷിതമാക്കപ്പെട്ടിരിക്കുന്നത് യഹൂദരും, 'ളാല്ല്' എന്നതിന്റെ വിവക്ഷിതം നസാറാക്കളും ആണെന്ന് ഖുർആനിൽനിന്നും നബിവചനങ്ങളിൽനിന്നും മനസ്സിലാകുന്നുമുണ്ട്. ഇങ്ങനെ യഹൂദിനസാറാക്കളാകാതിരിക്കാൻ ഖുർആൻ ഉൽബോധിപ്പിച്ചിരിക്കുന്നത്, പ്രത്യേകിച്ചും ആ രണ്ട് സമുദായങ്ങൾക്കുമുള്ള ദോഷങ്ങളെ

മുസ്‌ലിംകൾ പകർക്കുമെന്നുള്ളതു കൊണ്ടുതന്നെയാണ്. ഈ സംഗതിയെ വിശുദ്ധഖുർആൻ ഒരിടത്ത് ഇങ്ങനെയാണ് മനസ്സിലാക്കിത്തരുന്നത്.

ألم يأن للذين آمنوا أن تخشع قلوبهم لذكر الله وما نزل من الحق
ولا يكونوا كالذين أوتوا الكتاب من قبل فطال عليهم الأمد فقست
قلوبهم وكثير منهم فاسقون

''അല്ലാഹുവിന്റെ ദിക്റിനും (അവങ്കൽനിന്ന്) ഇറങ്ങിയ സത്യത്തിനുംവേണ്ടി ഹൃദയങ്ങളിൽ ഭയഭക്തിയുണ്ടാവാനും, മുമ്പേ ഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കാനും വിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ? അവരിൽ ഒരു ദീർഘകാലം കഴിഞ്ഞപ്പോൾ അവരുടെ ഹൃദയങ്ങൾ കടുത്തുപോയി; അവരിൽ അധികപേരും ആജ്ഞാലംഘകരായിത്തീർന്നു' (57:17). ഈ വാക്യത്തിൽ പറയപ്പെട്ടിരിക്കുന്നത് 'ദിക്ർ' അഥവാ ഖുർആന്റെയും ദൈവത്തിൽനിന്ന് വെളിപ്പെട്ട സത്യത്തിന്റെയും നേർക്ക് മുസ്‌ലിംൾക്ക് ഭയഭക്തി നഷ്ടമാകുകയും അവർ യഹൂദിനസാറാക്കളെപ്പോലെ കഠിനഹൃദയരും ആജ്ഞാലംഘകരുമായിത്തീരുകയും ചെയ്യുന്ന ഒരു കാലം വരുമെന്നാണ്. അങ്ങനെയുള്ളവരെക്കുറിച്ചാണ് അവർക്ക് തങ്ങളുടെ ഈ നില മാറ്റുന്നതിനുള്ള സമയമായിട്ടില്ലേ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇപ്പറഞ്ഞത് നബിനായകർ(സ) തിരുമേനിയുടെ ശിഷ്യന്മാരെക്കുറിച്ചോ തിരുമേനിയുടെ ശേഷം അടുത്തകാലത്തുണ്ടായിരുന്നവരെക്കുറിച്ചോ ആയിരിക്കാൻ തരമില്ല. എന്തെന്നാൽ അവർക്ക് ഖുർആന്റെ നേർക്കുള്ള ഭക്തി നഷ്ടപ്പെട്ടുപോയിട്ടുണ്ടായിരുന്നില്ല. ഗ്രന്ഥം ലഭിച്ചിട്ട് വളരെക്കാലം കഴിഞ്ഞതിനുശേഷം ഇസ്രായീൽക്കാർ കഠിനഹൃദയരും ദുർവൃത്തരും ആയിത്തീർന്നപോലെ ആ പൂർവ്വമുസ്‌ലിംകൾക്ക് വിശുദ്ധഖുർആൻ ലഭിച്ചിട്ട് ദീർഘകാലം കഴിയുകയോ അവർ ശിലാഹൃദയരായിപ്പോകുകയോ അവരിൽ അധികംപേരും ധർമ്മലംഘകരായിത്തീരുകയോ ചെയ്തിരുന്നുമില്ല. അതുകൊണ്ട് ഖുർആന്റെ മേൽപ്രസ്താവന ആ പൂർവ്വമുസ്‌ലിംകളുടെ നിലയെക്കുറിച്ച് ആയിരിക്കാൻ നിവൃത്തിയില്ല. അതാകട്ടെ, ഖുർആൻ വന്നിട്ട് അനേകം നൂറ്റാണ്ടുകൾ കഴിയുകയും തദനുയായികൾക്ക് അതിന്റെ നേർക്കുള്ള ഭക്തി ഇല്ലാതായിപ്പോകുകയും അവരിൽ അധികപേരും ആജ്ഞാലംഘകരാ



യിത്തീരുകയും ചെയ്യുന്ന ഒരു കാലത്തുള്ള മുസ്‌ലിംകളെക്കുറിച്ചായിരിക്കാനേ പാടുള്ളൂ. അങ്ങനെയുള്ള ഒരു കാലം മുസ്‌ലിംകളിൽ വരുമെന്നും അന്ന് അവർ ഖുർആനിലെ പ്രസ്തുത ചോദ്യത്തിന് തികച്ചും ലക്ഷീഭവിക്കുമാറാകുമെന്നുമാണ് മേൽപ്പറഞ്ഞ ആയത്ത് നമുക്ക് മനസ്സിലാക്കിത്തരുന്നത്. ഇങ്ങനെ വിശുദ്ധഖുർആൻ സൂചകമായി പറഞ്ഞുതന്നിരിക്കുന്ന സംഗതിതന്നെയാണ് മുമ്പേയുദ്ധരിച്ച ഹദീസുകളാൽ നബിതിരുമേനി(സ) സ്പഷ്ടമാക്കിത്തന്നിരിക്കുന്നത്.

## മുസ്‌ലിം പണ്ഡിതന്മാർ അധഃപതനം സമ്മതിക്കുന്നു

അവസാനകാലത്തെ മുസ്‌ലിംകളുടെ സർവ്വപ്രകാരേണയുമുള്ള അധഃപതനത്തെക്കുറിച്ച് നബി(സ) ചെയ്തിരിക്കുന്ന ദീർഘദർശനങ്ങൾ പ്രത്യക്ഷരം ഇക്കാലത്തെ മുസ്‌ലിംകളിൽ പൂർത്തിയായിരിക്കുന്നുവെന്ന് മുസ്‌ലിം നേതാക്കന്മാരും മതപണ്ഡിതന്മാരും സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഉദാഹരണാർത്ഥം ചിലരുടെ പ്രസ്താവനകളെ മാത്രം ഇവിടെ ഉദ്ധരിക്കുന്നു.

**അല്ലാമഃ സിദ്ദീഖ് ഹസൻ** ഇങ്ങനെ പറയുന്നു: "ഇന്ന് ഇസ്‌ലാമിന്റെ പേരും ഖുർആന്റെ എഴുത്തും മാത്രമേ ശേഷിക്കുന്നുള്ളൂ. ബാഹ്യനിലയിൽ നോക്കുമ്പോൾ പള്ളികൾ ജനബഹുലങ്ങളാണെങ്കിലും അവ കേവലം ഭക്തിശൂന്യങ്ങളായിത്തീർന്നിരിക്കയാണ്. സമുദായത്തിലെ ഉലമാ എന്ന പണ്ഡിതവർഗ്ഗം ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ടരായി ഭവിച്ചിരിക്കുന്നു. അവരിൽനിന്ന് സകല കുഴപ്പങ്ങളും ഛിദ്രങ്ങളും ഉത്ഭവിക്കുകയും അവ അവരിലേക്കുതന്നെ മടങ്ങിച്ചെല്ലുകയും ചെയ്യുന്നു" (ഇഖ്തിറാബുസ്സാഅഃ, ഭാ. 12).

ബയ്ത്തുൽമുഖദ്ദസിൽ കൂടിയ അന്താരാഷ്ട്രമുസ്‌ലിം കൗൺസിലിൽ ഫലസ്തീനിലെ **മുഫ്ത്തീ അഅ്സം** ഇങ്ങനെ പറയുകയുണ്ടായി. "തീർച്ചയായും നാം ദൈവത്തെ മറന്നുകളഞ്ഞു. അതിനാൽ ദൈവം നമ്മേയും കൈവിട്ടു. നാം അല്ലാഹുവിനെ മറന്നപ്പോൾ അവൻ നമുക്ക് നമ്മെപ്പറ്റിയുള്ള ബോധവും ഇല്ലാതാക്കി. നമ്മൾ അവന്റെ പവിത്രഗ്രന്ഥമനുസരിച്ചുള്ള ജീവിതം ഉപേക്ഷിച്ചപ്പോൾ അവൻ നമ്മെയും ഉപേക്ഷിച്ചുകളഞ്ഞു. നമ്മുടെ ദുർവൃത്തികൾ കാരണം അവൻ നമ്മെ നിഷ്ഠൂരരും നിർദ്ദയരുമായ ഒരുകൂട്ടരുടെ കീഴിൽ ആക്കിത്തീർത്തു. മുസ്‌ലിംകൾ മതകാര്യം

വെടിയുകയും ഖുർആന്റെ ഉപദേശത്തിൽനിന്ന് അകലുകയും ചെയ്തപ്പോൾ അവരുടെ സ്ഥിതി മോശപ്പെട്ടു തുടങ്ങി; അജ്ഞത യും അന്യശക്തിയും അവരെ കീഴ്പ്പെടുത്തി. അവർ അമ്പത്തി മൂന്ന് കോടിയിലധികം ഉണ്ടായിട്ടും ചെറുതും വലുതുമായ സകല സമുദായങ്ങളും അവരെ നുള്ളിപ്പറിക്കുന്നു' (ഫലസ്തീനുൽ അറ ബിയ്യ, 17-12-31).

**മൗലവി സനാഉല്ലാഹ് സാഹിബ് അമൃതസരി** അദ്ദേഹ ത്തിന്റെ തഫ്സീറിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പലതരത്തി ലുള്ള നികൃഷ്ടവൃത്തികളും ദുസ്സമ്പ്രദായങ്ങളും മുസ്‌ലിംകളിൽ പൊതുവെ വ്യാപിച്ചിരിക്കുന്നു. ദൈവഗ്രന്ഥമായ വിശുദ്ധഖുർആനെ അവർ ഉപേക്ഷിച്ചിരിക്കയാൽ,

فنبذوا كتاب الله وراء ظهورهم

അവർ അല്ലാഹുവിന്റെ ഗ്രന്ഥത്തെ പൃഷ്ഠഭാഗത്തേക്ക് തള്ളി ക്കളഞ്ഞു (3:188) എന്ന ദൈവവചനം അവരിൽ തികച്ചും സത്യ മായി പുലർന്നിരിക്കുന്നു. നമ്മുടെ 'മിമ്പർ' (പ്രസംഗവേദി) കള്ള റിപ്പോർട്ടുകളും നിരർത്ഥകഥകളും പ്രസ്താവിക്കപ്പെടുന്ന സ്ഥല മായിത്തീർന്നിരിക്കുന്നു. തികച്ചും സദുപദേശമായി സ്ഥിതിചെയ്യു ന്നതും ഉപദേശിക്കാൻ വേണ്ടി ഇറങ്ങിയതും നബിതിരുമേനി തന്റെ പ്രസംഗങ്ങളിൽ ഉപദേശാർത്ഥം ഉദ്ധരിച്ചുകൊണ്ടിരുന്നതുമായ വിശുദ്ധഖുർആന് വെള്ളിയാഴ്ച ദിവസത്തെ ഖുത്ബകളിൽ പോലും സ്ഥാനമില്ലാതായിത്തീർന്നു. 'എന്റെ ദൈവമേ! എന്റെ ജനം ഈ ഖുർആനെ കൈവിട്ടുകളഞ്ഞിരിക്കുന്നു എന്ന് റസൂൽ പറഞ്ഞു' എന്ന തിരുവചനമനുസരിച്ച് നമ്മുടെ പേരിൽ ആവലാതി ഉണ്ടാ കുന്ന കാലത്ത്, അഹോ കഷ്ടം! നമുക്കെന്ത് സമാധാനമാണ് പറയാൻ കഴിയുക?" (തഫ്സീർ സനായി, ജിൽദ് 1, ഭാ 82) പിന്നെ യും, അദ്ദേഹം പറഞ്ഞിരിക്കുന്നു: "അല്ലാഹു ആയിരക്കണക്കായ പ്രവാചകന്മാരെ ഏതേതു അന്ധവിശ്വാസങ്ങളെ ഖണ്ഡിക്കുന്നതി നായിട്ടാണോ അയച്ചിരുന്നത് അതേതരത്തിലുള്ള ആശ്ചര്യകരങ്ങ ളായ അന്ധവിശ്വാസങ്ങളെല്ലാം ഈ നാമമാത്ര മുസ്‌ലിംകൾ കൈക്കൊണ്ടിരിക്കുകയാണ്" (തഫ്സീർസനായി, ജി. 1 ഭാ. 97). വീണ്ടും, അദ്ദേഹത്തിന്റെ പത്രം പറയുന്നു: "സാക്ഷാൽ ഇസ്റാ യീല്യർ കണ്ണിൽനിന്ന് മറഞ്ഞു. അവർ ഭൂമുഖത്തുനിന്ന് നാമാവ



ശേഷമാകുകയും ചെയ്തു. എന്നാൽ, അഹോ കഷ്ടം! സ്വഭാവംകൊണ്ട് ഇസ്റായീല്യരെപ്പോലെയായിത്തീർന്നവർ ഇന്നു ണ്ടെന്ന് മാത്രമല്ല, അവർ വർദ്ധിച്ചുവരികയും ചെയ്യുന്നു. നാം പൗരോഹിത്യസ്ഥാനങ്ങൾ കയ്യേറ്റു. ഇസ്റായീല്യവാഹനത്തിന്മേൽ കയറിക്കൊണ്ട് നാം അവരുമായുള്ള പന്തയത്തിൽ നമ്മുടെ കുതി രയെ അവരുടേതിനേക്കാളധികം മുമ്പോട്ട് ഓടിച്ചു. നാമിങ്ങനെ അവരെ കടന്ന് മുമ്പിൽ പോകുമെന്ന് പതിമൂന്ന് നൂറ്റാണ്ട് മുമ്പേ നബിതിരുമേനി(സ) പ്രവചിച്ചിരുന്നു. തീർച്ചയായും എന്റെ അനു യായികളും ഇസ്റായീല്യരെപ്പോലെ ദുഷ്കർമ്മങ്ങളിൽ മുഴുകി പ്പോകും. ഇങ്ങേയറ്റം അവരിൽ വല്ലവനും തന്റെ മാതാവിനെ പരി ഗ്രഹിച്ചുവെങ്കിൽ എന്റെ ഉമ്മത്തിലും അങ്ങനെ സ്വന്തം മാതാവിനെ പരിഗ്രഹിക്കുന്ന വ്യക്തികൾ ഉണ്ടായിരിക്കും'' (അഹ്‌ലെ ഹദീസ്, 25-9-31). ഇനിയും അദ്ദേഹം പറയുന്നത് കാണുക. "ഖുർആൻ നമ്മിൽനിന്നും കേവലം ഉയർന്നു പോയിരിക്കുന്നുവെന്നത് വാസ്ത വമാണ്. നാം ഖുർആനിൽ പേരിനുമാത്രം വിശ്വസിക്കുന്നുവെങ്കി ലും, സത്യമായും ഹൃദയത്തിൽ നാം അതിനെ കേവലം നിസ്സാ രവും നിഷ്പ്രയോജനവുമായ ഒരു ഗ്രന്ഥമായിട്ടാണ് കരുതുന്നത്!" (അഹ്‌ലെ ഹദീസ്, 14-6-1912).

**മൗലാനാ അബുൽകലാം ആസാദ്** ഇങ്ങനെ പറഞ്ഞിരി ക്കുന്നു: "യഹൂദി, നസറാണി, മുശ്‌രിക് എന്നിവരിലുള്ള എല്ലാ ദോഷങ്ങളും, ഇസ്‌ലാമിന് വിപരീതമായ നടപടികളും യൂനാൻകാ രുടെ മതവിരുദ്ധമായ വാദങ്ങളും, പാർസികളുടെ സുഖതൽപര തയും, വിഗ്രഹാരാധകരുടേയും ഖബ്റ് പൂജകരുടേയും ഫിത്ന കളും ഒന്നൊഴിയാതെ പൂർണ്ണനിലയിലും ശക്തിയേറിയ തര ത്തിലും മുസ്‌ലിംകളുടെ ഇടയിൽ വ്യാപിച്ചിരിക്കുന്നു. യഹൂദരും നസറാണികളും വഴികേടിലേക്ക് എത്ര ചുവടുകൾ വെച്ചിരിക്കു ന്നുവോ അത്രയും ചുവടുകൾ എണ്ണിയെണ്ണി മുസ്‌ലിംകളും വെച്ചു കഴിഞ്ഞിരിക്കുന്നു. ഇങ്ങേയറ്റം 'അവർ ഒരുടുമ്പിൻ പൊത്തിൽ പ്രവേശിച്ചുവെങ്കിൽ അതിൽ നിങ്ങളും കടന്നുചെല്ലും' എന്ന് പറഞ്ഞ ആ സമയവും വന്നുകഴിഞ്ഞു. ഇവയെല്ലാം ഇന്ന് നാം നമ്മുടെ കണ്ണാൽ കണ്ടുവരുന്നു. നബിതിരുമേനി(സ) പറഞ്ഞിട്ടു ണ്ടായിരുന്നു: 'അന്ന് നിങ്ങൾ എണ്ണത്തിൽ കുറഞ്ഞവരായിരിക്ക യില്ല പക്ഷേ, നിങ്ങളുടെ ഹൃദയത്തിൽ 'വഹൻ' (ആലസ്യം) ഉണ്ടാ യിത്തീരും. അതുകൊണ്ട് നിങ്ങൾ ചണ്ടിയെന്നപോലെ ഒലിച്ചു

പോകും.' പിന്നെ 'വഹൻ' എന്നതിന്റെ വിവക്ഷിതം ലോകത്തോടുള്ള പ്രേമവും, അഭിമാനപൂർവ്വമായ മരണത്തിലുള്ള ഭീതിയും ആണെന്നും നബിതിരുമേനി(സ) അരുൾ ചെയ്യുകയുണ്ടായി. ഈയൊരു വാക്കുകൊണ്ട് സമുദായങ്ങളുടെ മരണവും ജീവിതവും എങ്ങനെയാണ് സംഭവിക്കുന്നതെന്ന് തിരുമേനി മനസ്സിലാക്കിത്തന്നിരിക്കുന്നു." (തദ്കിറ: ഭാ. 264)

**മഹാകവി സർ മുഹമ്മദ് ഇഖ്ബാൽ** തന്റെ ഒരു കവിതയിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്: 'മുസ്ലിംകളേ! നിങ്ങൾ ആകൃതിയിൽ ക്രിസ്ത്യാനികളും സംസ്കാരത്തിൽ ഹിന്ദുക്കളും ആയിത്തീർന്നിരിക്കുന്നു. ഇന്നത്തെ മുസ്ലിംകളെ കണ്ടിട്ട് യഹൂദികൾപോലും നാണിച്ചുപോകുന്നു. മുസ്ലിംകളുടെ ഇടയിൽ ദൈവാനുരാഗമാകുന്ന അഗ്നി കെട്ടുപോകുകയും അന്ധകാരം വ്യാപിച്ചിരിക്കയുമാണ്. ഇന്നുള്ളവർ മുസ്ലിംകളല്ല, വെറും ചാമ്പൽ കൂമ്പാരമത്രെ!" (ബാങ്കെദറാ).

ഇട്ടാവയിലെ (വടക്കേ ഇന്ത്യ) '**അൽബശീർ**' എന്ന പത്രഗ്രന്ഥം ഇങ്ങനെ പറഞ്ഞിരിക്കുന്നു. ''നബിതിരുമേനിയുടെ കാലത്തെ ക്രിസ്ത്യാനികളുടെയും യഹൂദരുടെയും ഇടയിലുണ്ടായിരുന്ന കക്ഷിവഴക്കിന്റെ ചരിത്രം വായിച്ച് അവരുടെ സ്ഥിതിയുമായി ഇന്നത്തെ മുസ്ലിം പണ്ഡിതന്മാരുടെ സ്ഥിതിയെ താരതമ്യപ്പെടുത്തി നോക്കുന്നതായാൽ ഇക്കാലത്തെ ഉലമാക്കളിൽ അധികംപേരും അക്കാലത്തെ യഹൂദി നസാറാക്കളുടെ ഇടയിൽ ഉണ്ടായിരുന്ന മതപണ്ഡിതന്മാരുടെ ശരിപ്പകർപ്പുകളായിരിക്കുന്നുവെന്നു കാണാവുന്നതാണ്." (1925 ഡിസംബർ ലക്കം)

അമൃത്സറിലെ **വക്കീൽ** പത്രം ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്. "മുസ്ലിംകൾ മതവുമായി കേവലം ബന്ധമില്ലാത്തവരായി ഭവിക്കുകയും ഇസ്ലാമിൽനിന്ന് അവർ അകന്നുപോകുകയും, അവരുടെ അധർമ്മവും ദുർവൃത്തിയും പാപകർമ്മവും അതിരുകവിയുകയും ചെയ്തപ്പോൾ അവരിൽ ദൈവകോപം ഉണ്ടാകുകയും നബിതിരുമേനിയുടെ കാലശേഷം നാളിതുവരെ ലോകത്തുണ്ടാകാത്ത തലത്തിലുള്ള നാശങ്ങളും വിപത്തുകളും അവരിൽ ഇറങ്ങുകയുമുണ്ടായി" (3-1-21). ''മുസ്ലിംകൾ ആദ്യമായി വ്യക്തിപരമായ ജീവിതത്തിൽ യഹൂദരേയും നസാറാക്കളേയും പിൻപറ്റിക്കൊണ്ടിരുന്നു; ഇപ്പോഴാകട്ടെ സമഷ്ടിഗതമായും അവരെ



അനുകരിച്ചു തുടങ്ങിയിരിക്കുന്നു" (15-1-27).

തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന '**മുസ്ലിം മിത്രം**' മാസികയിൽ ഇങ്ങനെ പറഞ്ഞുകാണുന്നു. "ജൂതന്മാരുടെ സകല ലക്ഷണങ്ങളും നമ്മിലും കണ്ടു തുടങ്ങിയിരിക്കുന്നു... പരിശുദ്ധഖുർആനെ നാം പൂർണ്ണമായും കൈവെടിഞ്ഞിരിക്കുന്നു. നബി അവർകളുടെ ജീവിതചര്യകൾ നമ്മുടെ സ്മൃതിപഥത്തിൽനിന്ന് മറഞ്ഞുകഴിഞ്ഞു. ഇസ്ലാംമതത്തിൽ അറിയപ്പെടാത്ത പല ആചാരങ്ങളും ബാഹ്യചടങ്ങുകളും മതശാസനകളെന്നോണം വിചാരിച്ചു അനുഷ്ഠിച്ചുവരുന്നു. ദൈവത്തെത്തന്നേയും അവന്റെ മഹോന്നതപീഠത്തിൽനിന്ന് വലിച്ചു താഴ്ത്തിയിട്ടു. മനുഷ്യൻ തുടങ്ങി കല്ല്, മരം ആദിയായ നിസ്സാര സാധനങ്ങൾ തൽസ്ഥാനത്ത് പിടിച്ച് കയറ്റിത്തുടങ്ങിയിരിക്കുന്നു. യാഥാർത്ഥ്യം പറയുന്നപക്ഷം, മുല്ലാക്കമാർ, മുസ്ലിയാക്കൾ, ശൈഖന്മാർ എന്നിവർമൂലം പരിശുദ്ധ ഇസ്ലാം മതത്തിനു ഭയങ്കരങ്ങളായ പല ക്ഷതങ്ങളും പറ്റിപ്പോയിരിക്കുന്നു. ഇക്കൂട്ടരുടെ തോന്ന്യാസംമൂലം ഇസ്ലാംമതസൗധംതന്നെ ഇളകിമറിയുകയും കാറ്റിൽപ്പെട്ട് നിലംപതിക്കാൻ ഭാവിക്കയും ചെയ്യുന്നു" (വാല്യം 1, ഭാ.314, 315).

## പ്രവചനങ്ങൾ പുലർന്നതിന് ശേഷം

മുസ്ലിംകൾ യഹൂദി നസാറാക്കളെപ്പോലെ വിവിധ കക്ഷികളായി പിരിഞ്ഞ് ഇസ്ലാമിൽനിന്ന് വ്യതിചലിച്ച് പോകുമെന്നുള്ള നബിതിരുമേനിയുടെ പ്രവചനം അക്ഷരംപ്രതി ഇക്കാലത്ത് പൂർത്തിയായിരിക്കുന്നുവെന്ന് മുസ്ലിം പണ്ഡിതന്മാരുടേയും നേതാക്കന്മാരുടേയും മേലുദ്ധരിച്ച പ്രസ്താവനകളാൽ വ്യക്തമാക്കിയിരിക്കുന്നു. ചുരുക്കത്തിൽ, മുസ്ലിംകൾ പൂർണ്ണനിലയിൽ ഇസ്രായീല്യരെ അനുകരിക്കുകയും ഇസ്രായീൽക്കാർ എഴുപത്തിരണ്ട് കക്ഷികളായി പിരിഞ്ഞിരുന്നപ്രകാരം മുസ്ലിംകൾ എഴുപത്തിമൂന്ന് കൂട്ടമായി പിരിയുകയും ചെയ്യുമെന്നുള്ള ആ പ്രവചനം സത്യമെന്ന് നബിതിരുമേനിയുടെ മറ്റു വചനങ്ങളാലും ഖുർആൻ വാക്യങ്ങളാലും തെളിയുന്നപോലെത്തന്നെ അതുപ്രകാരം സംഭവിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് അനുഭവംകൊണ്ടും മുസ്ലിം പണ്ഡിതാഭിപ്രായങ്ങൾ കൊണ്ടും സ്പഷ്ടമാവുകയും ചെയ്തിരിക്കുന്നു.

മുമ്പേയുദ്ധരിച്ച പ്രവചനത്തിൽ, ഇസ്രായീല്യർ എഴുപത്തി

രണ്ട് കക്ഷിയായി പിരിഞ്ഞിരുന്നപോലെ തന്റെ ജനവും എഴുപത്തിരണ്ട് കൂട്ടമായി ഭിന്നിക്കുമെന്ന് പറയുന്നതിനുപകരം, തന്റെ ജനം എഴുപത്തിമൂന്ന് കക്ഷിയായിത്തിരിയുമെന്നും അവരിൽ ഒരു കൂട്ടർ മാത്രമേ രക്ഷയ്ക്കർഹരായ യഥാർത്ഥ ഇസ്‌ലാമിക സംഘമായിരിക്കുകയുള്ളൂവെന്നും പറഞ്ഞുകൊണ്ട് നബിതിരുമേനി(സ) മനസ്സിലാക്കിത്തന്നിരിക്കുന്നത്, ഇസ്‌ലാം ജീവനുള്ള മതമായിരിക്കയാൽ, അതിന് അധഃപതനം പറ്റുന്ന അന്ത്യകാലത്ത് അതിന്റെ പുനരുദ്ധാരണാർത്ഥം ഒരു മഹാത്മാവിനെ അല്ലാഹു നിയോഗിക്കുമെന്നും അദ്ദേഹം മുഖേന ഇസ്‌ലാമിന് സേവനം ചെയ്യുന്ന ഒരുകൂട്ടരുണ്ടായി വരുമെന്നും അവരാണ് യഥാർത്ഥ ഇസ്‌ലാമിക സംഘമായിരിക്കുകയെന്നുമാകുന്നു. ഈ വസ്തുതയും നബിതിരുമേനിയുടെ മറ്റു വചനങ്ങളിൽനിന്ന് വ്യക്തമായ നിലയിലും വിശുദ്ധഖുർആനിൽ നിന്ന് സൂചകമായ തരത്തിലും ഗ്രാഹ്യമാകുന്നതാണ്. ഇസ്രായീല്യർ എഴുപത്തിരണ്ട് കക്ഷിയായി പിരിയുകയും നബിതിരുമേനിയുടെ ആവിർഭാവത്തോടുകൂടി അവരുടെ മതം ദുർബലപ്പെട്ടുപോവുകയും അങ്ങനെ അതിന്ന് ഒരു പുനരുജ്ജീവനം ആവശ്യമില്ലാതായിത്തീരുകയും ചെയ്തു. എന്നാൽ, ഇസ്‌ലാം എന്നേയ്ക്കും നിലനിൽക്കേണ്ടുന്ന ഒരു സജീവമതമായിരിക്കയാൽ, തദനുയായികൾ ആ ധർമ്മത്തിൽനിന്ന് വ്യതിചലിച്ച് വിവിധ കക്ഷികളായി പിരിയുമ്പോൾ, ആ മതത്തിന്റെ ഉദ്ധാരണത്തിന്നായിട്ട് ഒരു മഹാത്മാവിന്റെ നിയോഗം ഉണ്ടായിരിക്കേണ്ടത് തന്നെയാണ്. അല്ലാത്തപക്ഷം നിർജ്ജീവമായിപ്പോയിരിക്കുന്ന ഇതരമതങ്ങളെപ്പോലെ ഇസ്‌ലാമും ചൈതന്യരഹിതമായ ഒരു മതമാണെന്ന് വരുന്നതാണ്. അതുകൊണ്ടുതന്നെയാണ് ഇസ്രായീല്യർ എഴുപത്തിരണ്ട് കക്ഷിയായിത്തീർന്നിരുന്നപോലെ മുസ്‌ലിംകളും അത്രതന്നെ കക്ഷികളായിത്തിരിയുമെന്ന് മാത്രം പറയുന്നതിന് പകരം അവർ എഴുപത്തിമൂന്ന് കക്ഷിയായി പിരിയുമെന്നും അവരിൽ ഒരുകൂട്ടർ മോക്ഷത്തിന്നർഹരായിരിക്കുമെന്നും നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നത്. അതായത്, ഇസ്രായീല്യർ എഴുപത്തിരണ്ട് കക്ഷിയായിത്തീർന്നിരുന്നതുപോലെ മുസ്‌ലിംകളും എഴുപത്തിരണ്ട് കക്ഷിയായി പിരിയുകയും അവർ ഇസ്‌ലാമിൽനിന്ന് വളരെ അകന്നുപോകുകയും ചെയ്യുമെങ്കിലും അക്കാലത്ത് അല്ലാഹു ഒരു മഹാത്മാവിനെ നിയോഗിക്കുകയും അദ്ദേഹം മുഖേന അവരിൽ എഴുപത്തിമൂന്നാമത്തെ ഒരു കൂട്ടരുണ്ടായിവരികയും അക്കൂട്ടർ മോക്ഷപ്രാപ്തിക്കർഹമായ ഒരു പ്രത്യേക സംഘമായിരിക്കുകയും ചെയ്യുമെന്നാണ് പ്രസ്തുത പ്രവചനത്തിന്റെ സാധ്യം. അവസാനകാലത്ത്, മഹ്ദീമസീഹ് നിയുക്തനാകുമെന്ന് നബിതിരുമേനി(സ) അരുളിച്ചെയ്തിരിക്കുന്നത് ഇതിനെക്കുറിച്ചുതന്നെയാണ്. ഇമാമും മഹ്ദിയുമായ മസീഹ് മുസ്‌ലിംകളിൽ അവതരിക്കുമെന്നും താൻ ആദ്യത്തിലും മസീഹ് അവസാനത്തിലുമുള്ള ഒരു സമുദായം നശിക്കുകയില്ലെന്നും, ഈ സമുദായത്തിൽ ശ്രേഷ്ഠമായത് താൻ ജീവനോടുകൂടെയുള്ള അതിന്റെ ആദ്യഘട്ടവും മസീഹ് ഉണ്ടായിരിക്കുന്ന അതിന്റെ അവസാനഘട്ടവുമാണെന്നും തന്റെ സമുദായത്തിന്റെ നില, അതിന്റെ ആദ്യഭാഗമോ, അവസാനഭാഗമോ ശ്രേഷ്ഠമെന്ന് പറയാവതല്ലാത്ത മഴയുടേതുപോലെയാണെന്നും മറ്റും അരുൾ ചെയ്തുകൊണ്ട് നബിതിരുമേനി(സ) മസീഹി ന്റെ അവതാരത്തിന്റെ ആവശ്യകതയും അതിന്റെ മാഹാത്മ്യവും മനസ്സിലാക്കിത്തന്നിരിക്കുന്നു. ഇതിൽനിന്ന് മസീഹിന്റെ വരവ് ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനാണെന്നും അദ്ദേഹത്തിന്റെ കൈയിൽ ഒരുമിച്ചുകൂടുന്നവർ ആദിമ മുസ്‌ലിംകളെപ്പോലെ ഒരു സംഘമായിരിക്കുമെന്നും മനസ്സിലാകുന്നുണ്ട്. നബിതിരുമേനിയുടെ പൂർണ്ണപ്രതിബിംബമായി അവതരിക്കുന്ന അദ്ദേഹത്തെ നിഷേധിക്കുന്നവർ മോക്ഷത്തിന്നർഹമായ യഥാർത്ഥ ഇസ്‌ലാമിക കക്ഷി ആയിരിക്കാവതല്ല.



ചുരുക്കത്തിൽ, അവസാനകാലത്ത് മുസ്‌ലിംകൾ പരിപൂർണ്ണമായ നിലയിൽ യഹൂദി നസാറാക്കളെ അനുകരിക്കുകയും വിശുദ്ധഖുർആനെ കൈവെടിയുകയും വിവിധ കക്ഷികളായി പിരിഞ്ഞു പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൈക്കൊള്ളുകയും ചെയ്യുമെന്ന് നബിതിരുമേനി(സ) ഒരു ഭാഗത്ത് പ്രവചിച്ചിരിക്കുമ്പോൾ മറുഭാഗത്ത് മുസ്‌ലിംകൾക്ക് ഇമാമും അവരുടെ ഇടയിലുള്ള മതപരമായ ഭിന്നതകൾക്ക് തീരുമാനമുണ്ടാക്കുന്ന വിധികർത്താവുമായ മസീഹ് അവതരിക്കുമെന്നും നബിതിരുമേനി(സ) ഇസ്‌ലാമിന്റെ ആദിമദശയിൽ ഉണ്ടായിരുന്നപോലെയായിരിക്കും ആ മസീഹ് അവസാനകാലത്തെ ജനത്തിന്നിടയിൽ സ്ഥിതിചെയ്യുക എന്നും അദ്ദേഹത്തിന്റെ അനുചരസംഘം ആദിമമുസ്‌ലിംകൾക്ക് സദൃശരായിരിക്കുമെന്നും തിരുമേനി അരുൾ ചെയ്തിരിക്കുന്നു.

ഇങ്ങനെ, അന്ത്യകാലത്ത് മുസ്‌ലിംകൾക്കുണ്ടാകുന്ന ഭയങ്കരമായ അധഃപതനത്തേയും പിന്നെ അതിൽനിന്ന് മോചനം നേടാനുള്ള ഒരേയൊരു മാർഗ്ഗമായ മസീഹിന്റെ അവതാരത്തെയും സംബന്ധിക്കുന്ന വ്യത്യസ്തങ്ങളായ രണ്ട് സംഗതികളെക്കുറിച്ചുള്ള പ്രവചനങ്ങളുടെ കൂട്ടത്തിലാണ് മുസ്‌ലിംകൾ എഴുപത്തിമൂന്ന് കക്ഷിയായി പിരിയുമെന്നും അവരിൽ ഒരു കൂട്ടരൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കുമെന്നും തിരുമേനി പറഞ്ഞിരിക്കുന്നത്. ഇതിൽനിന്ന്, ആ ഒരു പ്രത്യേക കക്ഷി ദൈവനിയുക്തനായ ആ മഹാത്മാവോടുകൂടിയ ജമാഅത്ത് മാത്രമാണെന്ന് മനസ്സിലാകുന്നു. അങ്ങനെ ഈ പ്രവചനം അവസാനകാലത്തെ സംബന്ധിക്കുന്നതും ഒരു ദൈവികവാദി മുഖേന പൂർത്തിയാകുന്നതുമാണെന്ന് വരുമ്പോൾ എഴുപത്തിമൂന്ന് കക്ഷിയിൽ മോക്ഷത്തിന്നർഹരായ ആ ഭാഗ്യസംഘം ഏതാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ലതന്നെ.

## ഏതാണ് ആ കക്ഷി?

ഈ വിധത്തിൽ രക്ഷക്കർഹരായ ആ പ്രത്യേക കക്ഷിയെ തിരിച്ചറിയാൻ കഴിയുമാറാകുന്നതിനു പുറമെ, പ്രസ്തുത പ്രവചനത്തിൽനിന്നും ഖുർആനിലും ഹദീസിലും പറയപ്പെട്ടിരിക്കുന്ന മറ്റു സംഗതികളിൽനിന്നും ആ കക്ഷി ഏതാണെന്ന് മനസ്സിലാക്കാവുന്നതാണ്. മുസ്‌ലിംകളിലുള്ള എല്ലാ ഓരോ കക്ഷിയും മോക്ഷപ്രാപ്തിക്കർഹരായ യഥാർത്ഥ ഇസ്‌ലാമിക സംഘം തങ്ങളാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും, ആ കക്ഷിക്ക് പ്രത്യേകമുണ്ടായിരിക്കേണ്ട ലക്ഷണങ്ങൾ തങ്ങൾക്കുണ്ടെന്ന് തെളിയിക്കുന്നതുവരെ അവരുടെ ആ അവകാശവാദം സാധുവാകുന്നതല്ലല്ലോ. എഴുപത്തിമൂന്ന് കക്ഷിയിൽ ഒന്നുമാത്രമെ രക്ഷക്കവകാശപ്പെട്ട കൂട്ടരായിരിക്കയുള്ളുവെന്ന് വരുമ്പോൾ മറ്റു കക്ഷികളിലൊന്നിനും ഇല്ലാത്ത ചില പ്രത്യേകതകൾ ആ ഒരു കൂട്ടർക്കുണ്ടായിരിക്കേണ്ടതും ആ ഒരു കക്ഷി ഏതാണെന്ന് അന്വേഷിക്കുന്നവർക്ക് ആ പ്രത്യേകതകൾ പ്രത്യക്ഷത്തിൽ കാണ്മാൻ സാധിക്കേണ്ടതുമാണ്. അല്ലെങ്കിൽപ്പിന്നെ ആ പ്രത്യേക കക്ഷിയെ മറ്റ് എഴുപത്തിരണ്ട് വകുപ്പുകളിൽനിന്ന് വേർതിരിക്കുവാൻ കഴിയാതെ വരുമല്ലോ. അല്ലാഹുവും റസൂലും പറഞ്ഞതുപോലെ വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യുന്നവരാണ് മോക്ഷാർഹരായ ആ ഒരുകൂട്ടർ എന്ന് പറയുകയാണെങ്കിൽ എല്ലാ ഓരോ കക്ഷിയും അവകാശപ്പെടുന്നത് അതുതന്നെയാണ്. മുസ്‌ലിംകളെന്ന് വാദിക്കുന്ന ഏതെങ്കിലുമൊരു കൂട്ടർ തങ്ങൾ അല്ലാഹുവും റസൂലും കല്പിച്ചതനുസരിച്ച് വിശ്വസിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാത്തവരാണെന്ന് ഒരിക്കലും പറയുകയില്ല. ശിയാക്കളുടെ കഥ ഒരു ഭാഗത്തിരിക്കട്ടെ. സുന്നികളിൽത്തന്നെ യാഥാസ്ഥിതിക കക്ഷി ഉൽപതിഷ്ണുക്കളെ ബിദ്അത്തികളെന്നും കാഫിറുകളെന്നും പറഞ്ഞുകൊണ്ട്, അവർ അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനക്കൊത്ത് നടക്കാത്തവരാണെന്ന് ആക്ഷേപിച്ചുവരുന്നു. ഉൽപതിഷ്ണുക്കളാകട്ടെ യാഥാസ്ഥിതികരേയും അങ്ങനെതന്നെ മുശ്‌രിക്കുകളെന്നും അന്ധവിശ്വാസികളെന്നും മറ്റും കുറ്റം വിധിക്കുന്നു. മുഖല്ലിദുകൾ ഗയ്റുമുഖല്ലിദുകളേയും ഗയ്റുമുഖല്ലിദുകൾ മുഖല്ലിദുകളേയും ഇതേപ്രകാരംതന്നെ പഴിക്കുന്നു. ഇങ്ങനെ ഇക്കാലത്ത് ഈ ഓരോ കക്ഷിയും അല്ലാഹുവും റസൂലും കല്പിച്ചതുപോലെ നടക്കുന്നവർ തങ്ങളാണെന്ന് സ്വയം അവകാശപ്പെടുകയും അതേസമയത്ത് ഓരോ കൂട്ടരും തങ്ങളുൾപ്പെടെയുള്ള എല്ലാ മുസ്‌ലിംവിഭാഗങ്ങളും ഇസ്‌ലാമിൽനിന്ന് വ്യതിചലിച്ച് ദുഷിച്ച് യഹൂദിനസാറാക്കളെപ്പോലെയായി ഭവിച്ചിരിക്കുന്നു എന്ന് സമ്മതിക്കുകയും ചെയ്യുന്നു. അതുകൊണ്ട് പ്രവചിക്കപ്പെട്ടപ്രകാരം മോക്ഷാർഹരായ ആ പ്രത്യേക കക്ഷി അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകൾക്കൊത്ത് നടക്കേണ്ടത് അവർക്ക് ഒഴിച്ചുകൂടാത്തതാണെങ്കിലും അങ്ങനെ തങ്ങൾ നടക്കുന്നുവെന്ന വാദംമാത്രം ആ കക്ഷിയെ തിരിച്ചറിയുന്നതിനുള്ള ഒരു പ്രത്യേക ലക്ഷണമായിരിക്കുകയില്ല. പല കക്ഷികളും ഇങ്ങനെ വാദിക്കുന്ന സ്ഥിതിക്ക്, ആ ഒരു പ്രത്യേക കക്ഷിയെ തിരിച്ചറിയാൻ ആ വാദത്തിന് പുറമെ, അവർക്ക് വിശേഷ വിധിയായി ചില ലക്ഷണങ്ങളുണ്ടായിരിക്കേണ്ടതാവശ്യമാണ്. അതുകൊണ്ട് ആ പ്രത്യേക കക്ഷി ഏതാണെന്ന് മനസ്സിലാക്കേണ്ടതിന് അവർക്കുള്ളതായി പറയപ്പെട്ടിരിക്കുന്ന ലക്ഷണങ്ങളെന്തൊക്കെയാണെന്നും അവ ഏതു കൂട്ടരിലാണ് പൂർത്തിയായിരിക്കുന്നതെന്നും നാമൊന്നു ചിന്തിച്ചുനോക്കേണ്ടതു തന്നെയാണ്. നബിതിരുമേനിയുടെ പ്രസ്തുത പ്രവചനത്തിൽനിന്നും ഖുർആനിൽനിന്നും വ്യക്തമാകുന്ന ആ ലക്ഷണങ്ങളെക്കുറിച്ച് ഇവിടെ സവിസ്തരം പ്രസ്താവിക്കുന്നതാണ്.

## മോക്ഷപ്രാപ്തിക്കുള്ള ലക്ഷണങ്ങൾ

മോക്ഷപ്രാപ്തിക്കർഹരായ ആ ഒരു പ്രത്യേക കൂട്ടർ ഏതാണെന്ന് നബിതിരുമേനിയോട് ശിഷ്യർ ചോദിച്ചതിന് തിരുമേനി അരുൾചെയ്ത മറുപടി ***മാ അന അലയ്ഹി വ അസ്ഹാബീ*** "ഞാനും എന്റെ സഹാബിമാരും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവർ" എന്നാണ്. ''എന്റെ ഉപദേശമനുസരിച്ച് നടക്കുന്നവർ" എന്നു പറയുന്നതിന് പകരമായി ഇങ്ങനെ പറഞ്ഞിരിക്കുന്നത് തിരുമേനിക്കും ശിഷ്യഗണത്തിനും ഉണ്ടായിരുന്ന ആ പ്രത്യേകതയോടുകൂടി സ്ഥിതിചെയ്യുന്ന ഒരു കക്ഷി ഉണ്ടായിവരികയും അപ്പോൾ ആ കക്ഷി മാത്രം മോക്ഷാർഹരായിരിക്കുകയും ചെയ്യുന്നതുകൊണ്ടുതന്നെയാണ്. നബിതിരുമേനിക്കും ശിഷ്യഗണത്തിനും ഉണ്ടായിരുന്ന ആ പ്രത്യേകത എന്താണെന്ന് നമുക്ക് നോക്കാം. തിരുമേനി ദൈവത്താൽ നിയോഗിക്കപ്പെട്ട തിരുദൂതരും, ശിഷ്യഗണം ആ മഹാത്മാവിന്റെ കല്പനകൾ അനുസരിക്കേണ്ടത് തങ്ങളുടെ പ്രഥമ ബാദ്ധ്യതയാണെന്ന് ദൃഢമായി വിശ്വസിക്കുകയും ആ വിശ്വാസത്തെ പ്രവൃത്തിരൂപേണ സാക്ഷാൽക്കരിക്കുകയും ചെയ്ത ഒരു കൂട്ടരുമായിരുന്നു. ഇങ്ങനെ അല്ലാഹു നിയോഗിച്ച ഒരു ദൂതനും അദ്ദേഹത്തിൽ വിശ്വസിക്കുന്ന ഒരു സംഘവും അന്ന് വേറെ ഉണ്ടായിരുന്നില്ല. നബിതിരുമേനിയും ശിഷ്യഗണവും സ്ഥിതിചെയ്തിരുന്ന ആ പ്രത്യേകാവസ്ഥ ഇതുതന്നെയാണ്. മുസ്ലിംകൾ പല പല കക്ഷികളായി പിരിഞ്ഞുപോയതിനുശേഷം വീണ്ടും ഇങ്ങനെയുള്ള ഒരവസ്ഥ അവർക്ക് തിരിച്ചുവരുമെന്നും അക്കാലത്ത് ഈ അവസ്ഥയോടുകൂടി സ്ഥിതിചെയ്യുന്ന കൂട്ടരേതോ അവർ മാത്രമായിരിക്കും മോക്ഷത്തിന്നർഹരായ യഥാർത്ഥ ഇസ്ലാമികസംഘം എന്നുമാണ് നബിതിരുമേനി(സ) പ്രസ്തുത പ്രവചനംകൊണ്ട് മനസ്സിലാക്കിത്തരുന്നത്. മുസ്ലിംകൾ വിവിധ കക്ഷികളായിത്തിരിയുകയും, ഓരോ കൂട്ടരും തങ്ങൾ മാത്രമാണ് യഥാർത്ഥ മുസ്ലിംകൾ എന്ന് വാദിക്കുകയും ചെയ്യുന്ന കാലത്ത്, അവരിൽ ഒരു കക്ഷിയെ പ്രത്യേകനിലയിൽ തിരിച്ചറിയുന്നതിന്ന് പറഞ്ഞുതരുന്ന സംഗതി തീർച്ചയായും ഒരു പ്രത്യേക ലക്ഷണം ആയിരിക്കേണ്ടതാണ്.

''ഞാനും എന്റെ സഹാബിമാരും ഉള്ളനിലയിൽ സ്ഥിതിചെയ്യുന്നവർ" എന്ന് നബിതിരുമേനി(സ) ആ ഒരു പ്രത്യേക കക്ഷിക്ക്



ലക്ഷണം പറഞ്ഞിരിക്കുമ്പോൾ തിരുമേനിയുടെ പ്രതിപുരുഷനായ ഒരു മഹാത്മാവും തിരുമേനിയുടെ ശിഷ്യഗണത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന ഒരു സംഘവും ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണ്. എന്നാൽ, മാത്രമേ പ്രസ്തുത പ്രവചനം അർത്ഥവത്താകുകയുള്ളൂ. ഇതിലേക്ക് ദൈവനിയുക്തനായ ഒരു മഹാപുരുഷൻ ആവിർഭവിക്കുകയും അദ്ദേഹത്തിന്റെ കൈയാൽ ഒരു ദിവ്യസംഘം സ്ഥാപിതമാകുകയും ചെയ്യേണ്ടത് അത്യാവശ്യമാണല്ലോ. നബിതിരുമേനിയുടെ മറ്റു പ്രവചനങ്ങളും ഈ വസ്തുതയെ സ്പഷ്ടമാക്കിത്തരുന്നുണ്ട്. അവസാനകാലത്ത് മുസ്ലിംകൾ അത്യന്തം ശോചനീയമായ നിലയിൽ ദുഷിച്ചുപോകുമെന്ന് പറഞ്ഞ നബിതിരുമേനി(സ) തന്നെ ഇങ്ങനെയും പറഞ്ഞിരിക്കുന്നു.



"ഈ സമുദായത്തിൽ ശ്രേഷ്ഠമായത് അതിന്റെ ആദ്യഘട്ടവും അവസാനഘട്ടവുമാകുന്നു. ആദ്യത്തേതിൽ അല്ലാഹുവിന്റെ റസൂലും അവസാനത്തേതിൽ ഈസബ്നുമർയമും ആണ്." (കൻസുൽഉമ്മാൽ)



ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "എന്റെ സമുദായത്തിന്റെ നില മഴയുടേതുപോലെയാകുന്നു. അതിന്റെ ആദ്യഭാഗമോ നല്ലത് അതല്ല അന്ത്യഭാഗമോ എന്നത് പറയാവതല്ല."(തിർമിദി)



"ഞാൻ ആദ്യത്തിലും മസീഹ് അവസാനത്തിലുമുള്ള ഒരു സമുദായം നശിക്കുന്നതെങ്ങനെ" (ഇബ്നുമാജഃ). ഈ നബിവചനങ്ങളിൽനിന്ന് മനസ്സിലാകുന്നത്, അവസാനകാലത്ത് അല്ലാഹു ഒരു മസീഹിനെ നിയോഗിക്കുമെന്നും, തന്മൂലം ഇസ്ലാമിന്റെ അന്ത്യഘട്ടം ആദ്യഘട്ടംപോലെ ശോഭനമായി ഭവിക്കുമെന്നും, അദ്ദേഹവും തൽസംഘവും നബിതിരുമേനിയോടുകൂടിയ ശിഷ്യഗണത്തോട്

സാദൃശ്യമുള്ളവരായിരിക്കുമെന്നുമാണ്. അപ്പോൾ മുസ്‌ലിംകൾ വിവിധ കക്ഷികളായി പിരിഞ്ഞ് ദുഷിച്ചുപോകുന്ന അന്ത്യകാലത്ത്, 'നബിതിരുമേനിയും സഹാബിമാരും ഉള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ' എന്ന വിശേഷണത്തിന് പാത്രമായവർ ആ മസീഹിന്റെ ശിഷ്യഗണം മാത്രമായിരിക്കാനേ നിവൃത്തിയുള്ളൂ. വിശുദ്ധഖുർആനിൽ ഒരിടത്ത് നബിതിരുമേനിയെക്കുറിച്ച് 'അവൻ അറബികളിൽ നിന്ന് ഒരു റസൂലിനെ നിയോഗിച്ചിരിക്കുന്നു' എന്ന് പറഞ്ഞതിനെ തുടർന്ന് 'അവരോട് ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും'(62:4) എന്ന് പറഞ്ഞുകൊണ്ട് നബിതിരുമേനിയുടെ ആവിർഭാവം മറ്റൊരു കൂട്ടരിലും ഉണ്ടാകുമെന്ന് സൂചിപ്പിച്ചിരിക്കുന്നു. അവർ ആരാണെന്ന് നബിതിരുമേനിയോട് സ്വശിഷ്യർ ചോദിച്ചപ്പോൾ, സൽമാനുൽ ഫാരിസി എന്ന ശിഷ്യനെ തൊട്ടുകൊണ്ട് തിരുമേനി ഇങ്ങനെ അരുൾചെയ്തിരിക്കുന്നു: "സത്യവിശ്വാസം 'സുറയ്യ' നക്ഷത്രത്തിലേക്കുയർന്നുപോകുന്ന കാലത്ത് ഇവരിൽനിന്നുള്ള ആൾ അതിനെ വീണ്ടും കൊണ്ടുവരും." മേലുദ്ധരിച്ച ഖുർആൻ വാക്യത്തിൽനിന്നും അതിന് തിരുമേനി(സ) പറഞ്ഞ ഈ വ്യാഖ്യാനത്തിൽനിന്നും മനസ്സിലാകുന്നത്, സത്യവിശ്വാസം മുസ്‌ലിംകളിൽനിന്ന് മറഞ്ഞുപോകുന്ന അവസാനകാലത്ത് അതിന്റെ പുനരുദ്ധാരണാർത്ഥം പേർഷ്യൻ വംശജനായ ഒരു മഹാത്മാവിനെ അല്ലാഹു നിയോഗിക്കുമെന്നും അദ്ദേഹത്തിന്റെ ആവിർഭാവം നബിതിരുമേനിയുടെ പുനരാഗമനത്തിനും അദ്ദേഹത്തിന്റെ ശിഷ്യഗണം നബിതിരുമേനിയുടെ ശിഷ്യഗണത്തിനും സദൃശ്യമായിരിക്കുമെന്നുമാണ്. മറ്റൊരു ഹദീസിൽ തിരുമേനി(സ) തന്റെ ശിഷ്യരെ വരുന്ന മസീഹിന്റെ ശിഷ്യരോട് സാദൃശ്യപ്പെടുത്തി പറഞ്ഞിട്ടുമുണ്ട്. അതായത്:



''ഈ ഉമ്മത്തിൽനിന്ന് പല കൂട്ടരും മസീഹിനെ കണ്ടെത്തും; അവർ നിങ്ങളെപ്പോലുള്ളവരോ നിങ്ങളിലും ഉത്തമരോ ആയിരിക്കും.' (നവാദിറുൽഉസൂൽ) ഇങ്ങനെ തന്റെ പ്രതിപുരുഷനായിവരുന്ന പേർഷ്യൻ വംശജന്റെ ശിഷ്യർ തന്റെ ശിഷ്യരെപ്പോലുള്ളവരായിരിക്കുമെന്ന് പറഞ്ഞിട്ടുള്ള നബിതിരുമേനി(സ) തന്നെ വരുന്ന മസീഹിന്റെ ശിഷ്യസംഘം തന്റെ ശിഷ്യഗണത്തോട് സാദൃശ്യമുള്ളവരാണെന്നും പറഞ്ഞുകൊണ്ട് അന്ത്യകാലത്ത് ആഗതനാകുന്ന



മസീഹും പേർഷ്യൻ വംശജനായ ആ മഹാത്മാവും ഒരാൾ തന്നെയാണെന്ന് മനസ്സിലാക്കിത്തന്നിരിക്കുന്നു. അങ്ങനെ തിരുമേനിയുടെ പ്രതിപുരുഷനായ ഒരു മഹാത്മാവ് ദൈവനിയുക്തനാകുകയും അദ്ദേഹത്തിന് ഒരു ശിഷ്യസംഘം ഉണ്ടായിവരികയും ചെയ്യുമെന്ന് പ്രസ്തുത ഹദീസുകളിൽനിന്ന് മനസ്സിലാകുന്നതുതന്നെയാണ് 'മോക്ഷത്തിന്നർഹരായ കൂട്ടർ, ഞാനും എന്റെ സഹാബിമാരും ഉള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ' എന്ന വചനം കൊണ്ടും നബിതിരുമേനി(സ) മനസ്സിലാക്കിത്തരുന്നത്. ആ ഒരു കൂട്ടർ അഹ്മദിയ്യാ ജമാഅത്തല്ലാതെ മറ്റൊരു കൂട്ടരായിരിക്കാവതല്ല. ഈ ജമാഅത്തിന്റെ ജനയിതാവായ ഹദ്റത്ത് അഹ്മദ്(അ) ഫാരിസ് വംശക്കാരനും നബിതിരുമേനിയുടെ പ്രവചനമനുസരിച്ച് ദൈവത്താൽ നിയുക്തനായ മസീഹും തിരുമേനിയുടെ യഥാർത്ഥ പ്രതിപുരുഷനും തന്നെയാണ്. അങ്ങനെ, 'ഞാനും എന്റെ സഹചരരും ഉള്ളനിലയിൽ സ്ഥിതി ചെയ്യുന്നവർ' എന്ന് തിരുമേനി പറഞ്ഞ വിശേഷണം വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിന്റെ ശിഷ്യസംഘത്തിനു മാത്രമേ പൂർത്തിയായി കാണുന്നുള്ളൂ.

## അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് മറ്റുള്ളവർ

ഇനി 'ഞാനും എന്റെ സഹാബിമാരും ഉള്ളനിലയിൽ സ്ഥിതി ചെയ്യുന്നവർ' എന്ന് നബിതിരുമേനി അരുൾ ചെയ്തതിന്റെ വിവക്ഷിതം ആ പരിശുദ്ധാത്മാവിന്റെ അദ്ധ്യാപനവും മാതൃകയുമനുസരിച്ച് ജീവിക്കുന്നവർ എന്നാണെങ്കിൽ ഈ ലക്ഷണവും ഇതരകക്ഷികളെ അപേക്ഷിച്ച് അഹ്മദിയ്യാ ജമാഅത്തിലാണ് സവിശേഷമായി കാണുന്നത്. മറ്റു കക്ഷികളിൽ കാണപ്പെടുന്ന അന്ധവിശ്വാസവും അനിസ്‌ലാമികമായ ആചാരങ്ങളും ഈ ജമാഅത്തിൽ കാണപ്പെടുന്നതല്ല. ഇസ്‌ലാമികാദ്ധ്യാപനമനുസരിച്ചുള്ള ജീവിതവും സ്വഭാവസംസ്ക്കരണവും നമസ്കാരം, നോമ്പ് ആദിയായ കർമ്മങ്ങൾ മുറപ്രകാരം അനുഷ്ഠിക്കുന്നതിലുള്ള ശുഷ്കാന്തിയും ഇതരകക്ഷികളെ അപേക്ഷിച്ചു അഹ്മദിയ്യാ ജമാഅത്തിലാണ് കാണപ്പെടുക എന്നത് ഒരു പരമാർത്ഥം മാത്രമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഈ പ്രത്യേകതയെ ഇതരകക്ഷികളിൽപ്പെട്ട പണ്ഡിതന്മാർതന്നെ ഏറ്റുപറഞ്ഞിട്ടുണ്ട്. ഒരു സുപ്രസിദ്ധ പത്രപ്രവർത്തകനായ **മുഹമ്മദ് അസ്‌ലം സാഹിബ്** 'ബദർ' എന്ന പത്രത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: 'ഈ സംഘത്തിലെ ആളുകൾ മറ്റു

മുസ്‌ലിംകളെ അപേക്ഷിച്ച് ഭക്തിവിശ്വാസങ്ങളിലും ത്യാഗസന്ന ദ്ധതയിലും ഒട്ടേറെ ഉന്നതി പ്രാപിച്ചവരാണ്. ഇസ്‌ലാംമതത്തിന്റെ നേർക്കുള്ള ഇവരുടെ സ്നേഹം നിർവ്യാജവും ആത്മാർത്ഥവുമാ യിട്ടുള്ളതത്രേ. ഞാൻ ഖാദിയാനിൽ എല്ലാവരേയും ഏകദൈവ വിശ്വാസലഹരിയിൽ ആനന്ദം കൊള്ളുന്നവരായിട്ടാണ് കണ്ടത്. വിശുദ്ധഖുർആനെ സംബന്ധിച്ച് ഈ ജമാഅത്തിനുള്ളതായി ഞാൻ ഖാദിയാനിൽ കണ്ട ആത്മാർത്ഥമായ പ്രേമം മറ്റെവിടെയും കാണു കയുണ്ടായിട്ടില്ല' (ബദ്ർ, 13-3-1913). മഹാകവി **ഡാക്ടർ സർ മുഹ മ്മദ് ഇഖ്ബാൽ** 1910-ൽ അലീഗറിൽവെച്ച് ചെയ്ത ഒരു പ്രസംഗ ത്തിൽ അഹ്മദികളുടെ ഇസ്‌ലാമികജീവിതത്തെപ്പറ്റി പറഞ്ഞത് ഇങ്ങനെയാണ്. "പഞ്ചാബിൽ ഇസ്‌ലാമികജീവിതരീതിയുടെ ശരി യായ മാതൃക ഖാദിയാനികക്ഷി എന്ന് പറയപ്പെടുന്ന ആ ജമാഅ ത്തിന്റെ രൂപത്തിലാണ് പ്രത്യക്ഷമായിരിക്കുന്നത്." (മില്ലത്തെ ബൈളാ പർ ഏക് ഇംറാനി നസ്ർ, ഭാ. 18)

മോക്ഷപ്രാപ്തിക്കർഹരായ ആ പ്രത്യേക കക്ഷിയുടെ ലക്ഷ ണമായി നബിതിരുമേനി(സ) പറഞ്ഞിരിക്കുന്ന മറ്റൊരു സംഗതി

ثنتان و سبعون في النار و واحدة في الجنة وهي الجماعة

''എഴുപത്തിരണ്ട് കൂട്ടരും നരകത്തിലും ഒന്നുമാത്രം സ്വർഗ്ഗ ത്തിലുമായിരിക്കും. ആ ഒന്ന് അൽജമാഅത്തായിരിക്കും" എന്നാ കുന്നു. ഇവിടെ, 'അൽജമാഅത്ത്' എന്ന് പറഞ്ഞിരിക്കുന്നത് ഒരേ അഭിപ്രായക്കാരായ കുറേ ആളുകളുടെ ഒരു സമൂഹത്തെ ഉദ്ദേശി ച്ചായിരിക്കാൻ തരമില്ല. എന്തെന്നാൽ, ആ അർത്ഥത്തിൽ ഏതെ ങ്കിലുമൊരു കക്ഷി മാത്രമല്ല, എല്ലാ ഓരോ കക്ഷിയും ഓരോ ജമാഅത്തായിരിക്കുന്നതാണ്. അതുകൊണ്ട് ഇവിടെ അൽജമാ അത്ത് എന്ന് പറഞ്ഞിരിക്കുന്നത്, നബിതിരുമേനിയുടെ ശിഷ്യഗണം ഏതൊരർത്ഥത്തിൽ 'അൽജമാഅത്ത്' എന്ന പേരിന് പാത്രമായോ അതേ അർത്ഥത്തെ പുലർത്തുന്ന ഒരു സംഘത്തെ സംബന്ധിച്ചാ ണെന്ന് മനസ്സിലാകുന്നു. യഥാർത്ഥമായ അൽജമാഅത്ത് ഒരേ ചര ടിൽക്കോർത്ത മണികൾപോലെ ഒരേ നേതാവിന്റെ കീഴിൽ അദ്ദേ ഹത്തിന്റെ കല്പനയ്ക്കൊത്തു പ്രവർത്തിക്കുന്ന ഒരു സംഘം മാത്ര മാണ്. നബിതിരുമേനിയുടെ ശിഷ്യഗണം ഈ അർത്ഥത്തിലാണ് ഒരു ജമാഅത്തായിട്ടിരുന്നത്. 'ഞാനും എന്റെ സഹചരരും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവർ' എന്നും 'അത് ഒരു അൽജമാഅ



ത്തായിരിക്കുന്നതാണ്' എന്നും തിരുമേനി(സ) പറഞ്ഞത് ഒരേ അർത്ഥത്തിൽ തന്നെയാണ്. അൽജമാഅത്ത് എന്നതിന്റെ താൽപര്യം ഇപ്പറഞ്ഞതു തന്നെയാണെന്നു മനസ്സിലാക്കിത്തരുന്ന ഒരുദാഹരണം ഇവിടെ പറഞ്ഞുകൊള്ളാം. നബിതിരുമേനിയുടെ നിര്യാണത്തിനുശേഷം, സംസ്കാരക്രിയക്ക് ഏർപ്പാടു ചെയ്യുന്ന തിന് മുമ്പേ സഹാബിമാർ തിരുമേനിയുടെ പ്രതിപുരുഷനായി തങ്ങൾക്ക് ഒരു നേതാവിനെ തിരഞ്ഞെടുക്കേണ്ടതിനു യോഗം കൂടുകയും അവർ ഹദ്റത്ത് അബൂബക്കറിനെ തിരുമേനിയുടെ ഖലീ ഫയായി തിരഞ്ഞെടുത്തു അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്കയുമാണ് ആദ്യമായി ചെയ്തത്. അവർ തിരുമേനിയുടെ പുണ്യശരീരം സംസ്കരിക്കാനുദ്യമിക്കാതെ ഇങ്ങനെ ഖലീഫയെ തിരഞ്ഞെടുക്കുന്നതിൽ ഏർപ്പെട്ടതിനെക്കുറിച്ച് ശിയാക്കൾ ഇന്നും ആക്ഷേപം പുറപ്പെടുവിക്കുന്നുണ്ട്. യഅ്ഖൂബ് ഇബ്നു ഇബ്റാഹീം മുതലായവരോട് ''അബൂബക്കറിന് ബയ്അത്ത് ചെയ്തത് എപ്പോ ഴാണ്'' എന്ന് ചിലർ ചോദിച്ചതിന് അദ്ദേഹം പറഞ്ഞ മറുപടി ഇതാ യിരുന്നു: ''നബിതിരുമേനി(സ) നിര്യാതനായ അന്നുതന്നെ, സഹാ ബിമാർ ഒരു ദിവസത്തിന്റെ ഏതാനും ഭാഗംപോലും തങ്ങൾ ജമാ അത്തിൽ പെടാത്തനിലയിൽ ഇരിക്കുന്നത് ഇഷ്ടപ്പെട്ടില്ല'' (തബ്‌രീ, ജി. 3 ഭാ. 301). ഈ രിവായത്തിൽനിന്ന്, ജമാഅത്ത് എന്ന ശബ്ദ ത്തിന്റെ യഥാർത്ഥ താൽപര്യമെന്തെന്ന് നല്ലപോലെ വ്യക്തമാകു ന്നുണ്ട്. നബിതിരുമേനിയുടെ നിര്യാണത്തിനുശേഷം ശിഷ്യഗണം ഒരു സമൂഹമായിരുന്നുവെങ്കിലും അനുസരണയോഗ്യനായ ഒരു നേതാവിന്റെ കീഴിൽ ആകാതിരിക്കുന്ന കാലത്തോളം തങ്ങൾ ഒരു ജമാഅത്തായിരിക്കയില്ലെന്നാണ് അവർ മനസ്സിലാക്കിയിരുന്നതെ ന്ന് ഇതിൽനിന്ന് വിശദമാകുന്നു. അപ്പോൾ യഥാർത്ഥമായ ജമാ അത്ത് ഒരു ഇമാമിനോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ആജ്ഞയി ങ്കീഴിൽ ഇരിക്കുന്ന ഒരു സംഘമായിരിക്കേണ്ടതാകുന്നു. എഴുപ ത്തിമൂന്ന് കക്ഷിയിൽ ഒരുകൂട്ടരെ സംബന്ധിച്ചുമാത്രം 'ജമാഅത്ത്' എന്ന് നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നത്, തിരുമേനിയുടെ സാന്നിധ്യത്തോടുകൂടിയ ശിഷ്യഗണത്തെപ്പോലെ ജമാഅത്തായി ട്ടിരിക്കുന്ന കക്ഷി ഒന്നു മാത്രമായിരിക്കുന്നതുകൊണ്ടുതന്നെയാ ണ്.

## നേതാവിനെ അനുസരിക്കണം

ജമാഅത്തുമായി ബന്ധിച്ചും, ഒരു ഇമാമിന്റെ നേതൃത്വത്തിൽ അദ്ദേഹത്തെ അനുസരിച്ചും ജീവിക്കേണ്ട ആവശ്യകതയെക്കുറിച്ച് നബിതിരുമേനി(സ) ശക്തിയേറിയ ഭാഷയിൽ ഉപദേശിച്ചിരിക്കുന്നത് യഥാർത്ഥമായ ഇസ്‌ലാമികജീവിതം അപ്രകാരമായതുകൊണ്ടുതന്നെയാകുന്നു. തിരുമേനി പറഞ്ഞിരിക്കുന്നതിതാണ്: "വല്ലവനും തന്റെ നേതാവിൽനിന്ന് തനിക്ക് അനിഷ്ടമായി എന്തെങ്കിലും കാണുന്നതായാൽ അവൻ ക്ഷമ കൈക്കൊള്ളട്ടെ. എന്തെന്നാൽ, ജമാഅത്തിൽ നിന്ന് ഒരു ചാൺപോലും അകന്നു നിൽക്കുന്ന ഏവരും അവിശ്വാസിയുടെ മരണം വരിക്കുന്നതാണ്" (ബുഖാരി, മുസ്‌ലിം). ഈ നബിവാക്യത്തിൽനിന്നും ഇമാമിനെ അനുസരിക്കേണ്ടത് എത്രയും അത്യാവശ്യമാണെന്നതുപോലെതന്നെ, ജമാഅത്ത് എന്നാൽ എന്തെന്നും നല്ലപോലെ മനസ്സിലാകുന്നുണ്ട്. അതായത്, ഒരു നേതാവിന്റെ കീഴിൽ അദ്ദേഹത്തിന്റെ ചൊൽപ്പടിയ്ക്ക് ജീവിക്കുന്ന ഒരു സംഘത്തിനാണ് ജമാഅത്ത് എന്നു പറയുന്നത്. ഈ വിഷയകമായി നബിതിരുമേനി(സ) അരുളിയിരുന്ന ഉപദേശത്തെക്കുറിച്ച് **മൗലാനാ അബുൽ കലാം ആസാദ്** തന്റെ 'മസ്അലയെ ഖിലാഫത്ത്' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നതിന്റെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. അദ്ദേഹം പറയുകയാണ്: "ഹദ്റത്ത് ഇബ്നു ഉമറിന്റെ ഒരു നിവേദനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

من خلع يدا من طاعة لقي الله يوم القيامة ولا حجة له
ومن مات وليس في عنقه بيعة مات ميتة جاهلية

''യാതൊരുത്തൻ ഖലീഫയോടുള്ള അനുസരണത്തിൽനിന്ന് കൈവലിച്ചു കളയുന്നുവോ, അതായത് അനുസരണക്കേട് കാണിക്കുന്നുവോ, അവൻ ന്യായവിസ്താരനാളിൽ ദൈവസന്നിധിയിൽ ഹാജരാകുന്നത് യാതൊരു രക്ഷാമാർഗ്ഗവും ഇല്ലാത്ത അവസ്ഥയിലായിരിക്കും. ഖലീഫയോടു അനുസരണവും ബന്ധവും കൂടാതെ, ഏതൊരു മുസ്‌ലിം ഐഹികവാസം വെടിയുന്നുവോ അവൻ തീർച്ചയായും അവിശ്വാസത്തിന്റെ മരണം വരിക്കുന്നതാണ്."



من فارق الجماعة شبرا فقد خلع ربقة الإسلام
من عنقه (ترمذي)

'ഏതൊരുവൻ ജമാഅത്തിൽനിന്ന് ഒരു ചാൺ പിരിഞ്ഞു നിൽക്കുന്നുവോ അവൻ ഇസ്‌ലാമിക വൃത്തത്തിൽനിന്നു പുറത്തായവനായിരിക്കും' (തിർമിദി). മറ്റൊരു രിവായത്തിൽ പറയുന്നത് 'യാതൊരുത്തൻ ഖലീഫയോടുള്ള അനുസരണത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നുവോ അവന്റെ സങ്കേതം നരകമായിരിക്കും' എന്നുതന്നെയാണ്' (മസ്അലയെ ഖിലാഫത്ത്, ഭാ. 31, 32). ഈ വചനങ്ങൾ കൊണ്ടും, ഒരു ഇമാമിന്റെ കീഴിൽ അനുസരണത്തോടുകൂടെ ജീവിക്കേണ്ടത് എത്രയും അത്യാവശ്യമാണെന്നും അങ്ങനെയുള്ള ഒരു കൂട്ടർ മാത്രമാണ് യഥാർത്ഥത്തിൽ ജമാഅത്തായിരിക്കുക എന്നും നല്ലപോലെ മനസ്സിലാകുന്നുണ്ട്.

## ജമാഅത്ത് നിലവിലില്ല

ചുരുക്കത്തിൽ, മുസ്‌ലിംകൾ പല കക്ഷികളായി പിരിഞ്ഞ്, ഒരു ഇമാമിന്റെ നേതൃത്വമില്ലാതെ ചിതറിക്കിടക്കുന്ന കാലത്ത്, ദൈവനിയുക്തനായ ഒരു മഹാത്മാവ് മുഖേന ഒരു ജമാഅത്ത് ഉണ്ടായിവരുമെന്നും അവരുടെ നില നബിതിരുമേനിയോടു കൂടിയ ശിഷ്യഗണത്തിന്റേതുപോലെയായിരിക്കുമെന്നും അക്കാലത്ത് മോക്ഷപ്രാപ്തിക്കർഹരായ ഒരേയൊരു കക്ഷി അവർ മാത്രമായിരിക്കുമെന്നുമാകുന്നു "അത് ജമാഅത്തായിട്ടിരിക്കുന്നതാണ്" എന്ന വചനംകൊണ്ട് തിരുമേനി(സ) മനസ്സിലാക്കിത്തന്നിരിക്കുന്നത്. ഈ നിലയിൽ ഇന്ന് ജമാഅത്തായി സ്ഥിതിചെയ്യുന്നവർ ഹദ്റത്ത് അഹ്മദിന്റെ അനുയായികളായ അഹ്മദിയ്യാ ജമാഅത്തല്ലാതെ മറ്റൊരു കൂട്ടരുമല്ലെന്ന് സമ്മതിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇന്നത്തെ മുസ്‌ലിംകളുടെ സ്ഥിതിയാകട്ടെ ജമാഅത്ത് എന്ന നാമത്തിന്റെ അർത്ഥത്തെ പുലർത്തുന്നതല്ലെന്നും ആ പേരിനെ അർഹിക്കുന്നില്ലെന്നും അവർ തന്നെ സമ്മതിക്കുന്നുണ്ട്.

'**അല്ലാമഃ സിദ്ദീഖ് ഹസൻ**' ആധുനിക മുസ്‌ലിംകളുടെ സ്ഥിതിയെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു: "ഇന്ന് മുസ്‌ലിംകൾക്ക് ഒരു ജമാഅത്തോ ഒരു ഇമാമോ ഇല്ല; മറിച്ച്, അവർ വേർപിരിഞ്ഞ് ജീവിക്കുന്ന കാലമാണിത്" (ഇഖ്തിറാബുസ്സാഅഃ ഭാ. 56).

അഖിലേന്ത്യാ ഉലമാസംഘത്തിന്റെ പത്രമായ '**അൽജംഇയ്യ**' (ദൽഹി) ഇങ്ങനെ പറഞ്ഞിരിക്കുന്നു:- "മുസ്‌ലിം സമുദായം എന്നത് ഒരു ചരടിൽകോർത്ത മാലപോലെ സുസംഘടിതമായ ഒരു സംഘത്തിനുള്ള പേരാണെങ്കിൽ, ഇന്ന് ശരിയായ അർത്ഥത്തിൽ മുസ്‌ലിം സമുദായം ഇല്ലതന്നെ. ഇന്നാകട്ടെ അവർ ചിതറിക്കിടക്കുന്ന കടലാസുതുണ്ടുകൾപോലെയും വിതറിയ മണികൾപോലെയും ഇടയനില്ലാതെ കൂട്ടം പിരിഞ്ഞ് അലയുന്ന ആടുകൾപോലെയും ആയിരിക്കുകയാണ്." (14-4-31)

വക്കത്തുനിന്ന് പുറപ്പെട്ടിരുന്ന '**അൽ ഇസ്‌ലാം**' മാസിക ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്: 'വാസ്തവം പറയുന്നതായാൽ ഇന്ന് നാം 'മുസ്‌ലിം ബഹുജനങ്ങൾ' എന്നല്ലാതെ 'മുസ്‌ലിം സമുദായം' എന്ന പേരിനെ അർഹിക്കുന്നില്ല. അതായത്, നാം സാമുദായിക ജീവിതവും സാമുദായിക ബന്ധവും നശിച്ച് അന്യോന്യം ബന്ധമില്ലാത്ത ഒറ്റയൊറ്റ അംഗങ്ങളായിത്തീർന്നിരിക്കുന്നു. സന്മാർഗ്ഗനിഷ്ഠ മുതലായ സൽഗുണങ്ങളും നമ്മിൽ ലോപിച്ചുപോയിരിക്കുന്നു. ഇങ്ങനെ ഓരോ വിഷയങ്ങളിലുമുള്ള നമ്മുടെ സ്ഥിതികളെ ഒന്നൊന്നായി എടുത്തുപറയുക എന്നുവെച്ചാൽ എത്ര സംഗ്രഹമായി പറഞ്ഞാലും എളുപ്പത്തിൽ അവസാനിക്കുന്നതല്ല. ഇതു നമ്മളിൽ പ്രത്യേകം ഒരു വർഗ്ഗക്കാരുടേയോ ഒരു ദേശക്കാരുടേയോ അവസ്ഥ മാത്രമല്ല, ഏറെക്കുറെ മുസ്‌ലിംലോകത്തിന്റെ പൊതുവായ സ്ഥിതി ഇതുന്നെയാകുന്നു' (വാല്യം 1. ഭാഗം 17, 18).

എരിയാട്ടുനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന '**അൽഇർശാദ്**' മാസിക ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഒരുകാലത്ത് എത്രയും ഉയർന്ന പദവിയിൽ ജീവിച്ചിരുന്ന നമ്മുടെ സമുദായം ഇന്നിതാ പാതാളത്തിലേക്ക് താണുപോയിരിക്കുന്നു. ശരീഅത്തിന്റെ വിധികളെ നാം വിലവെച്ചില്ല. മുസ്‌ലിംകൾ തമ്മിലുള്ള ഹഖ്ഖുകളെ നാം സംരക്ഷിച്ചില്ല. ഐക്യത്തിന്റെ സ്ഥാനത്ത് ഛിദ്രവും, സ്നേഹത്തിന്റെ സ്ഥാനത്ത് വിരോധവും വിശ്വാസത്തിന്റെ സ്ഥാനത്ത് അവിശ്വാസവും വിനയത്തിന്റെ സ്ഥാനത്ത് അഹംഭാവവും, നീതിയുടെ സ്ഥാനത്ത് അനീതിയും അക്രമവും കടന്നുകൂടി. അല്ലാഹുതആലായുടെ ഖുദ്റത്തിനെ നാം മറന്നു. ഖുർആനെ നാം പിന്നിലേക്ക് തള്ളിവിട്ടു. ദേഹേച്ഛയെന്ന കഴുതപ്പുറത്തു കയറി സഞ്ചാരം ചെയ്യുവാനും തുടങ്ങി. സന്മാർഗ്ഗോപദേശവും ദുർമാർഗ്ഗനിരോധവും



ചെയ്യുവാൻ കടപ്പെട്ടവർ അത് ചെയ്യുന്നില്ലെന്ന് മാത്രമല്ല, അവരിൽ പലരും ദുർമ്മാർഗ്ഗോപദേശവും സന്മാർഗ്ഗനിരോധവും ചെയ്തു തുടങ്ങി" (പു.1, ലക്കം 4).

ദിമിശ്ഖിലെ '**അർറാബിത്തത്തുൽഇസ്‌ലാമിയ്യ**' എന്ന മാസിക പ്രസ്താവിച്ചതായി '**സമീന്ദാർ**' പത്രം ഇങ്ങനെ പറയുന്നു: "ഇസ്‌ലാമികബന്ധവും മതപരമായ ഐക്യവും എത്ര മഹത്തരമായിരുന്നു. ഖുർആൻ സ്ഥാപിച്ചുതന്ന നമ്മുടെ വിശാലമായ സാഹോദര്യത്തിന്റെ ശക്തി എത്ര വലുതായിരുന്നു! നാം ആ ദൈവികപ്രകാശത്തിൽ (ഖുർആന്റെ വെളിച്ചത്തിൽ) നടന്നിരുന്നുവെങ്കിൽ ഹാ, എത്ര നന്നായിരുന്നു! എന്നാൽ, നാം നമ്മുടെ സ്വേച്ഛകളെ പിന്തുടരുകയും ഖുർആനെ പിമ്പുറം തള്ളുകയുംചെയ്തു'' (സമീന്ദാർ, 10-7-1932).

ലാഹോറിലെ '**ഹുർരിയ്യത്ത്**' പത്രം പറയുന്നതാണിത്: "അന്യോന്യമുള്ള ഛിദ്രം കൊണ്ടും സ്വാർത്ഥതൽപരതകൊണ്ടും നശിച്ചുപോയിരുന്ന സമുദായങ്ങളുടെ വൃത്താന്തം ഖുർആനിൽ ആവർത്തിച്ചു പറയപ്പെട്ടിരിക്കുന്നു; ഇത് മുസ്‌ലിംകളും അത്തരം അന്തഃഛിദ്രത്തിൽ പെട്ടുപോകാതിരിക്കുന്നതിനായിട്ടത്രെ. എന്നാൽ, ഇന്ന് ഇന്ത്യയിൽ പത്തുകോടി മുസ്‌ലിംകൾ അന്തഃഛിദ്രത്തിലും സ്വാർത്ഥതൽപരതയിലും കുടുങ്ങിമറിയുകയാണ്. ഇക്കാരണത്താലാകുന്നു അവരുടെ തലക്കുമീതെ നാശങ്ങളാകുന്ന മേഘപടലങ്ങൾ ഒരുമിച്ചുകൂടിയിരിക്കുന്നത്" (28-3-1936.).

'**അൽഅമാൻ**' പത്രം 1930- ആഗസ്ത് 3-ന്റെ ലക്കത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "ഒരു കേന്ദ്രം ഉണ്ടായിരിക്കുക എന്നതാണ് ഏറ്റവും വലിയ അനുഗ്രഹം. അതിന്റെ അഭാവമാണ് ഇസ്‌ലാമിന്റെ സന്താനങ്ങളെ നാശഗർത്തത്തിലേക്ക് തള്ളിയിരിക്കുന്നത്. വിദ്യുച്ഛക്തി അതിന്റെ കേന്ദ്രത്തിൽ നിന്നാണല്ലോ നഗരമാസകലം പ്രഭാപൂർണ്ണമാക്കുന്നത്. കേന്ദ്രശക്തിയോടും പ്രഭാവത്തോടും കൂടിയ ഒരു നേതാവ്- ഏതൊരാളുടെ വിളിക്ക് ജനങ്ങൾ ഉത്തരമേകുകയും ഏതൊരാളെ അനുഗമിക്കുവാൻ അവർ ഉത്സാഹഭരിതരായി പാഞ്ഞുചെല്ലുകയും ചെയ്യുന്നുവോ അങ്ങനെയുള്ള ഒരു മാർഗ്ഗദർശകൻ- മുസ്‌ലിംകളിൽ ഉണ്ടായെങ്കിൽ അതോടെ നമ്മുടെ തൊണ്ണൂറ് ശതമാനം കഷ്ടപ്പാടും അവസാനിക്കുമെന്ന് വിശ്വസി

ക്കാം. മുസ്‌ലിംകൾ ഇന്ന് നായകനില്ലാത്ത സൈന്യത്തെപ്പോലെയാകുന്നു. ഉള്ള നായകന്മാർക്ക് പരസ്പരം കലഹിക്കുന്നതിനല്ലാതെ മറ്റൊന്നിനും നേരമില്ല. മുസ്‌ലിംകൾക്ക് ഒന്നാമതായി ആവശ്യമായിട്ടുള്ളത് പ്രഭാവശാലിയായ ഒരു നേതാവത്രെ. അങ്ങനെയുള്ള സ്വാധീനശക്തിയോടുകൂടിയ ഒരു മാർഗ്ഗദർശകൻ ഉണ്ടാകാത്ത കാലത്തോളം നമ്മുടെ ചിതറിക്കിടക്കുന്ന നിലയും താഴ്ചയും ഇല്ലാതാകുന്നതല്ല."

ഇതേ വിഷയകമായിത്തന്നെ ലാഹോറിലെ '**സംസം**' പത്രം 1939 മെയ് 11-ാം തിയതി പ്രസിദ്ധം ചെയ്ത ഒരു പദ്യത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നു: 'അഹോ, ജീവിച്ചിരിക്കുന്ന ഒരു ഇമാം ഇല്ലാത്ത സമുദായം ദിനംപ്രതി അധഃപതിച്ചുകൊണ്ടേ പോകുന്നത് നിനക്ക് കാണാം. അവർ സ്വർഗ്ഗത്തിലേക്കുള്ള നേർവഴി എന്ന് കരുതുന്നത് ഏതൊന്നിനെയാണോ അത് വളഞ്ഞുപുളഞ്ഞു നരകത്തിലേക്ക് പോകുന്നതാകുന്നു. ഒരു കേന്ദ്രശക്തിയോടു കൂടാതെ ദീനും ദുൻയാവും സമ്പാദ്യമാകുന്നതല്ല. ഇമാമില്ലാത്ത സമുദായത്തിന്റെ തലക്കുമീതെ അധഃപതനം വട്ടം ചുറ്റിക്കൊണ്ടിരിക്കുന്നു."

ഈ ഉദ്ധാരണങ്ങളിൽനിന്ന് ഇന്നത്തെ മുസ്‌ലിംകൾ കേവലം ബഹുജനങ്ങളാണെന്നല്ലാതെ, യഥാർത്ഥത്തിൽ ഒരു ജമാഅത്ത് എന്ന നാമത്തെ അർഹിക്കുന്നില്ലെന്ന് വ്യക്തമാക്കുന്നു. ഇതിന്നെതിരിൽ, അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥിതിയെക്കുറിച്ച് നിഷ്പക്ഷമായ നിലയിൽ ചിന്തിക്കുകയാണെങ്കിൽ "അത് ഒരു ജമാഅത്തായിട്ടിരിക്കുന്നതാണ്" എന്ന് നബിതിരുമേനി(സ) മോക്ഷാർഹരായ ഒരു സംഘത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള ആ പ്രത്യേക ലക്ഷണത്തിന് പാത്രമാകുന്നത് ആ ജമാഅത്ത് മാത്രമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. നബിതിരുമേനിയുടെയും അനന്തരം, തന്റെ ഖലീഫമാരുടെയും കീഴിൽ ആദിമമുസ്‌ലിംകൾ ഏതു നിലയിൽ ഒരു ജമാഅത്തായി ജീവിച്ചുപോന്നോ, ആ നിലയിലുള്ള ജമാഅത്ത് അഹ്മദിയ്യാജമാഅത്ത് ഒന്നുമാത്രമാണെന്ന് ഈ സംഘത്തെക്കുറിച്ച് സ്വല്പമെങ്കിലും വിവരമുള്ളവർക്ക് സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ ജമാഅത്തിന്റെ സുസംഘടിതമായ നിലയേയും വ്യവസ്ഥിതിയേയും കുറിച്ച് മറ്റുള്ളവർ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളിൽ ചിലതു മാത്രം ചുവടെ ചേർത്തുകൊള്ളുന്നു.



'**തൻസീം**' പത്രത്തിന്റെ അധിപരായ **മൗലവി അബ്ദുൽമജീദ് ഖർശി** ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. "മതപരമായ സമ്മേളനങ്ങളിൽ മറ്റുള്ളവരുടെ പരിഹാസപാത്രവും കളിപ്പണ്ടവും ആയിരിക്കുവാനല്ലാതെ അതിൽ കവിഞ്ഞ യാതൊരു സ്ഥാനവും അഹ്മദിയ്യാ ജമാഅത്തിന് അടുത്തകാലംവരെ ഉണ്ടായിരുന്നില്ല. ഇപ്പോഴാകട്ടെ (1926-ൽ) അവർ വമ്പിച്ചൊരു സമുദായമായിത്തീർന്നിരിക്കുന്നു. അവരുടെ ജനസംഖ്യ സ്വൽപമാണെങ്കിലും അവരുടെ പരിശ്രമത്തിന്റേയും ത്യാഗത്തിന്റേയും തുക വളരെ വലുതാകുന്നു. ഭിന്നിച്ചു കിടക്കുന്ന കോടിക്കണക്കായുള്ള മുസ്‌ലിംകൾക്ക് ചെയ്തുതീർക്കാൻ സാധിക്കാത്ത കാര്യം ഈ സംഘടിതമായ ജമാഅത്ത് നിഷ്പ്രയാസം ചെയ്തുതീർക്കുന്നു. ഖാദിയാനി ജമാഅത്തിന്റെ സംഘടനയ്ക്കു ഏറ്റവും ബലവത്തായ ഒരു ഭരണകൂടത്തെപ്പോലും എതിരിടുവാൻ കഴിയുന്നതാണ്. അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡിപ്പാർട്ടുമെന്റുകളിലും വ്യവസ്ഥാപിതമായ ഗവർമ്മെന്റ് ഡിപ്പാർട്ടുമെന്റുകളിൽ കാണുന്നതരത്തിലുള്ള വ്യവസ്ഥയും അച്ചടക്കവും ചട്ടവും കാണാവുന്നതാണ്. നമ്മുടെ ഹനഫികൾക്കും അഹ്‌ലുഹദീസ് കക്ഷികൾക്കും ശിയാക്കൾക്കുമെല്ലാം പാഠമായിത്തീരുന്നതിന്, ഈ ജമാഅത്തിന്റെ വ്യവസ്ഥിതിയേയും സംഘടനാനിലയേയും കാണിക്കുന്ന ചില പുതിയ സംഭവങ്ങളെക്കുറിച്ച് പ്രസ്താവിച്ചുകൊള്ളട്ടെ. അഹ്മദിയ്യാ ജമാഅത്ത് ഇപ്പോൾ ചെയ്തുവരുന്നതും ഭാവിയിൽ ചെയ്യുന്നതുമായ കാര്യങ്ങൾപോലെയും അതിലുപരിയായ നിലയിലും സംഘടിതമായ ഏത് ജമാഅത്തിനും ചെയ്യാവുന്നതാണ്. ആദ്യനൂറ്റാണ്ടുകളിലെ മുസ്‌ലിംകൾ സാധിച്ചിരുന്ന മഹാകൃത്യങ്ങൾക്ക് സഹായകമായിരുന്നത് സംഘടനയും ജമാഅത്തുമാകുന്ന ദൈവികശക്തി തന്നെയായിരുന്നു. മാഹാത്മ്യത്തിന്റെയും പ്രതാപത്തിന്റെയും മർമ്മം يد الله فوق الجماعة (അല്ലാഹുവിന്റെ കൈ ജമാഅത്തിന്റെ മേലെയാണ്) എന്ന നബിവചനത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. ഹാ, വ്യസനം! വിശ്വാസികളായ മുസ്‌ലിംകൾ ഈ മഹത്തായ പാഠത്തെ വിസ്മരിച്ചുകളഞ്ഞിരിക്കുന്നു! മുസ്‌ലിംകൾ അഹ്മദിയ്യാ ജമാഅത്തിന്റെ മാതൃകയിൽനിന്ന് പാഠം പഠിക്കേണ്ടത് അത്യാവശ്യമാണ്." (28-12-1926)

പരേതനായ **മൗലാനാ മുഹമ്മദലി സാഹിബ്** ഇങ്ങനെ പറ

ഞ്ഞിരിക്കുന്നു– "ജനാബ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനേയും (അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ) അദ്ദേഹത്തിന്റെ സംഘടിതമായ ജമാഅത്തിനേയും കുറിച്ച് ഈ വരികളിൽ ഒന്നും പറയാതിരിക്കുന്നത് നന്ദിയില്ലായ്മയായിരിക്കും. ഇവർ മതപരമായ അഭിപ്രായവ്യത്യാസമുള്ളവരെങ്കിൽക്കൂടി, തങ്ങളുടെ മുഴുവൻ ശ്രദ്ധയേയും പൊതുവെ മുസ്‌ലിംകളുടെ ക്ഷേമാഭിവൃദ്ധിക്കായി വ്യാപരിപ്പിച്ചിരിക്കുന്നു. ഇസ്‌ലാമിലെ ഈ സുസംഘടിത സംഘത്തിന്റെ പ്രവർത്തനരീതി ഭൂരിപക്ഷമുസ്‌ലിംകൾക്ക് പൊതുവായും, പള്ളികളിലിരുന്നുകൊണ്ട് ഇസ്‌ലാംമത സേവനത്തെക്കുറിച്ച് മിഥ്യാവാദം പുറപ്പെടുവിക്കുക ശീലമായിട്ടുള്ളവർക്ക് പ്രത്യേകിച്ചും വഴി തെളിയിക്കുന്ന ദീപമായിത്തീരുന്നകാലം അത്ര വിദൂരമല്ല" (ഹംദർദ്, 26-9-1927).

ചുരുക്കത്തിൽ, മോക്ഷപ്രാപ്തിക്കർഹരായ ഒരു പ്രത്യേക സംഘത്തെക്കുറിച്ച് "അതൊരു അൽജമാഅത്തായിട്ടിരിക്കുന്നതാണ്" എന്ന് നബിതിരുമേനി(സ) പറഞ്ഞിരിക്കുന്ന പ്രത്യേക ലക്ഷണം, ഇന്ന് ലോകത്തുള്ള വിവിധ മുസ്‌ലിംകക്ഷികളിൽവെച്ച് അഹ്മദിയ്യാ ജമാഅത്തിൽ അല്ലാതെ മറ്റെങ്ങും പൂർത്തിയായിക്കാണാൻ സാധിക്കുകയില്ലതന്നെ.

## വേറിട്ട ന്യൂനപക്ഷം

അവസാനകാലത്ത് മുസ്‌ലിംകൾ ദുഷിച്ചു പല കക്ഷികളായി പിരിയുകയും യഹൂദി നസാറാക്കളെപ്പോലെയായി ഭവിക്കുകയും ചെയ്യുമെന്ന് പറഞ്ഞതിനെ തുടർന്നാണല്ലോ എഴുപത്തിമൂന്ന് കക്ഷിയായി ഭിന്നിക്കുന്ന അവരിൽ ഒരു കക്ഷി മാത്രം മോക്ഷാർഹരായിരിക്കുമെന്ന് നബിതിരുമേനി(സ) അരുളിയിരിക്കുന്നത്. ഇതിൽനിന്ന് ആ ഒരു പ്രത്യേകകക്ഷി ദുഷിച്ചുപോയ ഭൂരിപക്ഷമായിരിക്കാൻ പാടില്ലെന്നും മറിച്ച്, അത് ആ ഭൂരിപക്ഷത്തിൽനിന്ന് വേറിട്ട ഒരു ന്യൂനപക്ഷമായിരിക്കുമെന്നും മനസ്സിലാകുന്നു. മുസ്‌ലിം ലോകമാസകലം ദുഷിച്ചുപോകുകയും അവർ യഹൂദി നസാറാക്കളോട് പൂർണ്ണനിലയിൽ സാദൃശ്യമുള്ളവരായിത്തീരുകയും ചെയ്യുമെന്ന് നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നത് ഇക്കാലത്തെ മുസ്‌ലികളിൽ തികച്ചും പൂർത്തിയായിരിക്കുന്നതായി മുസ്‌ലിം നേതാക്കന്മാരും പണ്ഡിതന്മാരും ഒരുപോലെ സമ്മതിക്കുന്നുണ്ട്. ഈ വാസ്തവം മുമ്പേ ഒരിടത്ത് ഉദ്ധരിച്ച അവരുടെ പ്രസ്താവനകളിൽനിന്ന് നല്ലപോലെ വ്യക്തമാകുന്നുണ്ട്. ഇങ്ങനെയിരിക്കെ, മോക്ഷപ്രാപ്തിക്കർഹരായ ആ ഒരു കക്ഷി മുസ്‌ലിം ഭൂരിപക്ഷം തന്നെയാണെന്ന് വരുമ്പോൾ, മതധർമ്മത്തിൽനിന്ന് വ്യതിചലിച്ച് ഇസ്രായീല്യരെപ്പോലെയായി ഭവിക്കുമെന്ന് നബിതിരുമേനി(സ) ആരെക്കുറിച്ച് പറഞ്ഞുവോ അവരെക്കുറിച്ചുതന്നെയാണ് മോക്ഷപ്രാപ്തിക്കർഹരായ സജ്ജനങ്ങളെന്നും തിരുമേനി പ്രശംസിച്ചു പറഞ്ഞിരിക്കുന്നതെന്ന് സമ്മതിക്കേണ്ടതായിവരും. അപ്പോൾ തിരുമേനിയുടെ ഈ പ്രവചനത്തിന്റെ താൽപര്യം തന്റെ ജനം അവസാനകാലത്ത് യഹൂദി നസാറാക്കളോട് സാദൃശ്യമുള്ളവരായിപ്പോകുകയും പല കക്ഷികളായി പിരിഞ്ഞ് ഇസ്‌ലാമിൽനിന്ന് അകന്നുപോകുകയും ചെയ്യുമെങ്കിലും അവർ തന്നെയായിരിക്കും മോക്ഷപ്രാപ്തിക്കർഹർ എന്നായിരിക്കണമല്ലോ! അങ്ങനെ, ആര് മതധർമ്മത്തിൽനിന്ന് വ്യതിചലിച്ചു ദുഷിച്ചുപോകുമെന്ന് തിരുമേനി പറഞ്ഞിരിക്കുന്നുവോ അവരെക്കുറിച്ചുതന്നെയാണ് ഉത്തമരെന്നും പറഞ്ഞിരിക്കുന്നതെന്ന് സമ്മതിക്കേണ്ടിവരും. ഇത് അർത്ഥരഹിതമായ ഒരു വിപരീതോക്തിയായിരിക്കുന്നതാണ്. അതുകൊണ്ട്, മോക്ഷപ്രാപ്തിക്കർഹരെന്നു നബിതിരുമേനി(സ) പറഞ്ഞത് മുസ്‌ലിം ഭൂരിപക്ഷത്തെക്കുറിച്ചായിരിക്കാൻ പാടില്ലതന്നെ. കൂടാതെ, ഇങ്ങനെ ദുഷിച്ചുപോയവർ തന്നെയാണ് മോക്ഷാർഹരെന്ന് വരുമ്പോൾ, നരകാവകാശികളെന്ന് പറയപ്പെട്ടിരിക്കുന്നത് ഇസ്‌ലാമിൽ നിന്ന് വ്യതിചലിക്കാതെയും യഹൂദി നസാറാക്കളെപ്പോലെ ദുഷിച്ചുപോകാതെയും ഇരിക്കുന്ന നല്ല ഒരു കൂട്ടരെ സംബന്ധിച്ചായിരിക്കണമല്ലൊ. ആ കൂട്ടരെക്കുറിച്ച് അങ്ങനെ പറയാൻ പാടില്ലെന്നും ചെറിയ ഒരു ന്യൂനപക്ഷം ദുഷിച്ചുപോകുന്നതിനെക്കുറിച്ച് സമുദായമാകമാനം ദുഷിച്ചുപോകുന്നതായി പറയപ്പെടാവതല്ലെന്നും വരുമ്പോൾ മോക്ഷപ്രാപ്തിക്കർഹരെന്ന് നബിതിരുമേനി(സ) പറഞ്ഞ ഒരുകൂട്ടർ ഭൂരിപക്ഷക്കാരായ മുസ്‌ലിം സമൂഹമല്ലെന്നും അവരിൽനിന്ന് വ്യത്യാസപ്പെട്ട നിലയിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയ കക്ഷി മാത്രമായിരിക്കുന്നതാണെന്നും സമ്മതിക്കാതെ നിർവ്വാഹമില്ല.

മുസ്‌ലിം സമുദായം ആകമാനം ദുഷിക്കുകയും ഇസ്‌ലാമിൽ നിന്ന് വ്യതിചലിച്ചുപോകുകയും ചെയ്യുന്ന സ്ഥിതിക്ക്, അവർ മോക്ഷാർഹരായ ഒരുകൂട്ടർ ആയിരിക്കാവതല്ലെന്നും മോക്ഷാർഹ

രായവർ ആ ദുഷിച്ച ഭൂരിപക്ഷത്തിൽനിന്ന് വ്യത്യസ്തമായ നില യിൽ സ്ഥിതിചെയ്യുന്ന ഒരു ന്യൂനപക്ഷമായിരിക്കുമെന്നും വരു മ്പോൾ, ആ ഒരുകൂട്ടർ ഏതാണെന്ന് നാം നോക്കേണ്ടിയിരിക്കു ന്നു. സജീവമായ ഒരു മതത്തിന്റെ അനുയായികൾ ആ മതധർമ്മ ത്തിൽ നിന്ന് വ്യതിചലിച്ച് അകന്നുപോകുമ്പോൾ അവരെ ഉദ്ധരി ക്കുന്നതിന് അല്ലാഹുതന്നെ ഒരു മഹാത്മാവിനെ നിയോഗിച്ചയ ക്കുന്നു എന്നത് അവന്റെ ഒരു ദിവ്യചട്ടമാകുന്നു. ഈ നിയമത്തെ ക്കുറിച്ച് വിശുദ്ധഖുർആനിൽനിന്ന് നമുക്ക് മനസ്സിലാകുന്നുണ്ട്. മുസ്‌ലിംകളുടെ ഇന്നത്തെ ദുഷിച്ച നിലയെക്കുറിച്ച് വിശുദ്ധഖുർ ആനിൽ സൂചകമായി പ്രവചിച്ചിട്ടുണ്ടെന്ന് കാണിക്കുന്നതിന് മുമ്പേ ഒരിടത്ത് ഉദ്ധരിച്ച ആയത്തിൽ 'മുമ്പേ ഗ്രന്ഥം നൽകപ്പെട്ടവരിൽ' ഒരു ദീർഘകാലം കഴിഞ്ഞപ്പോൾ അവരുടെ ഹൃദയങ്ങൾ കടുത്തു പോകുകയും അവരിൽ അധികപേരും ആജ്ഞാലംഘകരായിപ്പോ കുകയും ചെയ്തതുപോലെ ആകാതിരിക്കാൻ വിശ്വാസികൾക്ക് സമയമായിട്ടില്ലേ, എന്ന് പറഞ്ഞതിനെ തുടർന്ന് വിശുദ്ധഖുർആ നിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

اعلموا أن الله يحيي الأرض بعد موتها قد بينا لكم الآيات
لعلكم تعقلون

''അറിയുവിൻ, അല്ലാഹു ഭൂമിയെ അതിന്റെ മരണത്തിനു ശേഷം ജീവിപ്പിക്കുന്നതാണ്; നിങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടി നാം നിങ്ങൾക്ക് വാക്യങ്ങളെ വ്യക്തമാക്കിത്തന്നിരിക്കുന്നു." (57:18) ഇവിടെ ഗ്രന്ഥാനുസാരികളായ യഹൂദീനസാറാക്കൾ ഒരു ദീർഘ കാലത്തിനുശേഷം ദുഷിച്ച് അധർമ്മികളായിത്തീർന്നപോലെ മുസ്‌ലിംകളും ആയിത്തീരുന്ന ഒരു കാലം വരുമെന്നതിനെക്കുറിച്ച് സൂചിപ്പിച്ചതിനെ തുടർന്നാണല്ലോ 'അല്ലാഹു ഭൂമിയെ അതിന്റെ മരണത്തിന്നുശേഷം ജീവിപ്പിക്കുന്നതാണ്' എന്ന് പറഞ്ഞിരിക്കു ന്നത്. അപ്പോൾ, വരണ്ടുമൃതപ്രായമായിപ്പോയ ഭൂമിയെ അല്ലാഹു ആകാശത്തിൽനിന്ന് വെള്ളമിറക്കി ജീവത്താക്കിത്തീർക്കുന്നപോ ലെയാണ് ആത്മീയനിലയിൽ മൃതിയടഞ്ഞ ജനത്തെ അവരിൽ ദിവ്യവെളിപാടാകുന്ന ആത്മജലമിറക്കി ഒരു ജീവൽസമുദായമായി രൂപപ്പെടുത്തുന്നതെന്നും അതേപ്രകാരം മുസ്‌ലിം സമുദായത്തിനും യഹൂദീനസാറാക്കളെപ്പോലെ ആത്മീയത നഷ്ടമായിപ്പോകുന്ന കാല ഘട്ടത്തിൽ അല്ലാഹു അവരിൽ ഒരു മഹാത്മാവിനെ നിയോഗിച്ച്



അവരെ വീണ്ടും ജീവിപ്പിക്കുന്നതാണെന്നും ഇതിൽനിന്ന് സിദ്ധി ക്കുന്നു. അതുകൊണ്ട്, മുസ്‌ലിംകൾ പല കക്ഷികളായി പിരിയു കയും അവർ പൊതുവെ ദുഷിച്ചുപോകുകയും ചെയ്യുന്ന കാലത്ത് അവരിൽ ഒരുകൂട്ടർ മാത്രം നല്ലവരായിരിക്കണമെങ്കിൽ അവർ സമു ദായത്തിന്റെ ഉദ്ധാരണാർത്ഥം ദൈവത്താൽ നിയോഗിക്കപ്പെടുന്ന ഒരു മഹാത്മാവിന്റെ അനുചരസംഘമായിരിക്കേണ്ടതാണ്. ദൈവ നിയുക്തന്മാരെ ആരംഭത്തിൽ അധികജനങ്ങളും നിഷേധിച്ചുകള യുകയും ഒരു ന്യൂനപക്ഷം മാത്രം സ്വീകരിക്കുകയും ചെയ്യുകയാ ണല്ലോ ലോകസമ്പ്രദായം. വിശുദ്ധഖുർആനിൽനിന്നും മനസ്സിലാ കുന്നതും ഇതുതന്നെയാണ്. അതുകൊണ്ട് ഭൂരിപക്ഷം ദുഷിച്ചു പോകുകയും ഒരു ന്യൂനപക്ഷം മാത്രം മോക്ഷാർഹരായിരിക്കു കയും ചെയ്യുമെന്ന് പ്രവചിക്കപ്പെട്ടിരിക്കുന്നതിൽനിന്ന്, മുസ്‌ലിം കളെ ഉദ്ധരിക്കാൻ വരുന്ന ആ മഹാത്മാവിനെ കൈക്കൊള്ളുന്നവ രാണ് ആ ന്യൂനപക്ഷക്കാരെന്ന് മനസ്സിലാകുന്നു. അല്ലാഹുവും അവന്റെ റസൂലും ചെയ്ത വാഗ്ദാനമനുസരിച്ച് ഇക്കാലത്ത് ഇസ്‌ലാ മിന്റെ പുനരുദ്ധാരണാർത്ഥം നിയോഗിക്കപ്പെട്ട മഹാത്മാവിനെ സ്വീകരിച്ച ന്യൂനപക്ഷക്കാരായ ഒരു ജമാഅത്ത്, അഹ്‌മദിയ്യാ ജമാ അത്ത് മാത്രമാണ്. അതുകൊണ്ട് മുൻപ്രസ്താവിച്ച രണ്ട് ലക്ഷണ ങ്ങളും എപ്രകാരം ഒരു ജമാഅത്തിൽ മാത്രം നിവൃത്തിയായിക്കാ ണുന്നുവോ അപ്രകാരംതന്നെ ഈ മൂന്നാമത്തെ ലക്ഷണവും ഈ ജമാഅത്തിൽതന്നെയാണ് പൂർത്തിയായിക്കാണുന്നത്. അതായത്, സജീവമായ ഒരു മതത്തിന്റെ അനുയായികൾ ആകമാനം ദുഷിച്ചു പോകുമ്പോൾ അല്ലാഹു അവരെ ഉദ്ധരിക്കുന്നതിനു ദിവ്യാത്മാ വിനെ അയക്കുകയും ന്യൂനപക്ഷക്കാരായ ഒരുകൂട്ടർ അദ്ദേഹത്തെ അനുഗമിക്കുകയും ഭൂരിപക്ഷക്കാർ തള്ളിക്കളയുകയും അങ്ങനെ ആ ന്യൂനപക്ഷക്കാർ മാത്രം മോക്ഷപ്രാപ്തിക്കർഹരായിത്തീരു കയും ചെയ്യുന്നു.

## സ്വർഗ്ഗാവകാശികൾ

എഴുപത്തിമൂന്ന് കക്ഷിയെപ്പറ്റി നബിതിരുമേനി(സ) പറഞ്ഞി രിക്കുന്നത് "ഒരുകൂട്ടരൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും" എന്നും, "എഴുപത്തിരണ്ട് നരകത്തിലും ഒന്നുമാത്രം സ്വർഗ്ഗത്തിലും ആയിരിക്കും" എന്നുമാണല്ലോ. ഇങ്ങനെ ഭൂരിപക്ഷം നരകത്തിലും ഒരു ചെറിയ കക്ഷിമാത്രം സ്വർഗ്ഗത്തിലുമായിരിക്കുമെന്ന് പറഞ്ഞി രിക്കുന്നതുതന്നെ ആ ഒരു കക്ഷി ഇസ്‌ലാമിന്റെ പുനരുജ്ജീവ

നാർത്ഥം നബിതിരുമേനിയുടെ പ്രതിനിധിയായി ദൈവനിയുക്ത നാകുന്ന ഒരു മഹാത്മാവിനെ സ്വീകരിക്കുന്നവരും മറ്റവർ നിഷേധിക്കുന്നവരുമാണെന്ന് മനസ്സിലാക്കിത്തരുന്നുണ്ട്. എന്തെന്നാൽ, ഒരു മതത്തിന്റെ അനുയായികളിൽ ഭൂരിഭാഗം നരകത്തിലേക്ക് പോകുന്നവരാണെന്നു പറയപ്പെടണമെങ്കിൽ അല്ലാഹു അവർക്ക് ഒരു ദൂതനെ അയച്ചുകൊടുക്കുകയും അദ്ദേഹത്തെ അവർ നിഷേധിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ സംഭവിക്കുന്നതുവരെ അവരെല്ലാവരും നരകാർഹരാണെന്ന് പറയാവതല്ല. മുസ്‌ലിംകൾ കക്ഷിപ്രതികക്ഷികളായി പിരിയുകയും മതത്തിൽനിന്ന് അകലുകയും ചെയ്തു തുടങ്ങിയത് ഇന്നും ഇന്നലേയുമല്ല; വളരെ മുമ്പേ തന്നെ അവരുടെ ഇടയിൽ പലവിധ വിശ്വാസാഭിപ്രായ വൈപരീത്യങ്ങൾ ഉണ്ടായിത്തീരുകയും അവർ വിവിധ കക്ഷികളായി പിരിയുകയും പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൈക്കൊള്ളുകയും ചെയ്തുതുടങ്ങിയിരുന്നു. അപ്പോൾ അവരെല്ലാവരും നരകാവകാശികളായിപ്പോയിരുന്നുവെന്ന് പറയാവതല്ല. എന്തെന്നാൽ, അവരിൽ ഒരു റസൂൽ നിയോഗിക്കപ്പെടുകയോ ആ റസൂലിനെ അവർ നിഷേധിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. എന്നാൽ, അവരുടെ സ്ഥിതി പൂർവ്വാധികം ദുഷിക്കുകയും മതത്തിൽനിന്ന് അവർ അകന്നുപോകുകയും ഇസ്‌ലാം അതിദയനീയമായ ഒരവസ്ഥയിലാകുകയും ചെയ്തപ്പോൾ നബിതിരുമേനി(സ) മുഖേന പ്രവചിച്ചിട്ടുള്ളതനുസരിച്ച് അല്ലാഹു ഒരു മഹാത്മാവിനെ നിയോഗിച്ചയച്ചു. അദ്ദേഹത്തെ മുസ്‌ലിംകളിലെ ഭൂരിപക്ഷമാളുകളും നിഷേധിച്ചുകളയുകയാണ് ചെയ്തത്. അപ്പോഴാണ് 'എഴുപത്തിരണ്ട് കൂട്ടരും നരകാവകാശികളായിരിക്കും' എന്ന തിരുവചനത്തിന് അവർ പാത്രമായിത്തീർന്നത്. ഇങ്ങനെയൊരു ന്യൂനപക്ഷം മാത്രം മോക്ഷപ്രാപ്തിക്കർഹരായിരിക്കുമെന്ന് പറഞ്ഞതിൽനിന്ന് അവർ അവസാന കാലത്ത് നിയോഗിക്കപ്പെടുന്ന ആ ദൈവദൂതനെ സ്വീകരിച്ചവരാണെന്ന് മനസ്സിലാകുന്നതുപോലെതന്നെ എഴുപത്തിരണ്ട്കൂട്ടർ നരകത്തിലായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നതിൽനിന്ന്, ആ ഭൂരിപക്ഷം അല്ലാഹുവിന്റെ ആ ദൂതനെ നിഷേധിച്ചവരായിരിക്കുമെന്ന് മനസ്സിലാകുന്നു. അപ്പോൾ അധിക കക്ഷികളും നരകത്തിലായിരിക്കുമെന്ന് പറഞ്ഞതും ഒരു കൂട്ടർമാത്രം സ്വർഗ്ഗത്തിൽ ആയിരിക്കുമെന്ന് പറഞ്ഞതും പൂർത്തിയാകണമെങ്കിൽ അല്ലാഹു ഒരു മഹാത്മാവിനെ നിയോഗിച്ചയക്കേണ്ടത് അത്യാവശ്യമാണ്. ആ മഹാത്മാവിനെ സ്വീകരിക്കുന്നവരായിരിക്കും മോക്ഷാർഹരായ ഒരു കൂട്ടർ. വിശുദ്ധഖുർആൻ പല രൂപത്തിൽ സംക്ഷിപ്തമായും നബിതിരുമേനി(സ) പലവിധേന വ്യക്തമായും പറഞ്ഞിട്ടുള്ള ദീർഘദർശനങ്ങൾ അനുസരിച്ച് അല്ലാഹു ഇക്കാലത്ത് നിയോഗിച്ചയച്ച മഹാത്മാവിനെ നിഷേധിക്കുന്നതിനു പകരം സ്വീകരിച്ചിരിക്കുന്നത് അഹ്മദിയ്യാ ജമാഅത്തായതുകൊണ്ട് മോക്ഷപ്രാപ്തിക്കർഹരായ 'ഒരു കൂട്ടർ' എന്ന് പറഞ്ഞത് ആ മഹാത്മാവിനെ നിഷേധിച്ച ഭൂരിപക്ഷക്കാരെ ഉദ്ദേശിച്ചല്ല; അത് അദ്ദേഹത്തെ സ്വീകരിച്ച ന്യൂനപക്ഷത്തെക്കുറിച്ച് ആയിരിക്കാനെ പാടുള്ളൂ.



## എതിർക്കപ്പെടുന്ന ജമാഅത്ത്

എഴുപത്തിമൂന്ന് കൂട്ടരിൽ "എഴുപത്തിരണ്ട് നരകത്തിലും ഒന്നുമാത്രം സ്വർഗ്ഗത്തിലുമായിരിക്കും" എന്ന തിരുവചനത്തിൽ നബി(സ) എഴുപത്തിരണ്ടിനെ ഒരു ഭാഗത്തും ഒന്നിനെമാത്രം എതിർഭാഗത്തും നിറുത്തുകയാണല്ലോ ചെയ്തിരിക്കുന്നത്. ഇതും മോക്ഷപ്രാപ്തിക്കർഹരായ ആ ഒരു കൂട്ടർ ഏതാണെന്ന് മനസ്സിലാക്കിത്തരുന്ന ഒരു ചൂണ്ടുകോലാണ്. മറ്റുള്ള കക്ഷികളിൽനിന്ന് വ്യത്യസ്തമായ സ്ഥിതിയോടുകൂടി മറ്റെല്ലാവരുടെയും ആക്ഷേപങ്ങൾക്ക് ലക്ഷ്യമായി നിലകൊള്ളുന്ന ഒരുകൂട്ടരായിരിക്കും ആ യഥാർത്ഥ ഇസ്‌ലാമികകക്ഷി എന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. സത്യം ലോകത്ത് വെളിപ്പെടുമ്പോൾ ബഹുജനം അതിനെ നിഷേധിക്കുകയും അതിനെ സ്വീകരിക്കുന്നവരെ കഠിനമായി വെറുക്കുകയും നിന്ദിക്കുകയും ചെയ്യുക പതിവാണ്. എഴുപത്തിരണ്ട് കക്ഷി ഒരു ഭാഗത്തും ഒരു കക്ഷി മാത്രം മറുഭാഗത്തും ആയിരിക്കുമെന്ന് പറയപ്പെട്ടിട്ടുള്ളതിൽനിന്ന് ആ ഒരു കക്ഷി പ്രത്യക്ഷനിലയിൽത്തന്നെ മറ്റെല്ലാവരിൽനിന്നും വ്യത്യസ്തമായ നിലയോടുകൂടിയവരായിരിക്കേണ്ടതാണെന്ന് മനസ്സിലാകുന്നു. ഈ പ്രത്യേകത ഇന്ന് പൂർത്തിയായിക്കാണുന്നത് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണെന്ന് ഈ ജമാഅത്തിന്റെയും ഇതര മുസ്‌ലിംകളുടെയും സ്ഥിതികൾ താരതമ്യപ്പെടുത്തിനോക്കിയാൽ ഗ്രഹിക്കാവുന്നതാണ്. ശിയാ, സുന്നി, വഹ്ഹാബി, പ്രകൃതിവാദി തുടങ്ങിയുള്ള മുസ്‌ലിംകൾ എന്നു മാത്രമല്ല, ഇസ്‌ലാമിലും ദൈവത്തിൽ തന്നെയും വിശ്വാസമില്ലാത്ത മുസ്‌ലിം നാമധാരികൾപോലും ആവശ്യം നേരിടുമ്പോൾ അന്യോന്യം യോജിക്കുകയും സഹക

രിക്കുകയും ചെയ്യുന്നു. അവരിൽ ഒരുകൂട്ടർക്കും സമുദായബഹിഷ്ക്കരണമോ പന്തിവിരോധമോ ഇല്ലതന്നെ. എല്ലാ കക്ഷികളും ഏകീകരിച്ച് ഒരുപോലെ തള്ളിപ്പറയുകയും ആക്ഷേപിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നത് അഹ്മദികളെ മാത്രമാണ്. ഇങ്ങനെ, ഒരു കൂട്ടർ ഒരു ഭാഗത്തും എഴുപത്തിരണ്ട് വിഭാഗക്കാരും എതിർപക്ഷത്തുമാണെന്നുള്ള ആ വ്യത്യാസം ഇവിടെ പ്രത്യക്ഷമായി കാണാവുന്നതാണ്. ഇതിൽനിന്ന്, അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് മോക്ഷത്തെ അർഹിക്കുന്ന ആ പ്രത്യേകസംഘം എന്ന് സ്പഷ്ടമാകുന്നു. ദൈവത്തിങ്കൽനിന്ന് വെളിപ്പെട്ട സത്യം സ്വീകരിച്ചവർ എല്ലാ കാലങ്ങളിലും എതിരഭിപ്രായക്കാരായ ബഹുജനങ്ങളാൽ ബഹിഷ്കരിക്കപ്പെടുകയും ദ്രോഹിക്കപ്പെടുകയുമാണ് ചെയ്തുവന്നിരിക്കുന്നത്. ഈസാനബിക്കും ശിഷ്യർക്കും യഹൂദരുമായി അഭിപ്രായവ്യത്യാസമുണ്ടായിരുന്നത്, അല്പം ചില സംഗതികളിൽ മാത്രമായിരുന്നു. എന്നിട്ടും യഹൂദരിലുള്ള വിഭിന്ന കക്ഷികളെല്ലാം ഒന്നുചേർന്ന് ആ മഹാത്മാവിനേയും അദ്ദേഹത്തിന്റെ ശിഷ്യസംഘത്തേയും കഠിനമായി ഉപദ്രവിക്കുകയും, അതിലേക്ക് തങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത വിഗ്രഹാരാധനക്കാരെയും റോമാക്കാരെയും കൂട്ടുപിടിക്കുകയും അങ്ങനെ അവരുടെ സഹകരണത്തോടുകൂടി ഇവരെ മർദ്ദിക്കുകയുമാണ് ചെയ്തിരുന്നത്. ഇതേപ്രകാരം, നബിതിരുമേനിയും ശിഷ്യസംഘവും വിഗ്രഹാരാധനക്കാരെ അപേക്ഷിച്ച് തങ്ങളുമായി കൂടുതൽ അടുത്തവരായിരുന്നിട്ടും യഹൂദർ തങ്ങൾക്ക് തിരുമേനിയോടുള്ള വിദ്വേഷം നിമിത്തം പറഞ്ഞിരുന്നത് [illegible] "ഈ മുശ്രിക്കുകളാണ് ഈ വിശ്വസിച്ചവരെക്കാൾ അധികം നേർവഴിയിലുള്ളവർ" (4:52) എന്നായിരുന്നു. ഇതേപ്രകാരം തന്നെ ഒരേ ജാതിയിൽപ്പെട്ടവരായിരുന്നതിനു പുറമെ ഇബ്റാഹീം(അ), ഇസ്മാഈൽ(അ) എന്നിവരിൽ വിശ്വസിക്കുകയും അവരെ ബഹുമാനിക്കുകയും കഅ്ബയെ പുണ്യദേവാലയമായിക്കരുതി ഹജ്ജ്കർമ്മം അനുഷ്ഠിക്കുകയും ചെയ്യുന്ന വിഷയത്തിൽ നബിതിരുമേനിക്കും ശിഷ്യർക്കും തങ്ങളുമായി ഒരു പ്രത്യേകബന്ധമുണ്ടായിരുന്നിട്ടും മുശ്രിക്കുകളെല്ലാം തിരുമേനിയുടെ എതിരിൽ ഒന്നുചേരുകയും തിരുമേനിയേയും ശിഷ്യഗണത്തേയും ബഹിഷ്കരിക്കുകയും മർദ്ദിക്കുകയും ചെയ്യുന്നതിന് കൂട്ടുചേർന്ന് പ്രവർത്തിക്കുകയുമാണ് ചെയ്തിരു



ന്നത്. ഇങ്ങനെ സംഭവിച്ചത് ദൈവത്തിങ്കൽനിന്നുള്ള സത്യത്തെ സ്വീകരിച്ചവർക്കെതിരിൽ എല്ലാ തരക്കാരും ഒരുമിച്ചുകൂടുകയും അവരെ ദ്രോഹിക്കുകയും ചെയ്യുമെന്ന അലംഘനീയമായ ഒരു ലോകസമ്പ്രദായമനുസരിച്ചുതന്നെയാണ്.

ഇതേ സമ്പ്രദായമാണ് ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്തിന്നെതിരിലും പ്രാവർത്തികമായി കാണുന്നത്. ഇസ്ലാമിന്റെ സത്യത്തേയും മാഹാത്മ്യത്തേയും പ്രകാശിപ്പിക്കുന്നതിനും തൽസിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതിനും അനിസ്ലാമിക പ്രബോധനങ്ങളെ ഖണ്ഡിക്കുന്നതിനും അഹ്മദിയ്യാ ജമാഅത്ത് ഉറ്റു പരിശ്രമിക്കുന്നതുകൊണ്ട് അവരുടെനേരെ ഇസ്ലാമിന്റെ വൈരികൾക്കെല്ലാം വലിയ വിദ്വേഷമുള്ളതുപോലെതന്നെ, മുസ്ലിംകളിലുള്ള ഓരോ കക്ഷിയും അവരെ വെറുക്കുകയും ദ്രോഹിക്കുകയും ചെയ്തുവരുന്നു. തങ്ങൾക്ക് അഹ്മദികളുമായിട്ടുള്ളതിനേക്കാളധികം അഭിപ്രായ വൈപരീത്യമുള്ള ഇതരകക്ഷികളോട് മുസ്ലിംകക്ഷികളോരോന്നും യോജിപ്പിൽ വർത്തിക്കുന്നുവെന്ന് മാത്രമല്ല, ഇതര മതസ്ഥരോടുതന്നെയും സഹകരിച്ചുവരുന്നു. എന്നാൽ, കക്ഷികളൊന്നുംതന്നെ അഹ്മദിയ്യാ ജമാഅത്തുമായിട്ട് ഒരു പ്രകാരത്തിലും ഐക്യത്തിൽ വർത്തിക്കാൻ തയ്യാറില്ല! തന്നെയുമല്ല, മുസ്ലിംകൾക്കെല്ലാം പൊതുതാൽപര്യമുള്ള കാര്യങ്ങളിൽപോലും അഹ്മദികൾ പങ്കെടുക്കുന്നതിന് മുസ്ലിംകൾ അനുവദിക്കുന്നുമില്ല. ശിയാവർഗ്ഗത്തിൽപ്പെട്ട ഖോജ, ബോഹ്റാ എന്നീ ഉപകക്ഷികളുടെ വിശ്വാസവൈപരീത്യങ്ങളെക്കുറിച്ചറിയുമ്പോൾ അതാർക്കും ആശ്ചര്യമുളവാക്കും. എന്നാൽ, അങ്ങനെയുള്ള എല്ലാ വകുപ്പുകാരുമായിട്ടും സഹകരിക്കുവാൻ മുസ്ലിംകക്ഷികളൊന്നിനും വിരോധമില്ല. ഹിന്ദുക്കളും ക്രിസ്ത്യാനികളുമായിട്ടും അവർ സഹകരിക്കുന്നു. വിഗ്രാഹാരാധനയോട് നീരസം ഭാവിക്കാത്ത ഗാന്ധിജിയേയും മതവും ദൈവവും വേണ്ടായെന്നു പറയുന്ന പണ്ഡിറ്റ് നെഹ്റുവിനേയും, മി.ബോസിനേയും ഇവർക്ക് സോൽസാഹം സ്വീകരിക്കുകയും ചെയ്യാം. എന്നാൽ, മതകാര്യത്തിൽ എന്നല്ല, രാഷ്ട്രീയകാര്യത്തിൽപോലും ഒരു അഹ്മദി പങ്കെടുക്കുകയോ സ്ഥാനം വഹിക്കുകയോ ചെയ്യുമ്പോൾ മുസ്ലിംകൾ സഹിക്കാനാകാതെ ആകമാനം ക്ഷോഭിച്ചുവശാവുകയും ആക്ഷേപവർഷം തുടങ്ങുകയും ചെയ്യുന്നു. അഹ്മദിയെന്നല്ലാ, അഹ്മദിയ്യത്തിന്റെ നേർക്കു അനു

കൂലമനോഭാവമുള്ള ഒരാൾപോലും പൊതുകാര്യത്തിൽ പങ്കെടുക്കാൻ പുറപ്പെടുകയാണെങ്കിൽ അയാൾ ഖാദിയാനിയാണെന്നും മറ്റും പറഞ്ഞ് അയാൾക്കെതിരിൽ പാമരജനങ്ങളെ ഇവർ ഇളക്കിവിടുന്നു. ഇങ്ങനെ ഇസ്‌ലാമുമായി ബന്ധമില്ലാത്ത ഹിന്ദുക്കളുമായി യോജിച്ചും അവരുടെ നേതൃത്വം സ്വീകരിച്ചും വർത്തിക്കുകയും ചെയ്യുന്നവർതന്നെ അഹ്മദികളെ പൊതുവായ രാഷ്ട്രീയകാര്യങ്ങളിൽപോലും പങ്കുചേർക്കാതെ അകറ്റി നിറുത്തുകയാണ് ചെയ്യുന്നത്.

ഇത്രയുമല്ല, ഇസ്‌ലാമിനുവേണ്ടി എല്ലാവരെക്കാളുമധികം ത്യാഗം ചെയ്യുന്നത് അഹ്മദിയ്യാ ജമാഅത്തായിരുന്നിട്ടും, ഈ ജമാഅത്തിൽ ചേരുന്നതിലും കൂടുതൽ നല്ലത് ആര്യസമാജത്തിലോ, ക്രിസ്തുമതത്തിലോ ചേരുന്നതാണെന്നുകൂടി മുസ്‌ലിംകളിൽ പലരും പറയാറുണ്ട്. എന്നുമാത്രമല്ല, അഹ്മദിയ്യാജമാഅത്തിന്നെതിരിൽ മുസ്‌ലിംകൾ ക്രിസ്ത്യരേയും ആര്യസമാജത്തേയും സഹായിക്കുകയും അവരുമായി സഹകരിക്കുകയും വേണ്ടതാണെന്നുകൂടി അവർ പറയാറുണ്ടെന്നത് ഒരു പരമാർത്ഥം മാത്രമാണ്. ഉദാഹരണമായി, '**മൗലാനാ സഫറലിഖാൻ**' തന്റെ '**സമീന്ദാർ**' പത്രത്തിന്റെ 4-3-33-ലെ 'ഖാദിയാൻലക്കം' എന്ന വിശേഷാൽപ്രതിയിൽ "യസീദിയ്യത്ത്' അതിന്റെ സകല പൈശാചിക ശക്തിയോടുംകൂടി ഖാദിയാനിൽനിന്ന് തലപൊക്കിത്തുടങ്ങിയിരിക്കുന്നു" എന്ന് പറഞ്ഞുകൊണ്ട് വായനക്കാരോട് ഇപ്രകാരം ഒരഭ്യർത്ഥന ചെയ്തിരിക്കുന്നു: 'സമീന്ദാർ' യസീദിയ്യത്തിന്നെതിരിൽ സമരം നടത്തുകയാണെങ്കിൽ നിങ്ങൾ സമീന്ദാരിനുവേണ്ടി ത്യാഗം ചെയ്യുവിൻ. 'നൂർഅഫ്ശാൻ' (ക്രിസ്തീയപത്രം) യസീദിയ്യത്തിന്നെ നശിപ്പിക്കുകയാണെങ്കിൽ നൂർ അഫ്ശാനെ സഹായിക്കുവിൻ. '**ആര്യാമുസാഫിർ**' (ആര്യപത്രം) യസീദിയ്യത്തിന്നെതിരിൽ പോരാടുന്നുവെങ്കിൽ അതിൽ ആര്യമുസാഫിറിന്റെ പക്ഷം ചേരുവിൻ! ഖാദിയാനിയ്യത്തിന്നെതിരിൽ ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ എന്ന പ്രശ്നം അനാവശ്യമാണ്. ആദ്യമായി ആത്മാവിനേയും ആത്മീയ ധർമ്മത്തേയും മൃത്യുവിൽനിന്ന് രക്ഷിക്കുവിൻ. അതിൽപിന്നെ അതിന്റെ വളർച്ചയ്ക്ക് ഏതുമാർഗ്ഗമാണ് സ്വീകാര്യമെന്ന് തീരുമാനിക്കാവുന്നതാണ്. ഖാദിയാനിയ്യത്തിനെ സംബന്ധിച്ചിടത്തോളം മനുഷ്യരാസകലം ഒന്നുചേർന്ന് അതിനോട് പോരാടേണ്ടതാകുന്നു." ഇതിനുപുറമേ, ലാഹോറിൽത്തന്നെ മൗലാനാ സഫറലിഖാന്റെ അധ്യക്ഷതയിൽ യോഗം കൂടുകയും അതിൽ മുസ്‌ലിംകളും ഇതരമതസ്ഥരും പങ്കുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിനേയും തൽസ്ഥാപകനേയും ഒരുപോലെ അധിക്ഷേപിക്കുകയും ശകാരിക്കുകയും ചെയ്തിട്ടുമുണ്ട്. അതിന്റെ വിസ്തീർണ്ണവിവരം ദൈർഘ്യഭയത്താൽ ഇവിടെ ചേർക്കുന്നില്ല. 1933 മാർച്ച് 7,8,9 എന്നീ തിയ്യതികളിലെ 'സമീന്ദാർ' പത്രം നോക്കുന്നവർക്ക് ആ യോഗറിപ്പോർട്ട് കാണാവുന്നതാണ്. ഇതേപ്രകാരംതന്നെ, 1935 നവംബർ 16-ന് അമൃത്സറിലെ ഖൈറുദ്ദീൻ മസ്ജിദിൽ വെച്ച് ഫൈസുൽഹസൻ ആലുമഹാരി എന്നയാളുടെ അദ്ധ്യക്ഷതയിൽ 'അഹ്റാരി' കക്ഷിക്കാരുടെ ഒരു യോഗം കൂടുകയും അതിൽ വെച്ച് അതിന്റെ സിക്രട്ടറിയായ മൗലാനാ മസ്ഹർ അലി അസ്ഹർ (ശിയാ) ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറയുകയുമുണ്ടായി: "നമ്മൾ സഹാബികളെ തുടർന്ന് മുഫ്സിദുകളായിത്തീരരുത്. അവരുടെ കാലടിയെ പിൻതുടരുകയാണെങ്കിൽ നാം തമ്മിൽത്തല്ലേണ്ടിവരും. അതുകൊണ്ട് ശിയാ, സുന്നി, വഹ്ഹാബി ഇവരിൽ ഐക്യം ഉണ്ടായിരിക്കയും പൂർവ്വികന്മാരെപ്പോലെ കലഹിക്കാതിരിക്കുകയും വേണ്ടതാണ്. സഹാബിമാരേയും 'ഉമ്മഹാത്തുൽ മുഅ്മിനീനേ'യും (നബിതിരുമേനിയുടെ പത്നിമാരേയും) നിങ്ങൾ നോക്കേണ്ടാ. അവരുടെ അബദ്ധങ്ങൾ സമുദായത്തെ നശിപ്പിച്ചിരിക്കുന്നു. ഉമ്മഹാത്തുൽ മുഅ്മിനീന്റെ തെറ്റുകൾ നിങ്ങളുടെ മനസ്സിൽ വെക്കുകയും നിങ്ങൾ അന്യോന്യം ഐക്യത്തിൽ വർത്തിക്കുകയും ചെയ്യുവിൻ. പൂർവ്വികന്മാരുടെ വൃത്താന്തം വിസ്മരിച്ച് എല്ലാവരും ചേർന്ന് മിർസായിയ്യത്തിനെ (അഹ്മദിയ്യത്തിനെ) നശിപ്പിക്കുവിൻ. നമ്മൾ അശ്രദ്ധ കാണിക്കുന്നതായാൽ ഈ 'നാശം' നമ്മുടെ തലയ്ക്കുമീതെ മാത്രമല്ല, മുഴുവൻ ലോകത്തും വ്യാപിക്കുന്നതാണ്" (അൽഫസൽ 21.11.35). ഇങ്ങനെ, അല്ലാഹു വിശുദ്ധഖുർആനിൽ പ്രശംസിച്ചു പറഞ്ഞിട്ടുള്ള പുണ്യസഹാബികളേയും ആദ്യത്തെ മൂന്ന് ഖലീഫമാരേയും 'സത്യവിശ്വാസികളുടെ മാതാക്കളെ'ന്നു ഖുർആനിൽ നാമാഭിധാനം ചെയ്യപ്പെട്ടിട്ടുള്ള തിരുനബി പത്നിമാരേയും എത്രയും നീചമായ നിലയിൽ ആക്ഷേപിക്കുന്ന കൂട്ടരോടുപോലും ഇതരമുസ്‌ലിംകൾ സഹകരിച്ചുവരുന്നു. എന്നാൽ, നബിതിരുമേനിയുടെ ശിഷ്യഗണത്തേയും തിരുപത്നിമാരേയും ഹൃദയപൂർവ്വം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അഹ്മദികളു

മായി ഒരു പ്രകാരത്തിലും യോജിക്കാൻ പാടില്ലെന്ന് മുസ്ലിംകൾ തീരുമാനിച്ചുകൊണ്ട് അവരെ പുറന്തള്ളിയിരിക്കയാണ്! ഇങ്ങനെ ഒരുകൂട്ടർ ഒരുഭാഗത്തും എഴുപത്തിരണ്ട് കൂട്ടർ എതിർഭാഗത്തുമാണെന്ന ലക്ഷണം പ്രത്യക്ഷത്തിൽത്തന്നെ നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇതിൽ നിന്ന്, ആ ഒരു പ്രത്യേക കൂട്ടർ ഏതാണെന്ന് നല്ലപോലെ മനസ്സിലാക്കാം.

ഇതര മുസ്ലിംകളെ കാഫിറെന്ന് പറയുന്നതുകൊണ്ടും അവരെ തുടർന്ന് നമസ്കരിക്കാത്തതു കൊണ്ടുമാണ് അഹ്മദികൾക്കെതിരിൽ എല്ലാവരും ഒരുമിച്ചുകൂടിയിരിക്കുന്നത് എന്ന് വല്ലവരും പറയുന്നുവെങ്കിൽ അത് ന്യായമാകുകയില്ല. എന്തെന്നാൽ, ആദ്യമായി കുഫ്റുകൊണ്ട് വിധിച്ചതു അഹ്മദികളായിരുന്നില്ല. അഹ്മദികളെ മറ്റുള്ളവരാണ് ആദ്യമായി കുഫ്റുഫത്വ ചെയ്തത്. ഹദ്റത്ത് അഹ്മദ്(അ) തന്റെ വാദം പുറപ്പെടുവിച്ചതോടുകൂടി ഇരുന്നൂറോളം ആലിംകൾ ചേർന്ന് അദ്ദേഹത്തിന്നെതിരിൽ കുഫ്റു ഫത്വ എഴുതി. പിന്നെ അഹ്മദിയ്യാ ജമാഅത്ത് എവിടെയെല്ലാം സ്ഥാപിതമായോ അവിടെയെല്ലാം അവരെ മറ്റുള്ളവർ കുഫ്റു കൊണ്ട് വിധിക്കുകയും അവരുടെ പേരിൽ സമുദായ ബഹിഷ്ക്കരണം നടപ്പാക്കുകയും ചെയ്തു. കേരളത്തിൽ ആദ്യമായി ജമാഅത്ത് സ്ഥാപിക്കപ്പെട്ട കണ്ണൂരിൽ നടന്ന സംഭവം ഇതിലേക്ക് നല്ലൊരു ദൃഷ്ടാന്തമാണ്. കൂടാതെ, അന്യോന്യം തുടർന്ന് നമസ്കരിക്കാത്തവരും പരസ്പരം കുഫ്റുകൊണ്ട് വിധിക്കുന്നവരുമായ കൂട്ടർ മുസ്ലിംകളിൽ ധാരാളമുണ്ട്. ശിയാ-സുന്നികൾ അന്യോന്യവും മുഖല്ലിദുകളും ഗയ്ർമുഖല്ലിദുകളും തമ്മിലും, ശിയാക്കളിൽത്തന്നെയുള്ള വിവിധ കക്ഷികളന്യോന്യവും നമസ്കാരത്തിൽ തുടരുന്നവരല്ല. എന്നിട്ടും, അവരിൽ ഒരുകൂട്ടർക്കും പന്തിവിരോധമോ ബഹിഷ്ക്കരണമോ ഇല്ല എന്നു മാത്രമല്ല, കേവലം നമസ്കരിക്കാത്തവർക്കും നമസ്കാരം തുടങ്ങിയ മതകർമ്മാനുഷ്ഠാനം വെറും മൗഢ്യമാണെന്ന് പറയുന്നവർക്കുംകൂടി പന്തിവിരോധമോ, ബഹിഷ്ക്കരണമോ ഇല്ലതന്നെ. ഇവർക്കും ഇതര മുസ്ലിംകളുമായി കൂടിക്കഴിയാനും വിനോദത്തിനായിട്ടെങ്കിലും പള്ളിയിൽ പ്രവേശിക്കാനും സാധിക്കുന്നതാണ്. എന്നാൽ, അഹ്മദികൾക്കാകട്ടെ നമസ്കാരത്തിനുപോലും പള്ളിയിൽ പ്രവേശനം ലഭിക്കുന്നില്ല. ഇതേപ്രകാരംതന്നെ മുസ്ലിംകളിലുള്ള ഈ



വ്യത്യസ്ത കക്ഷികൾ അന്യോന്യം കുഫ്റുകൊണ്ട് വിധിച്ചിട്ടുണ്ട്. ദൃഷ്ടാന്തംതേടി ദൂരെയെങ്ങും പോകേണ്ടതില്ല. യാഥാസ്ഥിതിക കക്ഷി മുശ്രിക്കുകളാണെന്നും നബിതിരുമേനിയുടെ കാലത്തെ മുശ്രിക്കുകളുടെ എല്ലാ ലക്ഷണങ്ങളും അവരിലുണ്ടെന്നും കേരളത്തിലെ ഉൽപതിഷ്ണുകക്ഷിയിൽപ്പെട്ട പല പണ്ഡിതന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. മുശ്രിക്ക് എന്നത് കാഫിർ എന്നു പറയുന്നതിനേക്കാൾ അധികം കടുത്തതാണല്ലോ. ഇതേപ്രകാരംതന്നെ കേരളത്തിലെ പല ആലിംകളും ചേർന്ന് വഹ്ഹാബികളെന്നു ആക്ഷേപിക്കപ്പെടുന്ന ഉൽപതിഷ്ണുക്കളേയും കുഫ്റുകൊണ്ട് വിധിച്ചിട്ടുണ്ട്. (റദ്ദുൽ വഹ്ഹാബിയ്യ നോക്കുക) എന്തിനധികം പറയുന്നു, അഹ്മദിയ്യത്തിന്നെതിരിൽ പേരുകേട്ട ഒരു പഴയ വൈരിയായ മൗലവി സനാഉല്ലാഹ് സാഹിബിനേയും മൗലാനാ സഫറലിഖാൻ സാഹിബിനേയും വിപരീതാഭിപ്രായക്കാരായ ആലിംകൾ വളരെ ശക്തിയോടുകൂടി കുഫ്റു ഫത്വ ചെയ്യുകയും അവരുടെ കുഫ്റിനെക്കുറിച്ച് സംശയിക്കുന്നവർപോലും കാഫിറായിപ്പോകുന്നതാണെന്ന് വിധിക്കുകയും ചെയ്കയുണ്ടായിട്ടുണ്ട്. ഇങ്ങനെ നമസ്കാരത്തിൽ തുടരാതിരിക്കുകയും കുഫ്റുകൊണ്ട് വിധിക്കുകയും ചെയ്യുന്ന ഇതരകക്ഷികളൊന്നും അഹ്മദിയ്യാ ജമാഅത്തിനെപ്പോലെ സമുദായ ബഹിഷ്ക്കരണത്തിനും ഹിംസകൾക്കും ലക്ഷ്യമാവുകയോ അവർക്കെതിരായിട്ട് അഹ്മദികൾക്കെതിരിലെന്നപോലെ എല്ലാ കൂട്ടരും ഒരുമിച്ചു കൂടുകയോ ചെയ്യുന്നില്ല. അതിനാൽ അഹ്മദികൾ ഇതര മുസ്ലിംകളെ തുടർന്ന് നമസ്കരിക്കാത്തതുകൊണ്ടും കുഫ്റു വിധിക്കുന്നതുകൊണ്ടുമാണ് അവരുടെ എതിരിൽ എല്ലാവരും ഒരുമിച്ചുകൂടുന്നത് എന്ന് പറയുന്നത് ഒരിക്കലും ശരിയല്ല. തന്നേയുമല്ല, അഹ്മദികൾ ആരേയും കാഫിറെന്ന് വിധിക്കുന്നുമില്ല. അല്ലാഹു നിയോഗിച്ചയച്ച ദൂതന്മാരെല്ലാവരിലും വിശ്വസിക്കേണ്ടത് നിർബന്ധമാണെന്നും അവരിൽ ഒരു വ്യക്തിയെ നിഷേധിക്കുന്നത് കുഫ്റും എല്ലാവരേയും നിഷേധിക്കുന്നതിന് തുല്യവുമാണെന്നും വിശുദ്ധഖുർആൻ വ്യക്തമായി പഠിപ്പിക്കുന്നു. ഹദ്റത്ത് അഹ്മദ്(അ) ഇസ്ലാമിലെ പ്രവചനമനുസരിച്ച് ദൈവനിയുക്തനായ ഒരു സത്യാത്മാവാണെന്നും അദ്ദേഹത്തിന്റെ സത്യം ഖുർആൻ സാക്ഷ്യങ്ങളാലും ദിവ്യദൃഷ്ടാന്തങ്ങളാലും തെളിയുന്നുവെന്നും അഹ്മദികൾ വിശ്വസിക്കുമ്പോൾ അദ്ദേഹത്തെ നിഷേധിക്കുകയെന്നത് ഖുർആന്റെ ഭാഷയിൽ കുഫ്റ്

അല്ലേ? കുഫ്റ് എന്നതിന്റെ അർത്ഥം നിഷേധിക്കുക എന്നാണ ല്ലോ. ഖുർആന്റെ ഈ വിധിയനുസരിച്ച് ദൈവനിയുക്തനായ ആളെ നിരാകരിക്കുന്നത് കുഫ്റാണെന്ന് മാത്രമാണ് അഹ്മദികൾ പറ യുന്നത്.

ചുരുക്കത്തിൽ, അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ മറ്റുള്ള വരെല്ലാം ഒന്നുചേർന്നിരിക്കുന്നത്, ഇക്കാലത്ത് ദൈവത്തിങ്കൽനിന്ന് വെളിപ്പെട്ട സത്യത്തിൽ അവർ വിശ്വസിച്ചിരിക്കുന്നതുകൊണ്ട ല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. അങ്ങനെ ദൈവത്തിങ്കൽനിന്നുള്ള സത്യാത്മാക്കളെ കൈക്കൊണ്ടവർക്കാണല്ലോ എല്ലാ കാലങ്ങ ളിലും ഇത്തരം അവസ്ഥ അനുഭവമായിട്ടുള്ളത്. ഇപ്രകാരം മറ്റെല്ലാ മുസ്ലിം കക്ഷികളും അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ ഒരു ഭാഗ ത്തുചേർന്ന് നില്ക്കുന്നതായി കാണുന്നതുതന്നെ മോക്ഷപ്രാപ്തി ക്കർഹരായ ആ ഒരു കൂട്ടർ അഹ്മദിയ്യാ ജമാഅത്താണെന്നതി ലേക്ക് മതിയായ ഒരു സാക്ഷ്യമാണ്.

## തബ്‌ലീഗ് ചെയ്യുന്ന ജമാഅത്ത്

എഴുപത്തിമൂന്ന് കക്ഷിയിൽ മോക്ഷത്തിന്നർഹരായ ഒരുകൂ ട്ടർ ഏതാണെന്ന് മനസ്സിലാക്കിത്തരുന്ന അഞ്ചു സംഗതി നബിതി രുമേനി(സ)യുടെ ആ പ്രവചനത്തിൽനിന്നുതന്നെ എടുത്തു വിവ രിച്ചുകഴിഞ്ഞു. ഇനി വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാകുന്ന ചില സംഗതികൾകൂടി പ്രസ്താവിച്ചുകൊള്ളുന്നു. ഖുർആനിൽ നബി തിരുമേനിയുടെ അനുചരസംഘത്തിന് ശ്രേഷ്ഠസമുദായം എന്നാണ് നാമാഭിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. ആ ശ്രേഷ്ഠസമു ദായത്തിന്നുള്ളതായി വിശുദ്ധഖുർആൻ എടുത്തുപറഞ്ഞിരിക്കുന്ന ഗുണം ഏതൊരുകൂട്ടരിൽ തെളിഞ്ഞുകാണുന്നുവോ അവർ മാത്രമേ മോക്ഷത്തിന്നർഹരായ കക്ഷി ആയിരിക്കാൻ പാടുള്ളൂ. എന്തെ ന്നാൽ, ശ്രേഷ്ഠസമുദായത്തിന്റെ ആ പ്രത്യേകത ഒരു കക്ഷിക്കു ണ്ടായിരിക്കെ അവർ മോക്ഷത്തിന്നർഹരല്ലാതാകുകയും ആ പ്രത്യേകതയില്ലാത്ത മറ്റേതെങ്കിലുമൊരു കക്ഷി മോക്ഷത്തിന്നർഹ രായിത്തീരുകയും ചെയ്യുക സംഭാവ്യമല്ല. ശ്രേഷ്ഠസമുദായത്തെ ക്കുറിച്ച് വിശുദ്ധഖുർആൻ പറയുന്നത് ഇപ്രകാരമാണ്:



كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ
وَتَنْهَوْنَ عَنِ الْمُنْكَرِ وَتُؤْمِنُونَ بِاللَّهِ

"നിങ്ങൾ മനുഷ്യർക്കായി എഴുന്നേൽപിക്കപ്പെട്ട സമുദായ ങ്ങളിൽവെച്ച് ശ്രേഷ്ഠസമുദായമാകുന്നു. നിങ്ങൾ നന്മ ഉപദേശി ക്കുകയും തിന്മ വിരോധിക്കുകയും ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവരാണ്"(3:111). ഈ ദൈവവാക്യത്തിൽ, മുസ്ലിംകളെ ക്കുറിച്ച് ശ്രേഷ്ഠസമുദായമെന്ന് പറഞ്ഞതിനെ തുടർന്ന്, അവർ നന്മ ഉപദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവരാ ണെന്ന് പറഞ്ഞിരിക്കുന്നതിൽനിന്ന് ശ്രേഷ്ഠസമുദായത്തിന് ഈ ലക്ഷണം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണെന്നും ആ സംഗ തിയിലാണ് അവരെ ശ്രേഷ്ഠസമുദായമെന്ന് വിളിച്ചിരിക്കുന്ന തെന്നും മനസ്സിലാകുന്നു. അതായത് അവർ സത്യത്തേയും ധർമ്മ ത്തേയും കുറിച്ച് ഉപദേശിക്കുകയും അസത്യത്തേയും അധർമ്മ ത്തേയും കുറിച്ച് വിരോധിക്കുകയും ദൈവത്തിൽ ദൃഢമായി വിശ്വ സിക്കുകയും ചെയ്യുന്നവരാകുന്നു. ഈ ലക്ഷണം നബിതിരുമേനി യുടെ അനുചരസംഘത്തിന് എത്രയും പരിപൂർണ്ണമായ നിലയിൽ ഉണ്ടായിരുന്നുവെന്നത് അവിതർക്കിതമാണ്. അതുകൊണ്ട് അവർ ശ്രേഷ്ഠസമുദായം എന്ന പേരിന് തികച്ചും അർഹരായിരുന്നു. അവർ സർവ്വവിധ ത്യാഗവും ചെയ്ത് ദൈവദൗത്യം മറ്റുള്ളവർക്ക് എത്തിക്കുകയും ആ സത്യത്തിന് എതിരായ സംഗതികളെ അസ ത്യമെന്ന് തെളിയിക്കുകയുമാണ് ചെയ്തത്. ഇസ്ലാംമത പ്രചാര ണത്തിനുവേണ്ടി അവർ ദേഹംകൊണ്ടും ധനംകൊണ്ടും പ്രവർത്തി ക്കുകയും ഇസ്ലാമിനെ വാൾകൊണ്ട് നശിപ്പിക്കുവാൻ പുറപ്പെട്ട വരോട് പോരാടുകയും ചെയ്തു. ഇങ്ങനെ നന്മ ഉപദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുകയെന്ന കടമയെ അവർ എത്രയും പ്രശസ്തമായ നിലയിൽ നിർവ്വഹിച്ചുപോന്നു. അവരും അവരുടെ പിൻഗാമികളും ഇസ്ലാംമത പ്രബോധനത്തിനുവേണ്ടി ചെയ്ത പരിശ്രമങ്ങളുടെയും ത്യാഗങ്ങളുടെയും ഫലമായിട്ടുതന്നെയാണ് ലോകത്തിന്റെ പല ഭാഗങ്ങളിലും ഇസ്ലാം പ്രചരിച്ചത്. നന്മ ഉപ ദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്കയെന്നതിന്റെ അർത്ഥം നമസ്കാരം, നോമ്പ് തുടങ്ങിയ കർമ്മങ്ങളനുഷ്ഠിക്കു കയും കളവ്, മോഷണം തുടങ്ങിയ ദുർവൃത്തികളെ പരിത്യജിക്കു

കയും ചെയ്യണമെന്ന തരത്തിലുള്ള ഉപദേശം ചെയ്യുക മാത്രമല്ല എന്തെന്നാൽ, മുസ്‌ലിംകളുടെ കർമ്മപരമായ ഇത്തരം സംഗതി കളെ സംബന്ധിച്ച ഉപദേശം നബിതിരുമേനിയുടെ ശിഷ്യർക്കും അനന്തരഗാമികൾക്കും അമുസ്‌ലിംകളോട് ആദ്യമേ ചെയ്യാവതല്ല ല്ലോ. അപ്പോൾ അവരുടെ ഉപദേശത്തിന്റെ പ്രഥമവും പ്രധാനവു മായ ഭാഗം ഇസ്‌ലാമിന്റെ സത്യത്തെയും തത്ത്വത്തെയും സംബ ന്ധിച്ചുള്ള പ്രബോധനം തന്നെയായിരിക്കണം. കർമ്മപരമായ കാര്യ ങ്ങളെ സംബന്ധിച്ച ഉപദേശമാകട്ടെ ആ സത്യത്തെ സ്വീകരിച്ചവ രോട് ആയിരിക്കണമല്ലോ. തന്നെയുമല്ല, സത്യദൈവത്തെയും അവന്റെ ഏകത്വത്തെയും അവങ്കൽനിന്ന് വെളിപ്പെട്ട സത്യത്തെയും കുറിച്ചുള്ള ഉപദേശം തന്നെയാണ് നല്ലതിനെക്കുറിച്ചുള്ള ഉപദേശ ങ്ങളിൽവെച്ച് പ്രധാനമായത്.

ചുരുക്കത്തിൽ, സഹാബികളും അനന്തരഗാമികളും ഇസ്‌ലാ മികസത്യത്തെ ലോകത്തിന് പ്രത്യക്ഷമാക്കിക്കൊടുക്കുന്നതിനു മനസാ വാചാ കർമ്മണാ ഉറ്റു പരിശ്രമിക്കുകയും അതിലേക്ക് തങ്ങ ളുടെ ദേഹവും ധനവും സമയവും വിനിയോഗിക്കുകയും ചെയ്തു. അതേപ്രകാരംതന്നെ അവർ ദൈവത്തിൽ ദൃഢമായ വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്തു. നബിതിരുമേനിയുടെ സാഹചര്യവും ശിക്ഷണവും മുഖേന അവർക്ക് ദൈവത്തിലുണ്ടായിരുന്ന വിശ്വാസം സുദൃഢവും സജീവവും അനുഭവസിദ്ധവും ആയിരു ന്നു. അതുകൊണ്ടുതന്നെയാണ് അവർക്ക് ഇസ്‌ലാമിനുവേണ്ടി ജീവനും ധനവും ഉഴിഞ്ഞുവെച്ചുകൊണ്ട് പ്രവർത്തിക്കാനുള്ള സന്ന ദ്ധതയും ഉത്സാഹവും ഉണ്ടായത്. ഒരു ജനത്തിന് ഇങ്ങനെ സജീ വമായ ദൈവവിശ്വാസം ഉണ്ടായിത്തീരുന്നത് ദൈവത്താൽ നിയു ക്തനാകുന്ന ഒരു സത്യാത്മാവിന്റെ ശിക്ഷണം മുഖേനതന്നെയാ ണ്. ഇത്തരത്തിലുള്ള ദൈവവിശ്വാസത്തെക്കുറിച്ചാണ് മേലുദ്ധരിച്ച ഖുർആൻ വാക്യത്തിൽ 'നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നവ രാകുന്നു' എന്ന് ശ്രേഷ്ഠസമുദായത്തെ പ്രശംസിച്ചു പറഞ്ഞിരി ക്കുന്നത്; അല്ലാതെ വെറും നാമമാത്രമായ വിശ്വാസത്തെക്കുറിച്ച ല്ല. പേരിനു മാത്രമുള്ള സാമാന്യവിശ്വാസമാണെങ്കിൽ അത് അമു സ്‌ലിംകളായ യഹൂദീനസാറാക്കൾക്കും മുശ്‌രിക്കുകൾക്കുകൂടിയും ഉണ്ടായിരുന്നു. അതിനാൽ, നിങ്ങൾ 'ദൈവത്തിൽ വിശ്വസിക്കു ന്നവരാകുന്നു' എന്ന് നബിതിരുമേനിയുടെ ശിഷ്യഗണത്തെക്കുറിച്ച്



പറഞ്ഞത്, അവർക്ക് തിരുമേനി മുഖേന സിദ്ധിച്ച തരത്തിലുള്ള ദൈവവിശ്വാസം മറ്റുള്ളവർക്ക് ഇല്ലാതിരുന്നതുകൊണ്ടുതന്നെ യാണ്. ചുരുക്കത്തിൽ, സഹാബികളും അനന്തരഗാമികളും തങ്ങൾക്ക് നബിതിരുമേനി(സ) മുഖേന അനുഭവമായ ദൃഷ്ടാന്ത ങ്ങൾവഴി ദൈവത്തിൽ ദൃഢമായി വിശ്വസിച്ചവരും ഇസ്‌ലാംമ തത്തെ അന്യർക്ക് പ്രബോധിക്കുന്നതിനുവേണ്ടി വളരെയധികം പ്രയത്നിച്ചവരുമായിരുന്നു. ഈ ഗുണം ക്രമേണ മുസ്‌ലിംകളിൽ കുറഞ്ഞു കുറഞ്ഞുവരികയും അവർ കക്ഷിപ്രതികക്ഷികളായി പിരിഞ്ഞു തമ്മിൽ മത്സരിക്കുകയും ഒടുവിൽ യഹൂദീനസാറാക്ക ളെപ്പോലെയായി അവരിൽ ഇസ്‌ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം ബാക്കിയാകുമെന്നു പ്രവചിക്കപ്പെട്ട ആ കാലം വന്നെത്തുകയും ചെയ്തു. ഇങ്ങനെ അവർ ഇസ്‌ലാമിൽനിന്നകന്ന് ഭിന്നകക്ഷികളായി പിരിഞ്ഞിരിക്കുന്ന ഘട്ടത്തിൽ അവരിൽ ഏതൊരു കക്ഷിയിലാണോ ശ്രേഷ്ഠസമുദായത്തിന്റെ ഗുണമായി വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്ന ആ പ്രത്യേകത കാണുമാറാ കുന്നത്, ആ കൂട്ടർതന്നെയാണ് മോക്ഷപ്രാപ്തിക്കർഹരായ ഒരു കക്ഷി. എന്നല്ലാതെ, ശ്രേഷ്ഠസമുദായത്തിന്റെ ആ പ്രത്യേകത യുള്ള കക്ഷി മോക്ഷത്തിന്നർഹരല്ലാതായി പോകുകയും ആ ഗുണ മില്ലാത്ത മറ്റേതെങ്കിലുമൊരു കക്ഷി മോക്ഷത്തിന്നർഹരായിത്തീ രുകയും ചെയ്ക ഒരിക്കലും സംഭാവ്യമല്ല. അപ്രകാരം വരികയെ ന്നത് വിശുദ്ധഖുർആനും യുക്തിക്കും നബിതിരുമേനിയുടെ ശിഷ്യസംഘത്തിന്റെ സ്ഥാനത്തിനും ഭംഗകരമാകുന്നു.

ഇനി ശ്രേഷ്ഠസമുദായത്തിന്റെ പ്രത്യേകതയായി വിശുദ്ധ ഖുർആൻ പറഞ്ഞിരിക്കുന്ന പ്രസ്തുത ഗുണം മുസ്‌ലിംകളെന്ന് പറയുന്ന വിവിധ കക്ഷികളിൽ ആർക്കാണുള്ളതെന്നു നോക്കാം. ഈ സംഗതി മനസ്സിലാക്കുന്നതിന് നാം അത്രയൊന്നും വിഷമി ക്കേണ്ടി വരികയില്ല. സ്വപ്രസ്ഥാനത്തിന്റെ ആദർശംതന്നെ ഇസ്‌ലാംമത പ്രബോധനമാണെന്ന് പ്രസ്താവിക്കുകയും അതനു സരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു മുസ്‌ലിംകക്ഷി അഹ്മ ദിയ്യാ ജമാഅത്ത് മാത്രമാണെന്ന് ആർക്കും നിഷ്പ്രയാസം കാണാ വുന്നതാണ്. ഈ ജമാഅത്ത് ജനസംഖ്യയിലും ധനശക്തിയിലും മറ്റെല്ലാ കക്ഷികളേയും അപേക്ഷിച്ച് തുലോം ചെറിയ ഒരു കൂട്ടരാ യിരുന്നിട്ടും കോടിക്കണക്കായുള്ള ഇതര മുസ്‌ലിംകൾക്കു

ചെയ്യുവാൻ സാധിക്കാത്ത തരത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും ചെന്ന് ഇസ്ലാംമത പ്രബോധനം ചെയ്തുവരുന്നതും ഇവർ തന്നെയാണ്. ഇതിന്നുവേണ്ടി ജമാഅത്ത് ലക്ഷക്കണക്കായ രൂപ ചെലവിടുകയും പലവിധ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും സഹിക്കുകയും ചെയ്യുന്നു. ഈ വസ്തുത വിവിധ മതാനുയായികളായ പല വിദ്വാന്മാരും സമ്മതിച്ചിട്ടുമുണ്ട്. അമൃതസറിലെ '**തൻസീം**' പത്രത്തിൽ അതിന്റെ അധിപരായ മൗലവി **അബ്ദുൽ മജീദു ഖർശി** ഇങ്ങനെ എഴുതിയിരിക്കുന്നു. "അതിന്റെ (അഹ്മദിയ്യാ ജമാഅത്തിന്റെ) സംഖ്യാബലം നിസ്സാരമാണെങ്കിലും പ്രവൃത്തിരംഗത്ത് അതിന്നുള്ള സ്ഥാനം എത്രയും വലുതാണ്. ഭിന്നിച്ചുകിടക്കുന്ന കോടിക്കണക്കിലുള്ള മുസ്ലിംകൾക്ക് ചെയ്യാനാകാത്ത കാര്യം സുസംഘടിതമായ ഈ ചെറുസംഘം എളുപ്പത്തിൽ നിർവ്വഹിച്ചുപോരുന്നു. ഇന്ന് ഇന്ത്യയിൽ അഹ്മദിയ്യാ പ്രചാരകസംഘടനയോടു താരതമ്യപ്പെടുത്താവുന്ന വല്ലൊരു സംഘടനയുമുണ്ടെങ്കിൽ അത് ക്രിസ്ത്യാനികളുടേതു മാത്രമാണ്. എന്നാൽ, ആത്മാർത്ഥത, ത്യാഗബോധം, അച്ചടക്കം, അനുസരണം മുതലായ ഗുണങ്ങളെ അടിസ്ഥാനമാക്കി നോക്കുമ്പോൾ ഇന്ത്യൻ ക്രിസ്ത്യാനികൾ അഹ്മദികളുടെ അയലത്തുപോലും എത്തുകയില്ലതന്നെ" (തൻസീം, 28-12-1926). ഗോറക്പൂരിലെ '**മശ്രിഖ്**' പത്രം പറഞ്ഞിരിക്കുന്നു: 'അഹ്മദിയ്യാ സംഘം എങ്ങനെയുള്ള ത്യാഗബുദ്ധിയോടും ശ്രദ്ധയോടും ഉത്സാഹത്തോടും കൂടിയാണോ ഇസ്ലാംമത പ്രചാരണാർത്ഥം പ്രയത്നിച്ചുവരുന്നത്, അങ്ങനെയുള്ള പ്രയത്നം ഇക്കാലത്ത് മറ്റു സംഘങ്ങളുടെയിടയിൽ കാണപ്പെടുന്നില്ല' (മശ്രിഖ്, 15-3-1923) അതേ പത്രംതന്നെ വീണ്ടും പറയുകയാണ്. "ആദിമ മുസ്ലിംകളെപ്പോലെ യാതൊരു സംഘത്തേയോ വ്യക്തിയേയോ ഭയപ്പെടാതെ യഥാർത്ഥമായ ഇസ്ലാമികസേവനം ചെയ്തുകൊണ്ടിരിക്കുന്നത് അഹ്മദിയ്യാ സംഘം മാത്രമാകുന്നു" (മശ്രിഖ്, 22-9-1927). ലാഹോറിലെ 'സമീന്ദാർ' പത്രം പറഞ്ഞിരിക്കുന്നതാണിത്. "അഹ്മദിയ്യാ സംഘം ഇസ്ലാമിന് അമൂല്യമായ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. നമ്മുടെ പണ്ഡിതന്മാരും പുരോഹിതന്മാരും യാതൊരു ചലനവും ചിന്തയും കൂടാതെ ഇരിക്കുന്ന ഇക്കാലത്ത് ദൃഢനിശ്ചയത്തോടുകൂടി ഈ സംഘം ഇസ്ലാമിന്ന് മഹത്തായ സേവനം ചെയ്തുകൊണ്ടിരിക്കുന്നു" (സമീന്ദാർ 24-6-1923) ഈജിപ്തിലെ '**അൽഫത്ഹ്**' പത്രം ഇങ്ങനെ പറഞ്ഞിരിക്കുന്നു:



"അഹ്മദിയ്യാ ജമാഅത്തിന്റെ മഹത്തായ പ്രവൃത്തികളെ ശരിയായ നിലയിൽ വീക്ഷിക്കുന്ന ഏതൊരാളും അവരുടെ പ്രവൃത്തികളെക്കുറിച്ച് അത്ഭുതപ്പെടാതിരിക്കുകയില്ല. എന്തെന്നാൽ, ഈ ചെറിയസംഘം സാധിച്ചിരിക്കുന്നത് കോടിക്കണക്കായ മുസ്ലിംകൾക്ക് ചെയ്യാൻ കഴിയാത്ത കാര്യമാണ്" (അൽഫത്ഹ്, 1351 ജമാദിസ്സാനി, 20). ദൽഹിയിലെ '**തേജ്**' എന്ന ആര്യപത്രം പറഞ്ഞിരിക്കയാണ്: "ലോകത്തെങ്ങുമുള്ള മുസ്ലിംകളിൽവച്ച് ഫലപ്രദമായും നിരങ്കുശമായും മതപ്രചാരണവേല നടത്തിവരുന്ന ഏകസംഘം അഹ്മദിയ്യാ ജമാഅത്താണ്. വാസ്തവത്തിൽ ഇന്ത്യയിലും ഇതര രാജ്യങ്ങളിലും നമ്മുടെ ശുദ്ധിപ്രസ്ഥാനത്തിന് ഏറ്റവും വലിയ പ്രതിബന്ധമായി നിൽക്കുന്നത് ഈ അഹ്മദിയ്യാ സംഘമാണ്. അഹ്മദിയ്യാ സംഘത്തിന്റെ സ്വാധീനശക്തി ഇന്ത്യയിൽ മാത്രമല്ല, ഇതര രാജ്യങ്ങളിലും വ്യാപിച്ചിട്ടുണ്ട്. യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക, ആസ്ത്രേലിയ എന്നീ രാജ്യങ്ങളിലും അറേബ്യ മുതലായ ഏഷ്യയുടെ മറ്റു ഭാഗങ്ങളിലും എന്നല്ല ലോകത്തെ പ്രധാന രാജ്യവിഭാഗങ്ങളിലെല്ലാം ഈ സംഘത്തിന്റെ ശാഖകളോ വ്യക്തികളോ പ്രവർത്തനം നടത്തിപ്പോരുന്നു. അതിനാൽ, നാം ഇന്ത്യയിൽവച്ച് അഹ്മദികളോട് എതിർക്കാതെ മതിമറന്നുകിടക്കുകയാണെങ്കിൽ നാളെ നമുക്ക് ഇസ്ലാമിക രാജ്യങ്ങളിലും യൂറോപ്പിലും അമേരിക്കയിലും ശുദ്ധിവേല ചെയ്യുന്നത് അസാദ്ധ്യമായിത്തീരുന്നതാണ്" (തേജ്, 25-7-1927). ഒരു അമേരിക്കൻ മിഷണറിയായ **പാതിരി ക്രീമർ** പറഞ്ഞതിപ്രകാരമാണ്. "ഇന്ത്യൻ മുസ്ലിംകളിൽ പൊതുവെ ഒരു നിരാശാഭാവമാണ് വ്യാപിച്ചിരിക്കുന്നത്. ഇതിന്നെതിരിൽ അഹ്മദിയ്യാ ജമാഅത്തിന്നിടയിൽ ഒരു നവചൈതന്യം കളിയാടിക്കൊണ്ടിരിക്കുന്നു. ഈ നിലക്ക് ഈ ജമാഅത്ത് എത്രയും ശ്രദ്ധേയമാണ്. ഇവർ തങ്ങളുടെ മുഴുവൻ ശ്രദ്ധയും കഴിവും ഇസ്ലാംമത പ്രബോധനത്തിന്നായി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. ഇസ്ലാംമതപ്രബോധനം ജീവിതോദ്ദേശ്യമായി വരിച്ചിട്ടുള്ള ഒരു സംഘം, മുസ്ലിംകളിൽ ഈയൊരു ജമാഅത്ത് മാത്രമാകുന്നു..... ഇവരുടെ ഇടയിൽ പരിലസിക്കുന്ന ത്യാഗസന്നദ്ധതയും തബ്ലീഗിനുള്ള തീവ്രശക്തിയും ഇസ്ലാമിന്റെ പേരിലുള്ള ആത്മാർത്ഥസ്നേഹവും കാണുമ്പോൾ അവിചാരിതമായിത്തന്നെ ഇവരെ അഭിനന്ദിച്ചുപോകുന്നു. ഞാൻ ഖാദിയാൻ സന്ദർശിച്ചപ്പോൾ അവിടെയുണ്ടായിരുന്ന ആളുകളെയെല്ലാം മതപ്രബോധനകാര്യത്തിൽ

ആവേശംകൊണ്ടവരായും ഇസ്‌ലാമിന്റെ വിജയത്തിൽ ഉറച്ചവിശ്വാസമുള്ളവരായുമാണ് കാണുകയുണ്ടായത്." (മുസ്‌ലിം വേൾഡ്, 1931 ഏപ്രിൽ ലക്കം) അഹ്‌മദിയ്യാ ജമാഅത്തിന്റെ ഇസ്‌ലാംമതപ്രചാരണാർത്ഥമുള്ള ഇത്തരം പരിശ്രമങ്ങളെക്കുറിച്ച് മറ്റു പലരും രേഖപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം ഇവിടെ എടുത്തുചേർക്കുക സാധ്യമല്ല. ഇപ്രകാരം ഇസ്‌ലാമിന്ന് സേവനം ചെയ്യുവാൻ ഈ ജമാഅത്ത് അനുഗൃഹീതരായി ഭവിച്ചത്, ഇസ്‌ലാംമതത്തെ ഉദ്ധരിക്കുന്നതിനും യഥാർത്ഥ ദൈവവിശ്വാസത്തെ ഉജ്ജീവിപ്പിക്കുന്നതിനും വേണ്ടി, നബിതിരുമേനിയുടെ പ്രതിപുരുഷനായി ദൈവം ഇക്കാലത്ത് നിയോഗിച്ചയച്ച ഹദ്‌റത്ത് അഹ്‌മദിൽ ഇവർ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ ശിക്ഷണം മുഖേന ഇവർക്ക് സജീവമായ ദൈവവിശ്വാസം ഉണ്ടായിത്തീരുകയും ചെയ്തതുകൊണ്ടുതന്നെയാണ്. അല്ലെങ്കിൽ, കോടിക്കണക്കായ മുസ്‌ലിംകളും, അവരുടെ ഇടയിൽ ലക്ഷക്കണക്കിന് ആലിംകളും പ്രഭുക്കന്മാരും ഉണ്ടായിരുന്നിട്ടും അവർ ഇസ്‌ലാമിനുവേണ്ടി യാതൊന്നും പ്രവർത്തിക്കാതെയും ദേഹംകൊണ്ടോ ധനംകൊണ്ടോ അതിനെ സഹായിക്കാതെയും ഇസ്‌ലാംമത പ്രബോധനം ആവശ്യമാണെന്ന ബോധംതന്നെ ഇല്ലാതെയും ഉറങ്ങിക്കിടക്കുന്ന ഇക്കാലത്ത് സാധുക്കളും ബലഹീനരുമായ എത്രയും ചെറിയ ഒരു സംഘക്കാരായ അഹ്‌മദിയ്യാ ജമാഅത്തിനുമാത്രം ഇപ്രകാരം ഇസ്‌ലാമിന് സേവനം ചെയ്യുവാനും അതിലേക്ക് തങ്ങളുടെ ധനത്തേയും സുഖത്തേയും ബലിയർപ്പിക്കുവാനും സാധിക്കുന്നതല്ലതന്നെ! ചുരുക്കത്തിൽ, ശ്രേഷ്ഠസമുദായത്തിനുള്ളതായി വിശുദ്ധഖുർആൻ പറയുന്നതും പൂർവ്വ മുസ്‌ലിംകൾക്കുണ്ടായിരുന്നതുമായ ഈ പ്രത്യേകത ഇന്ന് അഹ്‌മദിയ്യാ ജമാഅത്തിനുമാത്രം ഉള്ളതായി കാണുന്നതുകൊണ്ടും എഴുപത്തിമൂന്ന് കക്ഷിയിൽ മോക്ഷപ്രാപ്തിക്കർഹരായ ഒരു കക്ഷി അവർതന്നെയാണെന്ന് സ്പഷ്ടമാകുന്നു. എന്തെന്നാൽ, ഈ ശ്രേഷ്ഠഗുണം ഉള്ളതായി കാണപ്പെടുന്ന കക്ഷിയേതോ അവർ തന്നെയാണ് മോക്ഷത്തിന്നർഹരായിരിക്കേണ്ടത്. ശ്രേഷ്ഠസമുദായത്തിന്റെ ഈ ലക്ഷണമുള്ള ഒരുകൂട്ടർ പിൽക്കാലത്തുണ്ടാകുമെന്നു കൂടി നബിതിരുമേനി(സ) അരുൾ ചെയ്തിട്ടുണ്ട്. തിരുമേനി പറഞ്ഞിരിക്കുന്നതിപ്രകാരമാണ്:




سيكون في آخر هذه الأمة قوم لهم مثل أجر أولهم يأمرون
بالمعروف و ينهون عن المنكر و يقاتلون أهل الفتن (مشكوة)

"ഈ സമുദായത്തിന്റെ അവസാനഘട്ടത്തിൽ ഒരു കൂട്ടരുണ്ടായിവരും. അവർക്ക് അവരുടെ ആദ്യത്തവരുടെ മാതിരി പ്രതിഫലം ലഭിക്കും; അവർ നല്ലതിനെ ഉപദേശിക്കുകയും തിയ്യതിനെ വിരോധിക്കുകയും 'ഫിത്‌ന'ക്കാരോട് യുദ്ധം ചെയ്യുകയും ചെയ്യും" (മിശ്ക്കാത്ത്). ഈ നബിവചനത്തിൽ, പൂർവ്വമുസ്‌ലിംകളെപ്പോലെ സത്യപ്രബോധനം ചെയ്യുകയും 'ഫിത്‌ന'ക്കാരോട് പോരാടുകയും ചെയ്യുന്ന ഒരുകൂട്ടർ അവസാന കാലത്തുണ്ടാകുമെന്നും അതിനാൽ അവർക്ക് ആ പൂർവ്വീകർക്കുള്ളമാതിരി പ്രതിഫലം ലഭിക്കുമെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇങ്ങനെ, അവസാനകാലത്ത് മുസ്‌ലിംകൾ പൊതുവെ ദുഷിച്ചുപോകുകയും അവർ പല കക്ഷികളായി പിരിഞ്ഞു യഹൂദി നസാറാക്കളെപ്പോലെയായിത്തീരുകയും അവരിൽ ഒരു കക്ഷിമാത്രം മോക്ഷത്തിന്നർഹരായിരിക്കുകയും ചെയ്യുമെന്ന് അരുളിയ നബിതിരുമേനി(സ) തന്നെ അവസാനകാലത്ത് ആദിമ മുസ്‌ലിംകളെപ്പോലെ ശ്രേഷ്ഠഗുണമുള്ള ഒരുകൂട്ടർ ഉണ്ടായിവരുമെന്നും പ്രവചിച്ചുകൊണ്ട് മോക്ഷത്തിന്നർഹരായ ആ ഒരുകൂട്ടർ ശ്രേഷ്ഠസമുദായത്തിന്റെ ഗുണമുള്ളവരാണെന്ന് മനസ്സിലാക്കിത്തന്നിരിക്കുന്നു. പ്രസ്തുത നബിവചനത്തിൽ 'അവർ ഫിത്‌നക്കാരോട് യുദ്ധം ചെയ്യുകയും ചെയ്യും' എന്ന് പറഞ്ഞിരിക്കുന്നതിന്റെ സാധ്യം അവർ വാളുകൊണ്ട് യുദ്ധം ചെയ്യുമെന്നല്ല. യുദ്ധം എന്നതിന്ന് എല്ലാ സ്ഥലത്തും വാൾകൊണ്ടുള്ള യുദ്ധം എന്നുതന്നെ അർത്ഥമായിരിക്കണമെന്നില്ല. ഫിത്‌നക്കാർ ഏതുതരം ആയുധംകൊണ്ട് ഇസ്‌ലാമിനെ എതിർക്കുന്നുവോ അതേവിധം ആയുധംകൊണ്ട് അവരോട് പോരാടി ഇസ്‌ലാമിനെ രക്ഷിക്കും എന്നാണ് ഇവിടെ യുദ്ധം ചെയ്യുമെന്നതിന്റെ വിവക്ഷിതം. ഇസ്‌ലാമിന്നെതിരായി എല്ലാ പ്രസ്ഥാനവും ഫിത്‌നതന്നെയെങ്കിലും വിശുദ്ധഖുർആൻ എത്രയും വമ്പിച്ച ഫിത്‌നയായി പറഞ്ഞിരിക്കുന്നത് ക്രിസ്ത്യൻഫിത്‌നയെക്കുറിച്ചും, നബിതിരുമേനി(സ) അത്യന്തം ഭയാനകമായ ഫിത്‌നയായി പറഞ്ഞിരിക്കുന്നത് ദജ്ജാലീഫിത്‌നയെക്കുറിച്ചുമാണ്. ഇതിൽനിന്ന് ഈ രണ്ട് ഫിത്‌നയും ഒന്നുതന്നെയാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഒരുഭാഗത്ത് ഇസ്‌ലാംമത പ്രചാരണത്തിനുവേണ്ടി വളരെയൊക്കെ പരിശ്രമിക്കുകയും മറു

ഭാഗത്ത് ഏറ്റവും വമ്പിച്ച ഫിത്നയോട് മല്ലിടുകയും ചെയ്യുന്നത് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണെന്ന വസ്തുത അവരുടെ മത പ്രബോധനപ്രവൃത്തികളെക്കുറിച്ച് അറിയുന്നവരോട് പ്രത്യേകം പറയേണ്ടതില്ല. ഇങ്ങനെ വിശുദ്ധഖുർആൻ ശ്രേഷ്ഠസമുദായത്തിനുള്ളതായി പറയുന്ന ഗുണവും അന്ത്യകാലത്ത് അങ്ങനെയുള്ള ഗുണത്തോടുകൂടി ഉണ്ടായിവരുന്ന ഒരു പ്രത്യേക കൂട്ടർക്കുള്ളതായി നബിതിരുമേനി(സ) പറഞ്ഞിരിക്കുന്ന ലക്ഷണവും ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്തിൽമാത്രം കാണപ്പെടുന്നതുകൊണ്ട് മോക്ഷപ്രാപ്തിക്കർഹരായ ഒരുകൂട്ടർ അവർ തന്നെയാണെന്ന് സ്പഷ്ടമാകുന്നു.

## ഖലീഫയുടെ നേതൃത്വം

എഴുപത്തിമൂന്ന് കക്ഷിയിൽ രക്ഷക്കർഹരായ ഒരുകൂട്ടർ ഏതാണെന്ന് മനസ്സിലാക്കിത്തരുന്ന മറ്റൊരു ഖുർആൻ വാക്യം ഇതാണ്.


وعد الله الذين آمنوا منكم وعملوا الصالحات
ليستخلفنهم في الأرض كما استخلف الذين من
قبلهم وليمكنن لهم دينهم الذي ارتضى لهم
وليبدلنهم من بعد خوفهم أمنا يعبدونني
لا يشركون بي شيئا ومن كفر بعد ذلك فأولئك
هم الفاسقون

''നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മം അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവരെ അവർക്ക് മുമ്പേയുണ്ടായിരുന്നവരെ ഖലീഫമാർ (പ്രതിനിധികൾ) ആക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും, അവർക്കായിട്ടു താൻ തൃപ്തിപ്പെട്ടിട്ടുള്ള മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവർ എന്നോട് യാതൊന്നിനേയും പങ്കുചേർക്കാതെ എന്നെത്തന്നെ ആരാധിക്കുന്നതാണ്. ഇതിന്നുശേഷം ആർ നിഷേധിക്കുന്നുവോ അവർ അധർമ്മികളാകുന്നു' (24:56) ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന



ത്, സത്യവിശ്വാസികളും സൽക്കർമ്മികളുമായുള്ള യഥാർത്ഥ മുസ്ലിംകൾക്ക് ദൈവം ഖിലാഫത്ത് എന്ന അനുഗൃഹീത സ്ഥാപനം ഏർപ്പെടുത്തിക്കൊടുക്കുകയും അതുവഴി അവരുടെ മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭീതിയെ അകറ്റി അവരെ സമാധാനത്തിലാക്കിത്തീർക്കുകയും ചെയ്യുമെന്നാണ്. അതുകൊണ്ട്, മുസ്ലിംകക്ഷികളിൽവെച്ച് ഏതൊരു കൂട്ടരിൽ ഖിലാഫത്ത് നിലവിലുള്ളതായിട്ട് കാണുന്നുവോ അവർ തന്നെയാണ് സത്യവിശ്വാസവും സൽക്കർമ്മവും വരിച്ച യഥാർത്ഥ മുസ്ലിംകളെന്ന് തീരുമാനിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ഖിലാഫത്ത് അങ്ങനെയുള്ളവർക്ക് നൽകുമെന്നാണ് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്. ഇങ്ങനെ തന്റെ അനുഗ്രഹദാനംമൂലം ദൈവം ഏതൊരു കക്ഷിയെയാണ് സത്യവിശ്വാസികളും സൽക്കർമ്മികളുമെന്ന് സാക്ഷീകരിക്കുന്നത് അവരല്ലാതെ മോക്ഷപ്രാപ്തിക്കർഹരായ ഒരുകൂട്ടർ മറ്റാരുമായിരിക്കാവതല്ല. എന്തെന്നാൽ ദൈവം തന്റെ പ്രവൃത്തിമൂലം യഥാർത്ഥമുസ്ലിംകളെന്ന് സാക്ഷ്യപ്പെടുത്തിയ ആ ഒരു കക്ഷി മോക്ഷത്തിന്നർഹരല്ലാതായിപ്പോകുകയും മറ്റേതെങ്കിലുമൊരു കക്ഷി അതിന്നവകാശികളായിത്തീരുകയും ചെയ്ക സംഭാവ്യമല്ല.

ഇസ്ലാമിൽ ഖിലാഫത്ത് എന്ന് പറയുന്നത് നബിതിരുമേനിയുടെ പ്രാതിനിധ്യം വഹിക്കുന്ന സ്ഥാനത്തിന്നാണല്ലൊ. ഈ സ്ഥാനം തിരുമേനിക്കുശേഷം തന്റെ ശിഷ്യന്മാരിൽ ഉണ്ടായിരിക്കുന്നതാണെന്ന് പഠിപ്പിക്കുന്ന ഒരു ദൈവവാക്യം മേലുദ്ധരിച്ചതു തന്നെയാണ്. അതിലെ വാഗ്ദത്തമനുസരിച്ചാണ് വിശുദ്ധനബിയുടെ നിര്യാണാനന്തരം തന്റെ ശിഷ്യന്മാരിൽ ഖിലാഫത്തുണ്ടായിക്കൊണ്ടിരുന്നത്. തിരുമേനിയുടെ യഥാർത്ഥമായ സ്ഥാനം തിരുമേനി നബിയും റസൂലുമാണെന്നുള്ളതാണ്. അതുകൊണ്ട്, ആ സത്യാത്മാവിന്റെ യഥാർത്ഥ പ്രാതിനിധ്യമാകട്ടെ ആദ്ധ്യാത്മികവും ധാർമ്മികവുമായ തിരുദൗത്യത്തെ സംബന്ധിക്കുന്ന ഒന്നാകുന്നു. തിരുമേനിയുടെ അവതാരോദ്ദേശ്യം മനുഷ്യരെ സന്മാർഗ്ഗികളാക്കിത്തീർക്കുകയും അവരെ ദൈവത്തിങ്കലേക്ക് നയിക്കുകയും ചെയ്യുകയെന്നതാണല്ലൊ. തന്മൂലം തിരുമേനിയുടെ യഥാർത്ഥ ഖലീഫമാർ ആദ്ധ്യാത്മികത്വത്തെ പുലർത്തുന്നതിന് പ്രതിനിധികളായിരിക്കേണ്ടതാകുന്നു. അതിനാൽ തന്നെയാണ്

عليكم بسنتي و سنة الخلفاء الراشدين المهديين "നിങ്ങൾ എന്റെ നടപടിക്രമത്തെയും സന്മാർഗ്ഗികളും മാർഗ്ഗദർശനം ലഭിച്ചവരുമായ എന്റെ ഖലീഫമാരുടെ ആചരണത്തെയും സ്വീകരിച്ചുകൊൾക" എന്ന് നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നത്. തിരുമേനിയുടെ അവതാരോദ്ദേശ്യം രാജ്യഭരണം സ്ഥാപിക്കുകയെന്നതല്ലെന്നിരിക്കിലും അല്ലാഹു തിരുമേനിക്ക് പാരിതോഷികമായി ഭരണാധികാരവും നൽകിയിരിക്കയാൽ, പിന്നീട്, കേവലം രാഷ്ട്രീയാധികാരത്തോടുകൂടിയ മുസ്‌ലിം രാജാക്കന്മാരും തിരുമേനിയുടെ പ്രതിനിധികളെന്നോണം ഖലീഫമാർ എന്ന് വിളിക്കപ്പെട്ടുപോന്നു. എന്നാൽ, തിരുമേനിയുടെ സാക്ഷാൽ പ്രാതിനിധ്യം രാഷ്ട്രസംബന്ധമല്ലെങ്കിലും രാജ്യഭരണവും പിന്നീട് തിരുമേനിക്ക് ലഭിച്ചിരിക്കകൊണ്ട്, ആദിമ ഖലീഫമാർ ആത്മീയവും ഭൗതികവുമായ രണ്ടുതരം ഖിലാഫത്തും ഉള്ളവരായിരുന്നു. അവർക്കുശേഷം വെറും ഭരണാധികാരികളായിത്തീർന്ന രാജാക്കന്മാർ ഭൗതികമായ നിലയിൽമാത്രം ഖലീഫമാരും ഇസ്‌ലാമിൽ ആവിർഭവിച്ചുകൊണ്ടിരുന്ന മുജദ്ദിദുമാർ ആത്മീയ പ്രാതിനിധ്യത്തോടുകൂടിയ സാക്ഷാൽ ഖലീഫമാരും ആയിരുന്നു. ചുരുക്കത്തിൽ, തിരുമേനിയുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് തിരുമേനിയുടെ അവതാരോദ്ദേശ്യം പൂർത്തീകരിക്കുന്ന ഖലീഫമാർ ഇസ്‌ലാമിൽ വന്നുകൊണ്ടിരിക്കുമെന്നാണ് മേലുദ്ധരിച്ച ആയത്തിൽ പറഞ്ഞിരിക്കുന്നത്. അതിനാൽ, ആ യഥാർത്ഥ ഖലീഫമാർക്ക് രാജ്യഭരണം ഉണ്ടായേ കഴിയൂ എന്നില്ല, ആ ഖലീഫമാർ സത്യവിശ്വാസികളും സൽക്കർമ്മികളുമായുള്ള യഥാർത്ഥ മുസ്‌ലിംകളിൽ ഉണ്ടായിക്കൊണ്ടിരിക്കുമെന്നാണ് പ്രസ്തുത ആയത്തുകൊണ്ട് വ്യക്തമാകുന്നത്.

അതുകൊണ്ട്, മുസ്‌ലിംകളിലുള്ള എഴുപത്തിമൂന്ന് കക്ഷിയിൽ ഏതൊരു കൂട്ടരിലാണോ ഈ ഖിലാഫത്തുണ്ടായിരിക്കുക അവർ തന്നെയാണ് മോക്ഷാർഹരായ ആ ഒരു കക്ഷി. ഇന്ന് ഈ ഖിലാഫത്ത് അഹ്മദിയ്യാ ജമാഅത്തിലാണ് സ്ഥിതിചെയ്യുന്നതെന്നുള്ളത് എല്ലാവരും അറിയുന്ന ഒരു വസ്തുതയാണ്. അതുകൊണ്ട് സത്യവിശ്വാസവും സൽക്കർമ്മവും വരിച്ച യഥാർത്ഥ ഇസ്‌ലാമിക സംഘവും മോക്ഷപ്രാപ്തിക്കർഹരായ ഏക കക്ഷിയും അവർ തന്നെയാണ്. ഇതര മുസ്‌ലിംകക്ഷികളിലൊന്നിലും ഖിലാഫത്ത്



എന്ന് പറയുന്ന ഈ അനുഗ്രഹം ഇല്ലെന്നത് അവർതന്നെ സമ്മതിക്കുന്ന ഒരു പരമാർത്ഥമാകുന്നു. അല്പകാലം മുമ്പേവരെ പേരിനുമാത്രം തുർക്കിസുൽത്താനെ അവർ ഖലീഫ എന്നു പറഞ്ഞുപോന്നിരുന്നു. എന്നാൽ, ആ ഖിലാഫത്താകട്ടെ, സുൽത്താന്റെ ഭരണത്തിൻകീഴിലുള്ള തന്റെ പ്രജകളുടെമേലുള്ള രാഷ്ട്രീയമായ അധികാരം മാത്രമായിരുന്നു. അല്ലാതെ, മുസ്‌ലിംകളിലുള്ള യാതൊരു കക്ഷിയും അദ്ദേഹത്തിന്റെ ആജ്ഞകൾക്കനുസരിച്ച് നടക്കേണ്ടത് തങ്ങളുടെ കർത്തവ്യമാണെന്ന് ധരിച്ച് അദ്ദേഹത്തെ അപ്രകാരം കൈക്കൊണ്ടിരുന്നില്ല. ഇന്നാകട്ടെ ആ നാമമാത്ര ഖിലാഫത്ത് തന്നെയും ഭൂമുഖത്തുനിന്ന് മായ്ക്കപ്പെട്ടുപോയി. അതിനെ ആ സുൽത്താന്റെ സ്വന്തം ജനമായ തുർക്കികൾതന്നെ വലിച്ചെറിഞ്ഞുകളയുകയാണ് ചെയ്തത്. ഇങ്ങനെ അഹ്മദികളല്ലാത്ത മറ്റു മുസ്‌ലിം കക്ഷികളിലൊന്നിലും ഖിലാഫത്താകുന്ന ദൈവാനുഗ്രഹം സ്ഥിതിചെയ്യുന്നില്ല. അഹ്മദികൾക്കാണെങ്കിൽ അവരുടെ അനുസരണത്തെ അർഹിക്കുന്ന ഇമാമും, മതപരവും ആത്മീയവുമായ കാര്യങ്ങളിൽ അവർക്ക് മാർഗ്ഗദർശനം ചെയ്യുന്ന ഗുരുവുമായ ഒരു ഖലീഫയുണ്ട്. സത്യവിശ്വാസികളും സൽക്കർമ്മികളുമായവർക്ക് നൽകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്ത് ഇങ്ങനെ അവരിൽ സ്ഥിതിചെയ്യുന്നുവെന്നത്, അവർ തന്നെയാണ് മോക്ഷപ്രാപ്തിക്കർഹരായ ആ യഥാർത്ഥ ഇസ്‌ലാമികകക്ഷി എന്നതിലേക്ക് മതിയായ ഒരു തെളിവാകുന്നു.

തനിക്കുശേഷം ആദ്യം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതുപോലെ പിൽക്കാലത്തും അതേരീതിയിലുള്ള ഖിലാഫത്തുണ്ടായിവരുമെന്ന് നബികരീം(സ) പ്രവചിച്ചിട്ടുണ്ട്. തിരുമേനി പറയുന്നതാണിത്:

تكون النبوة فيكم ما شاء الله أن تكون ثم يرفعها الله تعالى
ثم تكون خلافة على منهاج النبوة ما شاء الله أن تكون ثم
يرفعها الله تعالى ثم تكون ملكا عاضا فيكون ما شاء الله أن يكون
ثم يرفعها الله تعالى ثم تكون ملكا جبرية فيكون ما شاء الله
أن يكون ثم يرفعها الله تعالى ثم تكون خلافة على منهاج النبوة ثم
سكت ( مشكوة )

''അല്ലാഹു ഇച്ഛിക്കുന്നിടത്തോളം കാലം നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും; പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം, അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനിൽക്കും; പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇച്ഛിക്കുന്നതുവരെ സ്വേച്ഛാധിപത്യം നിലനിൽക്കും. പിന്നെ അവൻ അതിനെ എടുത്തുകളയും. അനന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം ബലാൽക്കാരപൂർവ്വമായ ഭരണം നിലനിൽക്കും; പിന്നെ അവൻ അതിനേയും എടുത്തുകളയും. പിന്നീട് നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്തുണ്ടായിവരും" (മിശ്ക്കാത്ത്, കിത്താബുർരിഖാഖ്). ഈ തിരുവചനത്തിൽ നിന്ന്, അവസാനകാലത്ത് നുബുവ്വത്തിന്റെ വഴിയിലുള്ള ഖിലാഫത്ത് ഉണ്ടായിവരുമെന്ന് സ്പഷ്ടമാകുന്നു. ഇത്തരത്തിലുള്ള ഖിലാഫത്ത് ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണുള്ളത്. വാഗ്ദാനം ചെയ്യപ്പെട്ട മസീഹ്, തന്റെ ഒരു ഖലീഫയും പ്രവാചകനുമായിരിക്കുമെന്ന് വിശുദ്ധനബിതിരുമേനി(സ) അരുൾചെയ്തിട്ടുണ്ട് (തബ്റാനി). അതിനാൽ, മേലുദ്ധരിച്ച ഹദീസിൽ അവസാനമായി നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് ഉണ്ടായിവരുമെന്ന് പറഞ്ഞിരിക്കുന്നത് ആ വാഗ്ദാനം ചെയ്യപ്പെട്ട മസീഹിനേയും തുടർന്നുണ്ടാകുന്ന ഖിലാഫത്തിനേയും ഉദ്ദേശിച്ചാണെന്ന് നല്ലപോലെ മനസ്സിലാക്കാവുന്നതാണ്.

നബിതിരുമേനി(സ) മൂസാനബിക്ക് സദൃശനായിവന്ന ഒരു പ്രവാചകനാണെന്ന് വിശുദ്ധഖുർആനിൽനിന്നും തൗറാത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. അതുകൊണ്ട് മുമ്പേയുദ്ധരിച്ച ഖുർആൻ വാക്യത്തിൽ "അവർക്ക് മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ" എന്ന് പറഞ്ഞിരിക്കുന്നത് മൂസാനബിയുടെ അനുയായികളിൽ ഉണ്ടായ ഖലീഫമാരെ സംബന്ധിച്ചാണെന്നത് സ്പഷ്ടമാണ്. അവരിൽ ഭരണാധികാരമുള്ളവരും ഇല്ലാത്തവരുമായ ഖലീഫമാർ ആഗതരായിട്ടുണ്ട്. മൂസാനബിക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ ഖലീഫയായി അവതരിച്ച ഈസാനബി (അ) ഭരണാധികാരമില്ലാത്ത ആളായിരുന്നു. ഇതിൽനിന്ന്, മൂസാനബിയുടെ സദൃശനായിട്ടുവന്ന നബിതിരുമേനിയുടെ അനുയായികളിൽ തിരുമേനിക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ ഈസാനബിയോട് സാദൃശ്യമുള്ള ഒരു ഖലീഫ ഉണ്ടാകുമെന്നും അദ്ദേഹ



ത്തിനുശേഷം തുടർന്നുണ്ടാകുന്ന ഖിലാഫത്ത് നുബുവ്വത്തിന്റെ തുടർച്ചയിലുള്ള ഖിലാഫത്തായിരിക്കുമെന്നും മനസ്സിലാകുന്നു. അവസാനത്തിൽ നുബുവ്വത്തിന്റെ കാലടികളിൽ ചരിക്കുന്ന ഖിലാഫത്ത് ഉണ്ടായിവരുമെന്നും അന്ത്യകാലത്ത് മസീഹ് അവതരിക്കുമെന്നും താൻ ആദ്യത്തിലും മസീഹ് ഒടുവിലുമുള്ള ഒരു സമുദായം നശിക്കുന്നതെങ്ങനെ എന്നും മറ്റും നബിതിരുമേനി(സ) പ്രവചിച്ചിട്ടുള്ളത് ഇതിലേക്ക് സാക്ഷ്യമാണ്. താൻ മൂസാനബിക്ക് സദൃശനായിട്ട് വന്നപോലെ തനിക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ തന്റെ ഖലീഫയായിട്ടുവരുന്ന മഹാത്മാവും പല സംഗതികളിലും ഈസാനബിയോട് സാദൃശ്യമുള്ള ഒരാളായിരിക്കുന്നതു കൊണ്ടു തന്നെയാണ് അദ്ദേഹത്തിന് 'മസീഹ്' എന്നും 'ഇബ്നുമർയം' എന്നും നബിതിരുമേനി(സ) നാമകരണം ചെയ്തിരിക്കുന്നത്.

എഴുപത്തിമൂന്ന് കക്ഷിയിൽ ഒരു കക്ഷി മാത്രം മോക്ഷത്തിന്നർഹരും മറ്റുള്ള കക്ഷികളെല്ലാം നരകാവകാശികളുമായിരിക്കുമെന്ന് നബിതിരുമേനി(സ) അരുൾചെയ്തത്, ദൈവത്താൽ നിയുക്തനാകുന്ന ഒരു മഹാത്മാവിന്റെ അവതാരത്തിനുശേഷം മാത്രം പൂർത്തിയാകേണ്ടുന്ന ഒന്നാണെന്ന് ഈ ലേഖനത്തിന്റെ ആദ്യഭാഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അങ്ങനെ ദൈവനിയുക്തനായ സത്യാത്മാവിനെ നിരാകരിക്കുന്നതുകൊണ്ടല്ലാതെ സത്യമതത്തിന്റെ അനുയായികളിൽ ഭൂരിപക്ഷക്കാർ നരകാവകാശികളായിത്തീരുകയില്ല. അതുകൊണ്ട്, ഒരു കക്ഷിമാത്രം മോക്ഷത്തിന്നർഹരും എഴുപത്തിരണ്ടുകൂട്ടരും നരകാവകാശികളുമായിരിക്കുമെന്ന് പ്രവചിക്കപ്പെട്ടിരിക്കുന്നത്, അവസാനകാലത്ത് നിയോഗിക്കപ്പെടുന്ന മഹാത്മാവിൽ വിശ്വസിക്കുന്നവരേയും അദ്ദേഹത്തെ നിഷേധിക്കുന്നവരേയും സംബന്ധിച്ച് മാത്രമായിരിക്കാനേ തരമുള്ളൂ. വാഗ്ദാനം ചെയ്യപ്പെട്ട ആ മഹാത്മാവിനെക്കുറിച്ചാണ് അവസാനകാലത്ത് മസീഹ് വരുമെന്ന് നബിതിരുമേനി(സ) പ്രവചിച്ചിരിക്കുന്നത്. ആ മസീഹിനെക്കുറിച്ചും അദ്ദേഹത്തിന്റെ ആവിർഭാവാനന്തരം ഉണ്ടാകുന്ന ഖിലാഫത്തിനെക്കുറിച്ചും തന്നെയാണ് മേലുദ്ധരിച്ച ഹദീസിന്റെ ഒടുവിൽ "നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്തുണ്ടായിവരും" എന്ന് വിശുദ്ധനബി(സ) അരുൾ ചെയ്തിരിക്കുന്നതും. ആകയാൽ, സത്യവിശ്വാസികളും സൽക്കർമ്മികളുമായ യഥാർത്ഥ മുസ്ലിംകളിൽ ഖിലാഫത്ത് ഉണ്ടായിരിക്കുമെന്ന് വിശുദ്ധഖുർആൻ പറഞ്ഞി

രിക്കുന്നത്, മോക്ഷാർഹരായ ഏക ഇസ്‌ലാമിക കക്ഷി ഏതാണെന്ന് മനസ്സിലാക്കിത്തരുന്ന ഒരു പ്രത്യക്ഷ സാക്ഷ്യപത്രമാകുന്നു. ഈ ലക്ഷണം ഇന്ന് അഹ്മദിയ്യാജമാഅത്തിൽ മാത്രം പൂർത്തിയായി കാണുന്നതുകൊണ്ട് അവർ തന്നെയാണ് ആ ഒരു പ്രത്യേക കക്ഷിയെന്ന് വ്യക്തമായിരിക്കുന്നു. മോക്ഷത്തിന്നർഹരായ ഒരു കൂട്ടർ താനും തന്റെ സഹചരരുമുണ്ടായിരുന്ന നിലയിൽ സ്ഥിതി ചെയ്യുന്നവരാണെന്നും അവർ ഒരു ജമാഅത്തായിട്ടിരിക്കുമെന്നും ആണല്ലൊ നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നത്. തിരുമേനിക്കുശേഷം ശിഷ്യഗണം ഖലീഫമാരെ തിരഞ്ഞെടുത്ത് അവരുടെ ഖിലാഫത്തധികാരത്തിൻകീഴിൽ ജമാഅത്തായിട്ടിരുന്നപോലെ ഖലീഫമാരെ തിരഞ്ഞെടുത്ത് ഖിലാഫത്തധികാരത്തിൻകീഴിൽ ജീവിക്കുന്നവർ ഇന്ന് ലോകത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്നത് പ്രത്യക്ഷമായ ഒരു സംഗതിയാണ്.

മേലുദ്ധരിച്ച ഖുർആൻ വാക്യത്തിൽ ഖിലാഫത്തിന്റെ ഒരുദ്ദേശ്യമായി പറഞ്ഞിരിക്കുന്നത്, അതുവഴി ദൈവം സത്യവിശ്വാസികളുടെ മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തെനീക്കി അവർക്ക് സമാധാനം നൽകുകയും ചെയ്യുമെന്നതാണല്ലോ. ഇസ്‌ലാംമതം ശത്രുക്കളുടെ ആക്ഷേപശരങ്ങൾക്ക് ലക്ഷീഭവിക്കുകയും മുസ്‌ലിംകൾ അതിന്റെ സത്യത്തെ മറ്റുള്ളവർക്ക് പ്രബോധിക്കുന്ന വിഷയത്തിൽ കേവലം അശ്രദ്ധരായിത്തീരുകയും ചെയ്തകാലത്ത് അല്ലാഹു അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ജനയിതാവിനെ എഴുന്നേല്പിച്ചു. അദ്ദേഹം ഇസ്‌ലാമിന്റെ ശത്രുക്കളോട് എതിരിടുന്നതിനും മതപ്രബോധനം ചെയ്യുന്നതിനുമുള്ള ഒരു വഴി വെട്ടിത്തെളിച്ചു. തൽഫലമായി, അദ്ദേഹത്തിന്റെ അനുചരസംഘം- എത്രയും ചെറിയ ഒരു സംഘമായ അഹ്മദിയ്യാ ജമാഅത്ത്- ലോകത്തിലെ നാനാജാതി മതസ്ഥരുടേയും മുമ്പിൽ ഇസ്‌ലാമിന്റെ സത്യത്തെ പ്രസ്താവിക്കുന്നതിനും അവർക്ക് സത്യപ്രബോധനം ചെയ്യുന്നതിനും കഴിവും ധൈര്യവുമുള്ളവരായിത്തീർന്നു. അതോടെ ഇസ്‌ലാമിന്റെ നേർക്കുള്ള ആക്ഷേപങ്ങൾ കേട്ട് മുസ്‌ലിംകൾ ഭയപ്പെട്ടുകൊണ്ടിരുന്നകാലം പോയിമറഞ്ഞു. ഇന്ന് ഇസ്‌ലാമിക തത്ത്വങ്ങളെ എതിർക്കുന്നതിൽനിന്ന് വിമതസ്ഥർ പിന്മാറുന്ന നില വന്നുതുടങ്ങിയിരിക്കുന്നു. തന്നേയുമല്ല, അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ ഇമാമിന്റെ നേതൃത്വത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇസ്‌ലാമിക പതാക ഉയർത്തിക്കൊണ്ട് സത്യപ്രബോധനം നടത്തുകയും ചെയ്യുന്നു. കോടിക്കണക്കിലുള്ള മുസ്‌ലിംകൾക്ക് സാധിക്കാത്ത ഈ പ്രവൃത്തി ഇവർക്ക് സാധിക്കുന്നത്, ഏതൊരു സ്ഥാപനംവഴി സത്യവിശ്വാസികളുടെ മതത്തെ ബലപ്പെടുത്തുകയും അവരുടെ ഭയത്തെ കളഞ്ഞു അവർക്ക് സമാധാന മനഃസ്ഥിതിയുണ്ടാക്കുകയും ചെയ്യുമെന്ന് മേൽപറഞ്ഞ ഖുർആൻ വാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്നുവോ ആ ഖിലാഫത്ത് ഈ ജമാഅത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടുതന്നെയാണ്.



ഖിലാഫത്തിന്റെ അനുഗ്രഹം ലഭിച്ചവരെക്കുറിച്ച് പ്രസ്തുത ആയത്തിന്റെ അവസാനത്തിൽ അല്ലാഹു പറഞ്ഞിരിക്കുന്നത് “അവർ എന്നോട് യാതൊന്നിനേയും പങ്കുചേർക്കാതെ എന്നെത്തന്നെ ആരാധിക്കുന്നതാണ്'' എന്നാകുന്നു. ഈ ലക്ഷണവും ഇന്ന് അഹ്മദികളിൽ തന്നെയാണ് പൂർത്തിയായിക്കാണുന്നത്. അഹ്മദികൾ ഇതര മുസ്‌ലിംകളെ അപേക്ഷിച്ച് കൂടുതൽ മതനിഷ്ഠയുള്ളവരും മതശാസനകളനുസരിച്ച് ജീവിക്കുന്നവരുമാണെന്ന വസ്തുതയെ, നിഷ്പക്ഷബുദ്ധികളായ ഇതരന്മാർതന്നെ സമ്മതിക്കുന്നുണ്ട്. എന്നുമാത്രമല്ല, മുസ്‌ലിംകൾ പൊതുവെ ലൗകികമായ നേട്ടങ്ങൾക്കും രാഷ്ട്രീയമായ അധികാരലബ്ധിക്കും വേണ്ടിമാത്രം, സംഘങ്ങൾ സ്ഥാപിക്കുകയും മുറവിളി കൂട്ടുകയും ചെയ്യുന്ന ഈ കാലത്ത് ഇസ്‌ലാംമതത്തെ പ്രചരിപ്പിക്കുന്നതിനും തൽസിദ്ധാന്തങ്ങളുടെ സത്യത്തെ സ്ഥാപിക്കുന്നതിനും വേണ്ടി വ്യവസ്ഥാപിതമായ രീതിയിൽ പരിശ്രമിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. ഇതേപ്രകാരംതന്നെ അല്ലാഹുവിനോട് യാതൊന്നിനേയും പങ്കുചേർക്കാതെ യഥാർത്ഥ ദൈവവിശ്വാസത്തെ പുലർത്തുന്നവരും അവർ തന്നെയാണ്. ശിയാ-സുന്നികളാണെങ്കിൽ പലതരത്തിലുള്ള ശിർക്കിലും- സൃഷ്ടിപൂജാപരമായ പ്രവൃത്തിയിലും- പൂണ്ടുകിടക്കുകയാണ്. ഉൽപതിഷ്ണുക്കളെന്ന് പറയുന്നവരാകട്ടെ സന്ദർഭംപോലെ ശിർക്കുപരമായ കാര്യങ്ങളിൽ മറ്റുള്ളവരോടൊപ്പം പങ്കുകൊള്ളുകയും ഔല്യാക്കന്മാർക്ക് പകരം ഈസാനബിക്ക് ചില ദൈവികഗുണങ്ങൾ കല്പിക്കുകയും ചെയ്തുകൊണ്ട് ഏകദൈവവിശ്വാസത്തിനു വിപരീതം പ്രവർത്തിക്കുന്നു. ഇതിലൊന്നും പെടാത്തവരാകട്ടെ മതവും മതവിശ്വാസവും വെറും വിനോദമെന്നോണം

കരുതി വർത്തിക്കുന്നവരുമാണ്. ഇവർ മുസ്ലിംസമുദായത്തിൽപ്പെട്ടവരായതുകൊണ്ട് തങ്ങളും മുസ്ലിംകളെന്ന് പറയുന്നുവെന്നല്ലാതെ അവർക്ക് ജീവിതത്തിൽ ഇസ്ലാമുമായി യാതൊരു ബന്ധവുമില്ല. ഇവരുടെ ദീനും ഈമാനുമെല്ലാം ലൗകികനേട്ടവും അതിനെ സംബന്ധിച്ച ചിന്തയും മാത്രമാണ്. ഈ വസ്തുത മുസ്ലിം നേതാക്കന്മാരും വിദ്വാന്മാരും സമ്മതിക്കുന്നതും ഉച്ചൈസ്തരം ഘോഷിക്കുന്നതുമാകുന്നു. ചുരുക്കത്തിൽ, ദൈവത്തോട് യാതൊന്നിനേയും പങ്കുചേർക്കാതെ അവനെ മാത്രം ആരാധിക്കുന്നവരാണെന്ന ലക്ഷണവും ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽത്തന്നെയാണ് നിവൃത്തിയായിക്കാണുന്നത്. അതുകൊണ്ട് മോക്ഷപ്രാപ്തിക്കർഹരായ, ഖിലാഫത്തിന്റെ അവകാശികളും അവർതന്നെയാണ്. ഈ ഖിലാഫത്തിനെ നിഷേധിക്കുന്നവരെക്കുറിച്ച് 'അവർ അധർമ്മികളാകുന്നു' എന്ന് മേൽപടി ആയത്തിന്റെ അവസാനത്തിൽ പറഞ്ഞിരിക്കുന്നത്, ദൈവഭയവും നീതിബോധവുമുള്ള ഓരോരുത്തരും ചിന്താവിഷയമാക്കേണ്ടതാണ്.

## വാഗ്ദത്തനബിയുടെ ശിഷ്യസംഘം

എഴുപത്തിമൂന്ന് കക്ഷിയിൽ മോക്ഷപ്രാപ്തിക്കർഹരായ ഒരു കൂട്ടർ ഏതാണെന്ന് മനസ്സിലാക്കിത്തരുന്ന മറ്റൊരു ഖുർആൻവാക്യം ഇതാണ്:-

هو الذي بعث في الأميين رسولا منهم يتلوا عليهم
آياته ويزكيهم ويعلمهم الكتاب والحكمة وإن كانوا
من قبل لفي ضلال مبين وآخرين منهم لما يلحقوا بهم
وهو العزيز الحكيم

''അവനത്രെ ഇതിനുമുമ്പേ പ്രത്യക്ഷമായ വഴികേടിലായിരുന്ന നിരക്ഷരരുടെ (അറബികളുടെ) ഇടയിൽ അവർക്ക് തന്റെ വചനങ്ങൾ ഓതികേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് വിധിവിലക്കുകളും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്ന അവരിൽനിന്നുള്ള ഒരു റസൂലിനെ എഴുന്നേൽപിച്ചിരിക്കുന്നത്; (അപ്രകാരംതന്നെ) അവരോടുകൂടെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും (അവൻ



അദ്ദേഹത്തെ എഴുന്നേൽപിക്കും). അവൻ പ്രതാപശാലിയും അഗാധജ്ഞാനിയും അത്രേ" (62:3,4) ഈ ഖുർആൻ വാക്യത്തെ, അതിന് നബിതിരുമേനി(സ) നൽകിയ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽക്കൂടെ ചിന്തിച്ചുനോക്കുമ്പോൾ മോക്ഷത്തിന്നർഹരായ ആ പ്രത്യേകകക്ഷിയെ തിരിച്ചറിയുന്നതിനുള്ള വിശേഷ ലക്ഷണമെന്തെന്നും അത് മുസ്ലിംകളിൽ ഏത് കക്ഷിക്കാണുള്ളതെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. എന്തെന്നാൽ, ഈ ആയത്തിൽ അല്ലാഹു നബിതിരുമേനിയെ അറബികളുടെ ഇടയിൽ നിയോഗിച്ചതിനെക്കുറിച്ച് പറഞ്ഞതിനെത്തുടർന്ന്, അവരോടുകൂടെ അന്ന് ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും തിരുമേനിയെ നിയോഗിക്കുമെന്നാണ് പ്രസ്താവിച്ചിരിക്കുന്നത്. അപ്പോൾ, തിരുമേനി ഒരിക്കൽ 'ഉമ്മി'കളിൽ- നിരക്ഷരരായ അറബികളിൽ- നിയോഗിക്കപ്പെട്ടതുപോലെ മറ്റൊരിക്കൽ, അവരോടുകൂടെ അന്ന് ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള വേറൊരു കൂട്ടരിലും തിരുമേനി നിയോഗിക്കപ്പെടുമെന്ന് സിദ്ധിക്കുന്നു. "അവരോടുകൂടെ ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും" എന്ന് പറഞ്ഞിരിക്കുന്നതിൽനിന്ന് തിരുമേനിക്ക് മറ്റൊരു നിയോഗഘട്ടം കൂടി ഉണ്ടെന്നുതന്നെയാണ് മനസ്സിലാകുന്നത്. ഇല്ലെങ്കിൽപ്പിന്നെ, അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും എന്ന പ്രസ്താവന അർത്ഥരഹിതമായിരിക്കുന്നതാണ്. അതിനാൽ, ഉമ്മികളിൽ നിയോഗിക്കപ്പെട്ട നബിതിരുമേനിയുടെ പ്രവാചകാധികാരം അന്ത്യകാലംവരെ തുടർന്നുകൊണ്ടുപോകുന്നതായിരിക്കെ "അവരോടുകൂടെ ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും'' എന്ന് പ്രത്യേകപ്പെടുത്തി പറഞ്ഞിരിക്കുന്നത് തിരുമേനിക്ക് മറ്റൊരു നിയോഗഘട്ടം ഉള്ളതുകൊണ്ടുതന്നെയാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ, സ്വർഗ്ഗപ്രവേശം ചെയ്ത നബിതിരുമേനി(സ) തന്നെ ഒരിക്കൽകൂടി ശാരീരികമായി തിരുവവതാരം ചെയ്യുക സംഭാവ്യമല്ലല്ലോ. അതുകൊണ്ട് മറ്റൊരു കൂട്ടരിലും തിരുമേനി നിയുക്തനാകുമെന്ന് പറയപ്പെട്ടിരിക്കുന്നതിന്റെ വിവക്ഷിതം തിരുമേനിയുടെ പ്രതിപുരുഷനും പൂർണ്ണപ്രതിബിംബവുമായി വരുന്ന ഒരു ശിഷ്യപ്രവാചകന്റെ നിയോഗമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ഒരാളുടെ പൂർണ്ണനിലയിലുള്ള പ്രതിനിധിയായിവരുന്ന മറ്റൊരാളുടെ വരവ് പ്രതിനിധാനം ചെയ്യപ്പെട്ട ആ മഹാത്മാവിന്റെ ആഗമനമായിട്ടുതന്നെ പരിഗണിക്കാവുന്നതാണ്. ഇങ്ങനെ പ്രസ്തുത ആയത്തിൽ പറയപ്പെട്ടിരിക്കുന്ന നബിതിരു

മേനിയുടെ രണ്ട് നിയോഗഘട്ടങ്ങളിൽ ഒന്ന് തിരുമേനിയുടെ പുരുഷപരമായ ആദ്യാഗമനവും മറ്റേത് ആത്മീയനിലയിൽ തിരുമേനിയുടെ പൂർണ്ണപ്രതിബിംബമായ ഒരു ശിഷ്യപ്രവാചകന്റെ ആഗമനവും ആണെന്ന് മനസ്സിലാകുന്നു. തിരുമേനിയുടെ പ്രതിപുരുഷനായി വരുന്ന ഈ പുണ്യാത്മാവിന്റെ ശിഷ്യസംഘം യജമാന പ്രവാചകരായ നബിതിരുമേനിയുടെ ശിഷ്യഗണത്തിൽ ഉൾപ്പെടുന്ന അവരുടെ ഒരു വിഭാഗംതന്നെയായതുകൊണ്ടാണ് 'അവരോടുകൂടെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരുകൂട്ടർ' എന്ന് ഇവരെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ഇങ്ങനെ തിരുമേനിയുടെ ഈ പ്രതിപുരുഷന്റെ ആഗമനം തിരുമേനിയുടെ സ്വന്തം ആഗമനം പോലെയും ഇദ്ദേഹത്തിന്റെ ശിഷ്യസംഘം തിരുമേനിയുടെ ശിഷ്യസംഘം പോലെയും ആയിരിക്കുമെന്നുമാണ് ഈ ആയത്തിന്റെ താൽപര്യമെന്ന് വ്യക്തമാകുന്നു. മോക്ഷത്തിന്നർഹരായ ഒരുകൂട്ടർ 'ഞാനും എന്റെ സഹചരരും ഉള്ളനിലയിൽ സ്ഥിതി ചെയ്യുന്നവർ' ആണെന്നാണല്ലോ നബിതിരുമേനി(സ) അരുൾ ചെയ്തിരിക്കുന്നത്. അപ്പോൾ, ആ കൂട്ടർ തിരുമേനിയുടെ ശിഷ്യഗണത്തെപ്പോലുള്ളവരായിരിക്കുമെന്ന് ഇതിൽനിന്നും സിദ്ധിക്കുന്നു. തിരുമേനി തന്റെ ഈ പ്രതിപുരുഷന്റെ ശിഷ്യസംഘത്തെ തന്റെ സ്വന്തം ശിഷ്യഗണത്തിൽ ഉൾപ്പെട്ട ഒരു കൂട്ടരായിട്ട് പരിഗണിച്ച് പറഞ്ഞ അതേപരമാർത്ഥം തന്നെയാണ് മറ്റൊരു രൂപത്തിൽ പ്രസ്തുത ഖുർആൻ വാക്യം നമുക്ക് പറഞ്ഞുതന്നിരിക്കുന്നത്.

മുകളിൽപറഞ്ഞ ആയത്തിൽ 'നബിതിരുമേനിയുടെ ശിഷ്യഗണത്തോടുകൂടെ ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടർ' എന്ന് പറഞ്ഞിരിക്കുന്നത്, സത്യവിശ്വാസത്തിൽനിന്നും ഇസ്‌ലാമികജീവിതത്തിൽനിന്നും മുസ്‌ലിംകൾ അകലുകയും ഖുർആന്റെ എഴുത്തും ഇസ്‌ലാമിന്റെ നാമവും മാത്രം അവരിൽ ബാക്കിയാകുകയും ചെയ്യുന്ന കാലത്ത് ഇസ്‌ലാമിനെ ഉദ്ധരിക്കാൻ അവതീർണ്ണനാകുന്ന പേർഷ്യൻ വംശജനായ ഒരു പുണ്യാത്മാവിന്റെ ശിഷ്യഗണത്തെ സൂചിപ്പിച്ചാണെന്ന് നബിവചനത്തിൽ നിന്നുതന്നെ വ്യക്തമാകുന്നുണ്ട്. എന്തെന്നാൽ, ആ 'മറ്റൊരുകൂട്ടർ' ഏതാണെന്ന് നബിതിരുമേനിയോട് ചോദ്യമുണ്ടായപ്പോൾ തിരുമേനി ഫാരിസ്കാരനായ സൽമാന്റെ(റ)മേൽ കൈവെച്ചുകൊണ്ട് ഇങ്ങനെ അരുൾ ചെയ്കയുണ്ടായി.



لو كان الإيمان عند الثريا لناله رجال أو رجل من هؤلاء

"സത്യവിശ്വാസം സുറയ്യാനക്ഷത്രത്തിലെത്തിയാൽ ഇവരിൽ നിന്നുള്ള ചില ആളുകൾ അല്ലെങ്കിൽ ഒരാൾ അതിനെ വീണ്ടും കൊണ്ടുവരുന്നതാണ്" (ബുഖാരി). ഈ തിരുവചനത്തിൽനിന്നു, തിരുമേനിയുടെ ശിഷ്യഗണത്തോടുകൂടെ അന്ന് ചേർന്നിട്ടില്ലാത്തവരും എന്നാൽ, അവരിൽ ഉൾപ്പെടുന്നവരുമായ ഒരു കൂട്ടർ ഈ ഫാരിസ് വംശജന്റെ ശിഷ്യസംഘമായിരിക്കുമെന്ന് നല്ലപോലെ മനസ്സിലാകുന്നു. അതുകൊണ്ട്, 'ഞാനും എന്റെ ശിഷ്യസംഘവും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവർ' എന്ന് തിരുമേനി അരുൾചെയ്ത പ്രകാരം അതേ ലക്ഷണത്തോടുകൂടിയ മോക്ഷാർഹരായ ഒരുകൂട്ടർ, ഇസ്‌ലാംമതോദ്ധാരണത്തിന് തിരുമേനിയുടെ പ്രതിപുരുഷനായിട്ട് അല്ലാഹു നിയോഗിച്ചയക്കുന്ന ഒരു മഹാത്മാവിന്റെ അനുചരസംഘമായിരിക്കുമെന്ന് വ്യക്തമാകുന്നുണ്ട്.

ഈ പേർഷ്യൻവംശജന്റെ ശിഷ്യഗണം നബിതിരുമേനിയുടെ ശിഷ്യസംഘവുമായി സാദൃശ്യമുള്ളവരായിരിക്കുമെന്നതുകൊണ്ട് അദ്ദേഹം തിരുമേനിയുടെ പ്രതിപുരുഷനായി അവതരിക്കുന്ന ഒരു ദൈവനിയുക്തനായിരിക്കേണ്ടതാണെന്ന് മനസ്സിലാകുന്നതുപോലെതന്നെ, അദ്ദേഹത്തിന്റെ അവതാരം വിശുദ്ധഖുർആന്റെ ഉപദേശവും സത്യവിശ്വാസവും ലോകത്തുനിന്നുയർന്നുപോകുന്ന ഒരു കാലത്തായിരിക്കേണ്ടതാണെന്നും മനസ്സിലാകുന്നുണ്ട്. എന്തെന്നാൽ, അദ്ദേഹം സുറയ്യാ നക്ഷത്രത്തിൽനിന്ന് സത്യവിശ്വാസത്തെ വീണ്ടുംകൊണ്ടുവരുമെന്നാണല്ലോ പ്രവചിക്കപ്പെട്ടിരിക്കുന്നത്. 'സത്യവിശ്വാസം സുറയ്യായിലെത്തിയാൽ' എന്നതിനു പകരം ചില നിവേദനങ്ങളിൽ 'ഖുർആൻ സുറയ്യായിലെത്തിയാൽ' എന്നാണുള്ളത്. അതുകൊണ്ട് ഈ വാഗ്ദാനം ചെയ്യപ്പെട്ട ഫാരിസ് വംശജൻ പൂർവ്വകാലത്ത് മുസ്‌ലിംകളിൽ വന്നുകഴിഞ്ഞ ഏതെങ്കിലും ഇമാമോ മതപണ്ഡിതനോ ആയിരിക്കാവതല്ല, അദ്ദേഹം ഇസ്‌ലാമിന്റെ നാമവും ഖുർആന്റെ ലിപികളും മാത്രം മുസ്‌ലിംകളിൽ ബാക്കിയാകുമാറുള്ളതരത്തിൽ അവർ എത്രയും ദുഷിച്ചുപോകുന്നകാലത്ത് ദൈവത്താൽ നിയോഗിക്കപ്പെടുന്ന ഒരു പേർഷ്യൻ വംശജൻ ആയിരിക്കേണ്ടതാകുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ ജനയിതാവായ ഹദ്റത്ത് അഹ്മദുൽഖാദിയാനി(അ) താൻ ആ പേർഷ്യൻവംശജനും നബിതിരുമേനിയുടെ പ്രതിപുരുഷനായി ഇസ്ലാംമതപുനരുജ്ജീവനാർത്ഥം ദൈവത്താൽ നിയോഗിക്കപ്പെട്ടവനാണെന്ന് എത്രയും ശക്തിയോടെ വാദിച്ച ആളുമാണെന്നത് പരസ്യമായ ഒരു പരമാർത്ഥമാണ്. എന്നു മാത്രമല്ല, മുമ്പേയുദ്ധരിച്ച ഖുർആൻ വാക്യത്തിൽ പറയപ്പെട്ട നബിതിരുമേനിയുടെ രണ്ട് നിയോഗഘട്ടങ്ങളിൽ പ്രതിപുരുഷൻ മുഖേന നിവൃത്തിയാകേണ്ടുന്ന ആ രണ്ടാമത്തെ നിയോഗം തന്റെ ആവിർഭാവത്താൽ പൂർത്തിയായിരിക്കുന്നു എന്നും തന്റെ ശിഷ്യഗണം നബിതിരുമേനിയുടെ ശിഷ്യഗണത്തോട് സാദൃശ്യരാണെന്നും, അദ്ദേഹം വാദിക്കുകയും അതിനെ സരേഖം തെളിയിക്കുകയും ചെയ്തിട്ടുമുണ്ട്. മോക്ഷപ്രാപ്തിക്കർഹരായ ഒരു കക്ഷി നബിതിരുമേനിയുടെ ശിഷ്യസംഘത്തോട് സാദൃശ്യമുള്ള ഒരു കൂട്ടരല്ലാതെ അവരുമായി സാദൃശ്യമില്ലാത്ത മറ്റു വല്ലവരുമായിരിക്കാവതല്ലല്ലോ. ആ സാദൃശ്യം നബിതിരുമേനിയുടെ പ്രതിപുരുഷനായി വരുന്ന മഹാത്മാവിന്റെ ശിഷ്യസംഘത്തിൽ ചേരുകമൂലം മാത്രം സിദ്ധിക്കുന്നതാണെന്നാകുന്നു മേൽഖുർആൻവാക്യവും അതിന് വ്യാഖ്യാനമായിട്ട് നബിതിരുമേനി(സ) പറഞ്ഞ തിരുവചനവും മനസ്സിലാക്കിത്തരുന്നത്. ഈ സാദൃശ്യം അഹ്മദിയ്യാ ജമാഅത്തിന്നല്ലാതെ മുസ്ലിംകളിലുള്ള മറ്റൊരു കക്ഷിക്കുമില്ലെന്നത് അവിതർക്കിതമാണ്. ഇങ്ങനെ, തിരുമേനിയുടെ ശിഷ്യസംഘത്തോട് സാദൃശ്യമുള്ള കൂട്ടരെന്ന് ഖുർആൻ പറഞ്ഞുതന്നിരിക്കുന്ന ഈ ലക്ഷണം അഹ്മദിയ്യാ സംഘത്തിൽമാത്രം നിവൃത്തിയായിക്കാണുന്നത്, മോക്ഷപ്രാപ്തിക്കർഹരായ ഒരുകൂട്ടർ അവർ തന്നെയാണെന്നതിലേക്ക് മതിയായ ഒരു തെളിവാണ്. ഖുർആനിൽനിന്ന് മനസ്സിലാകുന്ന ഈ സംഗതിതന്നെയാണ് 'ഞാനും എന്റെ സഹചരരും ഉള്ള നിലയിൽ സ്ഥിതിചെയ്യുന്നവർ' എന്ന വാക്കുകൊണ്ട് നബിതിരുമേനി(സ) വ്യക്തമാക്കിത്തന്നിരിക്കുന്നത്. മോക്ഷത്തിന്നർഹരായ ഒരുകൂട്ടർക്കുണ്ടായിരിക്കുമെന്ന് നബിതിരുമേനി(സ) പറഞ്ഞ ഈ ലക്ഷണത്തിൽനിന്നും അവർ തിരുമേനിയുടെ ശിഷ്യസംഘത്തെപ്പോലെ തിരുമേനിയുടെ പ്രതിപുരുഷനായിട്ട് ദൈവത്താൽ നിയോഗിക്കപ്പെടുന്ന ഒരു മഹാത്മാവിന്റെ അനുചരസംഘമായിരിക്കണമെന്ന് സിദ്ധിക്കുന്നുണ്ടല്ലോ. ഇതുപോലെതന്നെ 'നബിതിരുമേനി(സ) യുടെ സഹചരസംഘത്തോടുകൂടെ ഇതേവരെ ചേർന്നിട്ടില്ലാത്ത മറ്റൊരുകൂട്ടർ' എന്ന് മേലുദ്ധരിച്ച ഖുർആൻ വാക്യത്തിൽ പറഞ്ഞതും അവസാനകാലത്ത് നബിതിരുമേനിയുടെ ഒരു പ്രതിപുരുഷന്റെ ആവിർഭാവം മുഖേന തിരുമേനിയുടെ ശിഷ്യഗണത്തിന് സദൃശരായ ഒരു സംഘം ഉണ്ടായിവരുമെന്ന് മനസ്സിലാക്കിത്തരുന്നുണ്ട്. ഈ ലക്ഷണം അഹ്മദിയ്യാ ജമാഅത്തിന്നല്ലാതെ മുസ്ലിംകക്ഷികളിലൊന്നിലും ഇല്ലെന്നത് എത്രയും പ്രത്യക്ഷമായ ഒരു സംഗതിയാണ്. ഇങ്ങനെ മോക്ഷപ്രാപ്തിക്കർഹരായ ഒരുകൂട്ടർക്കുണ്ടായിരിക്കേണ്ടതായിട്ട് വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാകുന്ന ഈ ലക്ഷണം അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് കാണുന്നത്.



## ഇസ്ലാമിനെ ജയിപ്പിക്കുന്നവർ

മുസ്ലിംകക്ഷികളിൽ മോക്ഷത്തിന്നർഹരായ ഒരു കക്ഷിക്ക് പ്രത്യേകമായുണ്ടായിരിക്കേണ്ട മറ്റൊരു ലക്ഷണം താഴെ ഉദ്ധരിക്കുന്ന ഖുർആൻ വാക്യത്തിൽനിന്ന് മനസ്സിലാകുന്ന സംഗതിയാണ്. അല്ലാഹു പറയുന്നതാണിത്: ''അവനത്രെ തന്റെ റസൂലിനെ മാർഗ്ഗദർശനത്തോടും സത്യമതത്തോടും കൂടെ അതിനെ മറ്റെല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനായിട്ട് അയച്ചിരിക്കുന്നത്" (61:10). ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത്, ഇസ്ലാം മറ്റെല്ലാ മതങ്ങളേയും ജയിക്കുന്നതാണെന്നാകുന്നുവല്ലോ. അതിന് ലഭിക്കുന്ന ഈ വിജയം ഭൗതികനിലയിലുള്ളതായിരിക്കാവതല്ല. എന്തെന്നാൽ, മതങ്ങളെ ജയിക്കുകയെന്നത് അങ്ങനെ ഭൗതികമായ അർത്ഥത്തിലായിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഇസ്ലാമിന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ഈ വിജയം പ്രമാണങ്ങളും ദൃഷ്ടാന്തങ്ങളും ആത്മീയാനുഭവങ്ങളും മുഖേന ഉണ്ടാകുന്ന ഒന്നായിരിക്കുന്നതാണ്. അപ്പോൾ, ഈ നിലയിൽ ഇസ്ലാമിന്റെ വിജയത്തിന് കാരണഭൂതരായിത്തീരുന്നവരാരോ അവർ തന്നെയായിരിക്കും മേപ്പടി ആയത്തിൽ പറഞ്ഞപ്രകാരം നബിതിരുമേനിയുടെ ദൗത്യത്തിന്റെ ആവശ്യം പൂർത്തിയാക്കുന്നവർ. അങ്ങനെയുള്ളവർ തന്നെയായിരിക്കണം മോക്ഷപ്രാപ്തിക്കർഹരായ കൂട്ടരും. അല്ലാതെ ഈ വിശിഷ്ടഗുണമുള്ള ഒരുകൂട്ടർ മോക്ഷത്തിന്നർഹരല്ലാതാവുകയും ഈ പ്രത്യേകതയില്ലാത്ത മറ്റേതെങ്കിലുമൊരു കക്ഷി മോക്ഷത്തിന്നവകാശികളായിത്തീരുകയും ചെയ്യുക സംഭാവ്യമല്ല.

എന്നാൽ, ഇന്ന് പ്രമാണങ്ങളും ദൃഷ്ടാന്തങ്ങളുംമൂലം ഇസ്ലാ

മിന്റെ സത്യത്തെ തെളിയിച്ചും ദൈവികമായ പ്രത്യേകാനുഗ്രഹം ഇസ്ലാം മുഖേന മാത്രമേ സിദ്ധിക്കയുള്ളൂ എന്ന് ഉദാഹരണങ്ങൾ കാണിച്ചും ഇസ്‌ലാമിന്റെ ആത്മീയനിലയിലുള്ള ഉൽകൃഷ്ടതയെ സ്ഥാപിക്കുന്ന വിഷയത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണെന്ന് പ്രത്യേകിച്ച് പറയേണ്ട തില്ല. അവർ ഇസ്‌ലാമിന്റെ സത്യത്തേയും ശ്രേഷ്ഠതയേയും തെളിയിക്കുന്നതിനും ഇസ്‌ലാമിന്നെതിരായുള്ള ആക്ഷേപങ്ങളെ ഖണ്ഡിക്കുന്നതിനും വ്യവസ്ഥിതമായ നിലയിൽ പ്രവർത്തിച്ചുകൊ ണ്ടിരിക്കുന്നവരും ഇസ്‌ലാംമത പ്രചാരണത്തിനുവേണ്ടി പ്രയത്നി ച്ചുകൊണ്ടിരിക്കുന്നവരുമാകുന്നു. അവരിലുള്ള പണ്ഡിതന്മാർ മത ങ്ങളെ താരതമ്യപഠനം ചെയ്തിരിക്കുന്നവരും ഇസ്‌ലാമിന്റെ സർവ്വോൽകൃഷ്ടതയെ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുന്ന തിൽ ഉദ്യുക്തരുമാകുന്നു. ഇങ്ങനെ ഈ ജമാഅത്ത് ഒരുഭാഗത്ത് പ്രമാണങ്ങളും ലക്ഷ്യങ്ങളും മുഖേന ഇസ്‌ലാമിനെ വിജയിപ്പിക്കു ന്നതിന് പ്രയത്നിച്ചുകൊണ്ടിരിക്കുമ്പോൾ അതേസമയം അവർ മറ്റൊരുഭാഗത്ത് ദൈവത്തിന്റെ വരപ്രസാദം ഇസ്ലാം മുഖേന മാത്ര മാണ് സിദ്ധിക്കുന്നതെന്ന് ദൃഷ്ടാന്തസഹിതം ലോകത്തോട് പ്രബോ ധിച്ചുകൊണ്ടുമിരിക്കുന്നു.

പ്രമാണങ്ങളും ദൃഷ്ടാന്തങ്ങളും മുഖേന ഇസ്‌ലാംമതത്തെ വിജയിപ്പിക്കുന്നതിന്- അതിന്റെ ശ്രേഷ്ഠതയെ പ്രകാശിപ്പിക്കുന്ന തിന്- പരിശ്രമിക്കുന്ന കൂട്ടരുടെ വിശ്വാസാദർശങ്ങൾ ഇസ്‌ലാമിന്റെ ആ ശ്രേഷ്ഠതയ്ക്ക് കളങ്കകരമാകുന്ന തരത്തിലുള്ളവയായിരിക്കാൻ പാടില്ലാത്തതാണ്. അതുകൊണ്ട് ഏതുകൂട്ടരുടെ വിശ്വാസാദർശ ങ്ങൾ ഇസ്‌ലാമിന്റെ മഹത്വത്തിന് ഭംഗകരമായിരിക്കുന്നുവോ അങ്ങ നെയുള്ളവർക്ക് പ്രമാണങ്ങളും യുക്തികളും മുഖേന ഇസ്‌ലാമിന്റെ ശ്രേഷ്ഠതയെ തെളിയിക്കുന്നതിനും തദ്വാരാ അതിന് വിജയം വരു ത്തുന്നതിനും സാധിക്കയില്ല. തന്മൂലം, ഏത് കക്ഷിയുടെ വിശ്വാ സാദർശങ്ങൾ ഇസ്‌ലാമിന്റെ ഉൽകൃഷ്ടതയെ തെളിയിക്കുന്നതിനു പര്യാപ്തമാകുന്നുവോ ആ ഒരുകൂട്ടർ തന്നെയായിരിക്കും മോക്ഷ പ്രാപ്തിക്കർഹരായവർ. എന്തെന്നാൽ, അങ്ങനെയുള്ളവർക്ക് മാത്രമേ അതിന്റെ വിജയത്തെ പുലർത്തുവാൻ സാധിക്കയുള്ളൂ. ഈ ലക്ഷണത്തോടുകൂടിയവർ ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്നത് അനിഷേധ്യമായ ഒരു പരമാർത്ഥമാണ്. ആയ



തുകൊണ്ടുതന്നെയാണ് അവർക്ക് സർവ്വോപരി ഇസ്‌ലാമിന്റെ ശ്രേഷ്ഠതയേയും മഹത്വത്തേയും തെളിയിച്ചു കാണിക്കാൻ സാധി ക്കുന്നത്. ദൈവത്തിന്റെ ഏകത്വത്തിനും അവന്റെ ദിവ്യഗുണ ങ്ങൾക്കും വിപരീതവും, വിശുദ്ധഖുർആന്റെ മഹത്വത്തിനും നബി തിരുമേനിയുടെ ഉൽകൃഷ്ടസ്ഥാനത്തിനും ഭംഗകരവുമായ വല്ല വിശ്വാ സവും ഈ ജമാഅത്തിനുള്ളതായി കാണപ്പെടുകയില്ല. ഈസാ നബി തുടങ്ങിയ ചില മഹാത്മാക്കൾക്ക് ദൈവത്തിന്റെ വല്ല പ്രത്യേകഗുണങ്ങളും ഉണ്ടെന്നോ, അവർ ചിരഞ്ജീവികളായി എവി ടെയെങ്കിലും ഇരിക്കുന്നുണ്ടെന്നോ, വിശുദ്ധഖുർആനിലെ വല്ല വാക്യവും ദുർബ്ബലപ്പെട്ടുപോയിരിക്കുന്നുവെന്നോ, ഖുർആന്റെ അർത്ഥം മുമ്പേയുള്ള വ്യാഖ്യാതാക്കൾ പറഞ്ഞവസാനിപ്പിച്ചു പോയെന്നോ, നബിതിരുമേനിയുടെ ആവിർഭാവത്തോടുകൂടി അല്ലാ ഹുവിന്റെ അനുഗ്രഹങ്ങളിൽ വല്ലതും മേലിൽ ലോകത്തിന് ലഭി ക്കാത്തവണ്ണം നഷ്ടമായിപ്പോയെന്നോ, ആ സത്യാത്മാവിനുശേഷം ദിവ്യവെളിപാട് ആർക്കും ലഭ്യമല്ലെന്നോ, അഹ്മദിയ്യാ ജമാഅത്ത് വിശ്വസിക്കുന്നില്ല. മറിച്ച് ദൈവത്തിന്റെ വിശിഷ്ടദാസർക്ക് പൂർവ്വ കാലങ്ങളിൽ കിട്ടിക്കൊണ്ടിരുന്ന എല്ലാ അനുഗ്രഹങ്ങളും നബി തിരുമേനിയുടെ അനുയായികൾക്ക് തിരുമേനിയോടുള്ള അനുസ രണംമൂലം ലഭിക്കുന്നതാണെന്നും ദൈവവചനമായ ഖുർആന്റെ വ്യാഖ്യാനത്തിന് ഒരറുതി നിശ്ചയിക്കാവതല്ലെന്നും അതിലെ ഓരോ വാക്കും പ്രമാണമാണെന്നും നബിതിരുമേനി(സ) നിര്യാ തനായപോലെതന്നെ മറ്റെല്ലാ പ്രവാചകന്മാരും മരിച്ചുപോയിരി ക്കുന്നുവെന്നും അവർക്കാർക്കും ദൈവത്തിന്റെ പ്രത്യേക ഗുണ ങ്ങളിൽ യാതൊരു പങ്കും ഉണ്ടായിരുന്നില്ലെന്നും നബി തിരുമേ നി(സ) സ്ഥാപിച്ച മതധർമ്മത്തെ ഉദ്ധരിക്കുന്നതിനും അതിന്റെ ശ്രേഷ്ഠതയെ പുലർത്തിക്കാണിക്കുന്നതിനുംവേണ്ടി ദൈവം തിരു മേനിയുടെ അനുയായികളിൽനിന്ന് കാലോചിതമായ നിലയിൽ മഹാത്മാക്കളെ എഴുന്നേൽപ്പിക്കുകയല്ലാതെ മുമ്പേ വന്നു കഴിഞ്ഞു പോയ ഏതെങ്കിലുമൊരു മഹാത്മാവിനെതന്നെ തിരികെ അയ ക്കുകയില്ലെന്നുമാണ് അഹ്മദികൾ വിശ്വസിക്കുന്നത്. ഇങ്ങനെ ഇസ്‌ലാമിന്റെ ശ്രേഷ്ഠതയേയും മഹത്വത്തേയും തെളിയിക്കാൻ സാധിക്കുന്നതരത്തിലുള്ള വിശ്വാസങ്ങൾ ഈ ജമാഅത്ത് സ്വീക രിച്ചിരിക്കുന്നതും അതുവഴി അവർക്ക് ഈ ഉദ്ദേശ്യം പൂർത്തിയാ

ക്കാൻ സാധിച്ചുവരുന്നതുംതന്നെ മോക്ഷപ്രാപ്തിക്കർഹരായ ഒരു കക്ഷി അവർ തന്നെയാണെന്നതിലേക്ക് ഒരു പ്രധാന തെളിവാണ്. എന്തെന്നാൽ, മേലുദ്ധരിച്ച ഖുർആൻ വാക്യത്തിൽ പറഞ്ഞിരിക്കുന്നത് മറ്റെല്ലാ മതങ്ങളുടെയുംമേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതിനാണ് നബിതിരുമേനി(സ) നിയുക്തനായിരിക്കുന്നതെന്നാണല്ലോ. ഈ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിന് അനുയോജ്യങ്ങളായ വിശ്വാസാദർശങ്ങളും തദർത്ഥം വ്യവസ്ഥിതമായ രീതിയിലുള്ള പ്രവർത്തനങ്ങളും ഈ ജമാഅത്തിൽമാത്രം കാണപ്പെടുമ്പോൾ ഇവർ തന്നെയാണ് മോക്ഷപ്രാപ്തിക്കർഹരായ ആ പ്രത്യേക കക്ഷി എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ഇങ്ങനെ അഹ്മദിയ്യാ ജമാഅത്ത് പ്രമാണങ്ങളും യുക്തികളും മുഖേന ഇസ്‌ലാമിന്റെ ശ്രേഷ്ഠത തെളിയിക്കുന്നതിനു പുറമെ, അവർക്ക് ഇസ്‌ലാമിന്റെ സജീവത്വത്തെയും ഇസ്‌ലാം മുഖേന തദനുയായികൾക്ക് ലഭിക്കുന്ന ദൈവബന്ധത്തെയും വെളിപ്പെടുത്തി അതുവഴി ഇസ്‌ലാമിന്റെ ആത്മീയവിജയത്തെ പ്രത്യക്ഷീകരിക്കാൻ സാധിക്കുകയും ചെയ്യുന്നു. പൂർവ്വകാലങ്ങളിൽ ദൈവത്തിന്റെ വിശിഷ്ടദാസർക്ക് ലഭിച്ചതുപോലുള്ള ദിവ്യവെളിപാടും ദൈവൈക്യവും ഖുർആനേയും നബിതിരുമേനിയുടെ ജീവിതമാതൃകയേയും അനുസരിക്കുകവഴി തനിക്ക് ലഭിച്ചിരിക്കുന്നുവെന്നു അഹ്മദിയ്യാ ജമാഅത്തിന്റെ ജനയിതാവായ ഹദ്റത്ത് അഹ്മദ്(അ) വാദിക്കുകയും ദൈവികമായ ഈ വരപ്രസാദം വഴിയായിട്ട് ഇസ്‌ലാമിന്റെ സത്യത്തേയും ശ്രേഷ്ഠതയേയും പരീക്ഷിച്ചു നോക്കുന്നതിന് ഇതരമതസ്ഥരെ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ മധുരഭാഷണവും വെളിപാടും തനിക്കുണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും എത്രയും ഗോപ്യവും ഗഹനവുമായ സംഗതികൾ ദൈവം തനിക്ക് വെളിപ്പെടുത്തിത്തരുന്നുണ്ടെന്നും തന്റെ അനവധി പ്രാർത്ഥനകൾ ദൈവം സ്വീകരിച്ചിരിക്കുന്നുവെന്നും അത്ഭുതകരമായ ദിവ്യദൃഷ്ടാന്തങ്ങൾ താൻമുഖേന പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നുവെന്നും അദ്ദേഹം ഉച്ചൈസ്തരം ഘോഷിക്കുകയും, ഈ ദിവ്യപ്രസാദത്തിന്റെ പരീക്ഷണാർത്ഥം അദ്ദേഹം ബ്രഹ്മസമാജം, ആര്യസമാജം, ക്രിസ്ത്യർ തുടങ്ങിയ ഇതരമതസ്ഥരെ ക്ഷണിക്കുകയും, വിമതസ്ഥർക്ക് ഇത്തരം ദിവ്യ അടയാളങ്ങൾ മുഖേന താന്താങ്ങളുടെ മതത്തിന്റെ സത്യത്തേയും സജീവത്വത്തേയും തെളിയിക്കാൻ



സാധിക്കുമെങ്കിൽ അവർ അതിന് മുന്നോട്ടുവരാൻ അവരെ ആഹ്വാനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ ആഹ്വാനം സ്വീകരിച്ച് തങ്ങളുടെ മതത്തിന്റെ സജീവത്വത്തേയും അതുമുഖേന തങ്ങൾക്ക് അനുഭവമായ ദൈവാനുഗ്രഹത്തേയും തെളിയിക്കുന്നതിന് മുന്നോട്ടുവരാൻ യാതൊരു മതസ്ഥരും ധൈര്യപ്പെട്ടില്ല. എന്നാൽ, അദ്ദേഹം കാൽനൂറ്റാണ്ടിലധികംകാലം ഇസ്‌ലാമിന്റെ സജീവത്വത്തേയും ആത്മശക്തിയേയും പ്രകാശിപ്പിച്ചും തത്തുല്യമായ പരീക്ഷണത്തിന് ഇതര മതസ്ഥരെ ആഹ്വാനം ചെയ്തും അതിന്റെ വിജയത്തെ പുലർത്തിക്കൊണ്ടിരിക്കയാണ് ചെയ്തത്. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ പ്രതിപുരുഷനായ ഹദ്റത്ത് ഖലീഫത്തുൽമസീഹ് രണ്ടാമൻ ഇസ്‌ലാമിന്റെ ഈ ആത്മപ്രഭാവത്തേയും സജീവത്വത്തെയും തെളിയിക്കുന്നതിന് താൻ സന്നദ്ധനാണെന്ന് പ്രഖ്യാപിക്കുകയും, മറ്റു വല്ല മതത്തിനും ഇന്ന് അപ്രകാരമുള്ള ശക്തിയുണ്ടെങ്കിൽ തദനുയായികൾ അത് തെളിയിച്ചു കാണിക്കുന്നതിന് അവരെയെല്ലാം ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രത്യേകിച്ച് ക്രിസ്തീയ പുരോഹിതന്മാരെ ഇത്തരം ഒരു പരീക്ഷണത്തിന് ഉദ്യുക്തരാക്കുന്നതിനും അതിനു വേണ്ട ഏർപ്പാട് ചെയ്യുന്നതിനും വേണ്ടി അദ്ദേഹം 1922-ൽ അന്നത്തെ വെയിൽസ് രാജകുമാരനായിരുന്ന വിൻഡ്സർ പ്രഭുവിനോട് അഭ്യർത്ഥിക്കുകകൂടി ചെയ്തിരുന്നു. ഇങ്ങനെ പ്രമാണങ്ങളും യുക്തികളുംകൊണ്ട് മാത്രമല്ല, ദിവ്യദൃഷ്ടാന്തങ്ങൾ മുഖേനയും ഇസ്‌ലാമിന്റെ വിജയത്തെ പുലർത്തിക്കാണിക്കാനുള്ള കഴിവ് ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്തിനാണ് സിദ്ധിച്ചിരിക്കുന്നത്. ഈ സൗഭാഗ്യം ഈ ജമാഅത്തിന് കരഗതമായിരിക്കുന്നുവെന്നതുതന്നെ മോക്ഷപ്രാപ്തിക്കർഹരായ കൂട്ടർ അവരാണെന്നതിലേക്ക് പ്രത്യക്ഷമായ ഒരു തെളിവാണ്. എല്ലാ മതസ്ഥരും കഴിഞ്ഞ കാലത്തെ കഥകളെ താന്താങ്ങളുടെ മതത്തിന്റെ ശ്രേഷ്ഠതയെ സ്ഥാപിക്കുന്നതിനു സാക്ഷ്യമായി പറഞ്ഞുവരുന്നു. ഇതുപോലെ ഇതര മുസ്‌ലിംകക്ഷികളും ഭൂതകാലത്തെ ദൃഷ്ടാന്തമാണ് തെളിവായി എടുത്തുപറയുന്നത്. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ ശ്രേഷ്ഠതയേയും സജീവത്വത്തേയും തെളിയിക്കുന്നതിനു ഭൂതകാലത്തെ ദൃഷ്ടാന്തങ്ങൾ മാത്രമല്ല, വർത്തമാനകാലത്ത് ഹദ്റത്ത് അഹ്മദിനും അദ്ദേഹത്തിന്റെ ഉത്തമശിഷ്യന്മാർക്കും വെളിപ്പെട്ട ദിവ്യദൃഷ്ടാന്തങ്ങൾ കൂടിയും എടുത്തുകാണിക്കുന്നു.

ഒരു മതത്തിന് സജീവങ്ങളായ ദൃഷ്ടാന്തങ്ങൾ കാണിക്കാനുള്ള കഴിവ് ഇല്ലെങ്കിൽ ആ മതം നിർജ്ജീവമാണെന്നും എന്നാൽ, ഇസ്‌ലാം സജീവ മതമായിരിക്കകൊണ്ട് അതുമുഖേന എല്ലാകാലത്തും ദിവ്യദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകൊണ്ടിരുന്നുവെന്നും വിശിഷ്യാ ഇക്കാലത്ത് അതിന്റെ സജീവത്വത്തേയും ആത്മപ്രഭാവത്തേയും വെളിപ്പെടുത്തുന്നതിന് പര്യാപ്തങ്ങളായ എത്രയോ ദിവ്യദൃഷ്ടാന്തങ്ങൾ താൻമുഖേന വെളിപ്പെട്ടിട്ടുണ്ടെന്നും ഹദ്റത്ത് അഹ്മദ്(അ) എത്രയും ശക്തിയോടെ വാദിച്ചിട്ടുണ്ട്. ഇന്ന് ഇസ്‌ലാമിന് മാത്രമാണ് ഈ പ്രത്യേകതയുള്ളതെന്നും സത്യവിശ്വാസികൾക്ക് ദൈവവുമായുള്ള ബന്ധവും ഇസ്‌ലാമിന്റെ ജീവശക്തിയും തെളിയിക്കുന്ന ദിവ്യവെളിപാട് ഇസ്‌ലാമിൽ ലഭ്യമാണെന്നും വിശുദ്ധഖുർആൻ അവകാശപ്പെടുന്നുണ്ട്. അല്ലാഹു തന്റെ വിശിഷ്ടദാസരെക്കുറിച്ച് വിശുദ്ധഖുർആനിൽ ഒരിടത്ത് ഇങ്ങനെ പറയുന്നു: “അവർക്ക് ഐഹികജീവിതത്തിലും പാരത്രികജീവിതത്തിലും സുവിശേഷം ലഭിക്കുന്നതാണ്” (10:64). മറ്റൊരിടത്ത് ഖുർആൻ ഇങ്ങനെയാണ് പറയുന്നത്:-

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ
عَلَيْهِمُ الْمَلَائِكَةُ أَلَّا تَخَافُوا وَلَا تَحْزَنُوا وَأَبْشِرُوا
بِالْجَنَّةِ الَّتِي كُنتُمْ تُوعَدُونَ نَحْنُ أَوْلِيَاؤُكُمْ فِي الْحَيَاةِ
الدُّنْيَا وَفِي الْآخِرَةِ

‘‘ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്നു പറയുകയും സ്ഥിരതയോടെ അതിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നവരുടെമേൽ തീർച്ചയായും മലക്കുകൾ ഇറങ്ങി ഇങ്ങനെ പറയും: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട; എന്നാൽ നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗത്തെക്കുറിച്ച് നിങ്ങൾ സന്തോഷിക്കുവിൻ; ഐഹികജീവിതത്തിലും പാരത്രികജീവിതത്തിലും ഞങ്ങൾ നിങ്ങളുടെ സ്നേഹിതന്മാരാണ്” (41:31-32). പ്രസ്തുത ഖുർആൻ വാക്യങ്ങളിൽ പറയപ്പെട്ടിരിക്കുന്നത്, പരമഭക്തരായ യഥാർത്ഥ മുസ്‌ലിംകൾക്ക് ഇഹത്തിൽവച്ചുതന്നെ ദൈവത്തിന്റെ വെളിപാടും ദിവ്യഭാഷണവും ലഭിക്കുമെന്നും അങ്ങനെ അവർക്ക് ദൈവത്തെ സംബന്ധിച്ച് അനുഭവജ്ഞാനം ഉണ്ടായിരിക്കുമെന്നുമാണ്. വിശുദ്ധഖുർആന്റെ ഈ പ്രസ്താവന വെറുമൊരു വാദം മാത്രമല്ല; അത് എത്രയും പരമാർത്ഥവും എല്ലാ കാലത്തും മഹാത്മാക്കൾക്ക് അനുഭവമായിട്ടുള്ള ഒരു സത്യവും ആണ് എന്നതിന് ഇന്ന് അഹ്മദിയ്യാ പ്രസ്ഥാനം ഒരു പ്രത്യക്ഷ സാക്ഷ്യമാണ്. ഇങ്ങനെ മറ്റുള്ള എല്ലാ മതങ്ങളുടേയുംമേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുകയെന്ന ആ ശ്രേഷ്ഠലക്ഷണം ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് കാണപ്പെടുന്നത്. അതുകൊണ്ട് മോക്ഷപ്രാപ്തിക്കർഹർ പ്രസ്തുത ലക്ഷണത്തോടുകൂടിയ ഈ ജമാഅത്ത് തന്നെയാണ്.



നബിതിരുമേനി(സ) ദൈവത്തിന്റെ ഒരു തിരുദൂതരായതുകൊണ്ട് തിരുമേനിയുടെ മതത്തിന് ലഭിക്കേണ്ടുന്ന വിജയം ഭൗതികനിലയിലുള്ളതായിരിക്കയില്ല. എന്നാൽ, ഈ മതത്തിന് ഇതരമതങ്ങളുടെമേൽ പ്രമാണങ്ങൾമൂലവും ആത്മീയനിലയിലും വിജയം സിദ്ധിക്കുമ്പോൾ അത് ലോകത്ത് പ്രചരിച്ചുവരികയും അതിന് അനുയായികൾ വർദ്ധിക്കുകയും അങ്ങനെ അതിന് ലൗകികമായ ഒരു പ്രഭാവംകൂടി ലഭ്യമാകുകയും ചെയ്യുന്നതാണ്. അത്തരത്തിൽ പരിപൂർണ്ണമായ ഒരു വിജയം അതിന്നുണ്ടായിത്തീരുന്നത് വാഗ്ദാനം ചെയ്യപ്പെട്ട മസീഹിന്റെ അവതാരത്തിന് ശേഷമായിരിക്കുമെന്ന് മുമ്പേയുദ്ധരിച്ച ഖുർആൻ വാക്യത്തിന്റെ വ്യാഖ്യാനത്തിൽ പല മഹാന്മാരും പറഞ്ഞിട്ടുണ്ട്.

“ഈ വിജയം ഈസബ്നുമർയമിന്റെ ആഗമനകാലത്ത് സംഭവിക്കുന്നതാണ്” എന്ന് സഹാബിമാർ പറഞ്ഞിട്ടുള്ളതായി ഇബ്നുജരീർ മുതലായ തഫ്സീറു ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. ഇസ്‌ലാമിന് പൂർണ്ണമായ തരത്തിലുള്ള വിജയം ലഭിക്കുന്നത് അവസാനകാലത്ത് മസീഹിന്റെ ആവിർഭാവത്തിന് ശേഷമായിരിക്കുമെന്ന് ദ്യോതിപ്പിക്കുന്ന പല നബിവചനങ്ങളും ഉള്ളതുകൊണ്ടാണ് പ്രസ്തുത ആയത്തിനെക്കുറിച്ച് വ്യാഖ്യാതാക്കൾ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നതെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. മൗലാനാ അബുൽകലാം ആസാദ് ഇതിനെക്കുറിച്ച് ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്:

“ക്രിസ്ത്വാബ്ദം പതിനെട്ടാം നൂറ്റാണ്ടോടുകൂടി യൂറോപ്യരുടെ ഭരണമേധാവിത്വവും അധികാരപ്രമത്തതയും ആരംഭിച്ചു. അനന്തരസംഭവം നാം കണ്ടുകൊണ്ടേയിരിക്കുന്നു. എന്നാൽ, ഇസ്‌ലാമിനെ

നശിപ്പിക്കുവാൻ അതിന്റെ വൈരികൾക്ക് ഇതേവരെ സാധിച്ചിട്ടില്ല. അല്ലാഹുവിന്റെ വാഗ്ദാനം സത്യമായിരിക്കുന്നേടത്തോളം കാലം അവർക്ക് അതിന് സാധിക്കുകയുമില്ല. മറിച്ച്, ഈ അവശതക്കുശേഷം വീണ്ടും അതിന്റെ ഉദ്ഗതിയുടെ വാഗ്ദത്തകാലം വരികയും 'മുശ്രിക്കുകൾക്ക് അനിഷ്ടകരമെങ്കിലും മറ്റെല്ലാ മതങ്ങളുടേയുംമേൽ ഇസ്‌ലാമിനെ വിജയിപ്പിക്കും' എന്ന ദൈവികവാഗ്ദാനം പൂർത്തിയാകുകയും ചെയ്യുന്നതാണ്' (തദ്കിറ: ഭാ. 256). മൗലാനാ ആസാദ് വീണ്ടും പറയുകയാണ്: "നബി വചനങ്ങളിൽ ഇസ്‌ലാമിന്റെ അന്ത്യമായ ഒരു അവസ്ഥയെക്കുറിച്ച് പ്രവചിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ അനുഗ്രഹപൂർണ്ണമായ ആ അവസ്ഥ ആദിമഘട്ടത്തിലെ മഹിമകളെ അനുസ്മരിപ്പിക്കുന്നതായിരിക്കും, അതിന്റെ സ്ഥിതിയാകട്ടെ, "ഈ സമുദായത്തിന്റെ ആദ്യഭാഗമോ അതല്ല അവസാനഭാഗമോ അധികം ശ്രേഷ്ഠമായിട്ടുള്ളതെന്ന് പറയാവതല്ല' എന്ന നബിവചനത്തിൽ പറഞ്ഞപ്രകാരമായിരിക്കും.

''സകലമതങ്ങളുടെയും ജാതികളുടെയും നടുവിൽ ജയിക്കുന്നതിനായിട്ടത്രെ ഇസ്‌ലാമും അതിന്റെ പ്രവാചകനും വന്നിട്ടുള്ളത് എന്ന ദൈവവചനത്തിന്റെ പ്രഖ്യാപനം പൂർണ്ണമായ നിലയിൽ നിവൃത്തിയാകുന്നത് ആ അന്ത്യഘട്ടത്തിലായിരിക്കും.' (മസ്അലയെ ഖിലാഫത്ത്, ഭാ.11) ഇങ്ങനെ, അവസാനകാലത്ത് ഇസ്‌ലാമിന് സിദ്ധിക്കുമെന്ന് പറയപ്പെട്ട വിജയം അതിന് ലഭിക്കുമാറാകുന്നതിന് അതിന്റെ സത്യത്തേയും ശ്രേഷ്ഠതയേയും സജീവത്വത്തേയും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന ഏക കക്ഷി അഹ്മദിയ്യാ ജമാഅത്തു മാത്രമാണ്. വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് വന്ന് ആ വിജയത്തിന് അസ്തിവാരം ഉറപ്പിക്കുകയും അതിനുവേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഒരു ജമാഅത്തിനെ സ്ഥാപിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ആ പ്രവൃത്തി തുടർന്നുകൊണ്ടുപോകുന്നു. മറ്റുള്ളവർ ഇസ്‌ലാമിക ഉപദേശത്തിൽനിന്ന് അകന്നു വെറും ഭൗതികമായ നേട്ടങ്ങൾക്കു വേണ്ടി മാത്രം സംഘങ്ങൾ ചേരുകയും അത്യധ്വാനം ചെയ്യുകയും ചെയ്യുമ്പോൾ അഹ്മദിയ്യാജമാഅത്ത് മാത്രമാണ് ഇസ്‌ലാമിന്റെ സത്യത്തെ തെളിയിക്കുകയും ഇസ്‌ലാമിക സിദ്ധാന്തങ്ങളെ ലോകത്ത് പരത്തുകയും ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട്, മോക്ഷപ്രാപ്തിക്കർഹരായ ആ ഒരു കൂട്ടർ ഇവർ തന്നെയാണെന്നതിൽ സംശയമില്ല.



## അനുഗൃഹീതവിഭാഗം

മോക്ഷത്തിന്നർഹരായ ആ പ്രത്യേക കക്ഷിക്കുണ്ടായിരിക്കേണ്ട മറ്റൊരു ലക്ഷണം, യഥാർത്ഥ വിശ്വാസികൾക്കുള്ളതായി വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്ന ഗുണങ്ങൾ ആ കക്ഷിക്കുണ്ടായിരിക്കുമെന്നുള്ളതാണ്. സത്യവിശ്വാസികളായ സജ്ജനങ്ങൾക്കുണ്ടാകുമെന്ന് പറഞ്ഞിരിക്കുന്ന ആ ശ്രേഷ്ഠഗുണങ്ങളും ദിവ്യാനുഗ്രഹങ്ങളും ഏതൊരു കക്ഷിയിൽ സ്പഷ്ടമായി കാണപ്പെടുന്നുവോ തീർച്ചയായും ആ കൂട്ടർ തന്നെയായിരിക്കും എഴുപത്തിമൂന്ന് കക്ഷിയിൽ മോക്ഷപ്രാപ്തിക്കർഹരായ കക്ഷി. അല്ലാതെ, ആ പ്രത്യേക ഗുണങ്ങളുള്ള ഒരു കക്ഷി മോക്ഷത്തിന്നർഹരല്ലാതാവുകയും ആ പ്രത്യേകതകൾ ഇല്ലാത്ത മറ്റേതെങ്കിലുമൊരു കൂട്ടർ മോക്ഷത്തിന്നവകാശികളായിത്തീരുകയും ചെയ്യാൻ പാടില്ല. സത്യവിശ്വാസികളായ സുകൃതികൾക്കുണ്ടാകുമെന്ന് വിശുദ്ധഖുർആനിൽ പറയപ്പെട്ടിരിക്കുന്ന ചില പ്രത്യേക ഗുണങ്ങളെക്കുറിച്ച് ചുരുക്കത്തിൽ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

(എ) തന്റെ വിശിഷ്ട ദാസന്മാർക്കുണ്ടാകുന്ന അനുഗ്രഹത്തെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "അവർക്ക് ഐഹികജീവിതത്തിലും പാരത്രികജീവിതത്തിലും സുവിശേഷം ലഭിക്കുന്നതാണ് (10:65). വീണ്ടും 'ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണന്ന് പറയുകയും സ്ഥിരതയോടെ അതിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നവരുടെമേൽ തീർച്ചയായും മലക്കുകൾ ഇറങ്ങിക്കൊണ്ടു പറയും: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട, നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗത്തെയോർത്ത് സന്തോഷിക്കുവിൻ; ഐഹികജീവിതത്തിലും പാരത്രികജീവിതത്തിലും ഞങ്ങൾ നിങ്ങളുടെ സ്നേഹിതന്മാരാണ്" (41:31,32)

ഈ ഖുർആൻ വാക്യങ്ങളിൽനിന്ന് മനസ്സിലാകുന്നത് സത്യവിശ്വാസികളായ പരമഭക്തന്മാർക്ക് ഇഹത്തിൽത്തന്നെ ദൈവത്തിന്റെ വെളിപാടും ദിവ്യഭാഷണവും ലഭിക്കുമെന്നാണ്. ഈ അനുഗ്രഹലബ്ധിമൂലം അവർക്ക് ദൈവത്തെക്കുറിച്ച് അനുഭവജ്ഞാനമുണ്ടാകുന്നതിനു പുറമെ അത് അവർ ദൈവത്തിന്റെ വരപ്രസാദം

ലഭിച്ച സത്യവിശ്വാസികളാണെന്നതിലേക്ക് ഒരു തെളിവായിത്തീരുകയുംചെയ്യുന്നു. വിശുദ്ധഖുർആന്റെ ഈ പ്രസ്താവന എത്രയും പരമാർത്ഥവും എക്കാലത്തും മഹാത്മാക്കൾക്ക് അനുഭവമായിക്കൊണ്ടിരുന്നിട്ടുള്ള ഒരു സത്യവുമാകുന്നു. ഇസ്രായീല്യരിൽ പ്രവാചകന്മാർക്ക് പുറമെ, മറ്റു മഹാന്മാർക്കും ഈ ദിവ്യാനുഗ്രഹം ലഭിച്ചിട്ടുണ്ടായിരുന്നുവെന്നും നബിതിരുമേനി(സ) തന്നെ അരുൾചെയ്തിട്ടുണ്ട്. തിരുമേനി പറഞ്ഞിരിക്കുന്നതിപ്രകാരമാണ്.

لقد كان فيمن كان قبلكم من بني اسرائيل رجال يكلمون من غير ان يكونوا انبياء

''നിങ്ങൾക്കുമുമ്പേ, ഇസ്രായീല്യരിൽ ദൈവഭാഷണം സിദ്ധിച്ചവരായി നബിമാരല്ലാത്ത ആളുകൾ ഉണ്ടായിരുന്നു" (ബുഖാരി). ഈ സ്ഥിതിക്ക്, നബിതിരുമേനിയുടെ അനുയായികളായ ശ്രേഷ്ഠ സമുദായത്തിൽ ഈ അനുഗ്രഹം ഒരു കാലത്തും ഇല്ലാതായിപ്പോകാൻ പാടില്ലതന്നെ. പൂർവ്വകാല മുസ്ലിംകളിൽ ദിവ്യവെളിപാട് സിദ്ധിച്ച അനവധി ഔലിയാക്കളും ദൈവപ്രബുദ്ധന്മാരും ഉണ്ടായിട്ടുണ്ടെന്നത് ഈ അനുഗ്രഹം തിരുമേനിയുടെ അനുയായികൾക്ക് നഷ്ടമായിട്ടില്ലന്നതിലേക്ക് തെളിവാണ്. എന്നാൽ, ഇന്നുള്ള വിവിധ മുസ്ലിം കക്ഷികളിൽ ഈ അനുഗ്രഹം സിദ്ധിച്ചിട്ടുള്ളവർ അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. ഹദ്റത്ത് അഹ്മദ്(അ) ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു മഹാത്മാവായതുകൊണ്ട് അദ്ദേഹത്തിന് വളരെയധികം ദിവ്യവെളിപാട് ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ അനുയായികളിൽ ഒട്ടുവളരെയാളുകൾ ഈ അനുഗ്രഹത്തിന് പാത്രമായിട്ടുണ്ട്. ഇന്നും അങ്ങനെയുള്ള അനവധിപേർ ഈ ജമാഅത്തിലുണ്ട്. പ്രത്യേകിച്ച്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഈ ദിവ്യാനുഗ്രഹത്തിന് അസാമാന്യമായ നിലയിൽ പാത്രമായിട്ടുള്ള ഒരു പുണ്യാത്മാവാകുന്നു. ഇങ്ങനെ ദൈവം തന്റെ വിശിഷ്ടദാസർക്ക് പ്രത്യേക നിലയിൽ നൽകുന്നതായി വിശുദ്ധഖുർആനിൽനിന്നും നബിവചനങ്ങളിൽനിന്നും മനസ്സിലാകുന്ന ഈ അനുഗ്രഹം അഹ്മദിയ്യാ ജമാഅത്തിൽ മാത്രം കാണപ്പെടുന്നതുകൊണ്ട് മോക്ഷപ്രാപ്തിക്കർഹരായ ഒരു കക്ഷി അവർ തന്നെയാണെന്ന് വ്യക്തമായി മനസ്സിലാകുന്നു.

(ബി) സത്യവിശ്വാസികളായ സജ്ജനങ്ങൾക്കുണ്ടാകുന്ന



മറ്റൊരു വിശിഷ്ടഗുണത്തെക്കുറിച്ച് അല്ലാഹു ഇങ്ങനെ പറയുന്നു:-

لا يمسه الا المطهرون تنزيل من رب العالمين

"വിശുദ്ധീകരിക്കപ്പെട്ടവരല്ലാതെ ഖുർആനെ സ്പർശിക്കുകയില്ല; അത് സർവ്വലോകനാഥനിൽനിന്ന് ഇറക്കപ്പെട്ടതാകുന്നു" (56:80-81). ഈ ആയത്തിൽ വിശുദ്ധന്മാരുടെ ലക്ഷണമായിട്ടു പറഞ്ഞിരിക്കുന്നത് അവർക്ക് ഖുർആനിലെ തത്ത്വങ്ങളുമായി ഒരു പ്രത്യേക ബന്ധം ഉണ്ടായിരിക്കുമെന്നാണ്. വിശുദ്ധന്മാരല്ലാതെ ഖുർആനെ സ്പർശിക്കുകയില്ല എന്ന് ഇവിടെ പറഞ്ഞിരിക്കുന്നതിന്റെ ഉദ്ദേശ്യം, അവരല്ലാതെ മറ്റാരും ഖുർആനെ ബാഹ്യനിലയിൽ തൊടുകയില്ല എന്നായിരിക്കാവതല്ല. എന്തെന്നാൽ, അങ്ങനെ കൈകൊണ്ട് അതിനെ തൊടുക ആർക്കും സാധ്യമാണ്; എല്ലാ തരക്കാരും അതിനെ അപ്രകാരം തൊട്ടുവരുന്നുമുണ്ട്. അതുകൊണ്ട് പ്രസ്തുത ആയത്തിൽ 'വിശുദ്ധന്മാരല്ലാതെ അതിനെ സ്പർശിക്കുകയില്ല' എന്ന് പറഞ്ഞതിന്റെ താൽപര്യം അവർക്കല്ലാതെ അതുമായിട്ട് ഒരു പ്രത്യേകതരത്തിലുള്ള ബന്ധം ഉണ്ടായിരിക്കുകയില്ല എന്നാണ്. മറ്റൊരു പ്രകാരത്തിൽ പറയുകയാണെങ്കിൽ, ദൈവത്തിന്റെ പ്രത്യേകമായ അനുഗ്രഹമെന്ന നിലയിൽ ഖുർആന്റെ മനോഹരവും ഗഹനവുമായ തത്ത്വരഹസ്യങ്ങളും അനർഘങ്ങളായ അർത്ഥരത്നങ്ങളും മനസ്സിലാക്കുവാനും അതുവഴി ആ വിശുദ്ധഗ്രന്ഥത്തോട് ഒരു പ്രത്യേക ബന്ധമുണ്ടെന്ന് കാണിക്കാനും, അതിന്റെ മാഹാത്മ്യത്തേയും ശ്രേഷ്ഠതയേയും തെളിയിക്കുവാനും സാധിക്കുന്നത് ആത്മശുദ്ധി പ്രാപിച്ചവർക്കു മാത്രമാണ്. ഖുർആൻ തർജ്ജമ ചെയ്യുവാനും അതിന്റെ ബാഹ്യഘടനയെ സംബന്ധിച്ചിടത്തോളം അതിന്റെ അർത്ഥം വിവരിക്കുവാനും അറബിപണ്ഡിതന്മാർക്കെല്ലാം കഴിയുമെങ്കിലും, അതിന്റെ ദിവ്യത്വത്തെയും ശ്രേഷ്ഠതയേയും തെളിയിക്കുവാനും അതിലടങ്ങിയിരിക്കുന്ന നിസ്തുല്യങ്ങളായ തത്ത്വരഹസ്യങ്ങളെ വിശദീകരിക്കുവാനും അതിലെ ഉപദേശാദർശങ്ങളെ പ്രവൃത്തിരൂപേണ മനോജ്ഞമാക്കിക്കാണിക്കുവാനും അതിന്റെ മാഹാത്മ്യത്തെക്കുറിച്ച് മറ്റുള്ളവരോട് പ്രബോധിക്കുവാനും എല്ലാ കാലത്തും സാധിച്ചിട്ടുള്ളത് ആത്മോൽക്കർഷം സിദ്ധിച്ച ഭക്തജനത്തിനു തന്നെയായിരുന്നു. ഇന്ന് ഖുർആനുമായി ഇത്തരത്തിലുള്ള ബന്ധം മുസ്ലിംകളുടെ ഇടയിലുള്ള വിവിധ കക്ഷികളിൽ ഏതുകൂട്ടർക്കാണുള്ളതെന്ന് നിഷ്പക്ഷനിലയിൽ

ചിന്തിച്ചുനോക്കുന്നപക്ഷം അത് അഹ്മദിയ്യാജമാഅത്തിന് മാത്ര മാണെന്ന് കാണാവുന്നതാണ്. ഇതര മുസ്‌ലിംകക്ഷികൾക്ക് വിശുദ്ധഖുർആനുമായുള്ള ബന്ധം വെറും പേരിനുമാത്രമാണെന്ന് അവരിലുള്ള പണ്ഡിതന്മാരും നേതാക്കന്മാരുമെല്ലാം എത്രയും വ്യസനത്തോടുകൂടി നിലവിളിച്ചു പറയുന്നുണ്ട്. അവരുടെ ധാർമ്മികനില വിശുദ്ധഖുർആന്റെ ഉപദേശത്തിൽനിന്ന് എത്രയും വിദൂരപ്പെട്ടിരിക്കുമാറ് അധഃപതിച്ചുപോയിരിക്കുന്നു. എന്നുമാത്രമല്ല, അവർ പ്രായേണ ഖുർആന്റെ സ്ഥാനം മനുഷ്യകൃതങ്ങളായ ഇതര ഗ്രന്ഥങ്ങൾക്ക് നൽകുകയും ചെയ്തിരിക്കുന്നു. അറബിവ്യാകരണവും മനുഷ്യരാൽ നിർമ്മിതമായ മറ്റു പുസ്തകങ്ങളും പഠിക്കുന്നതിന് അനേകം കൊല്ലങ്ങൾ ചെലവ് ചെയ്യുന്നവരായിരിക്കും മുസ്‌ലിംപണ്ഡിതന്മാരിലധികവും! അവർക്കു ഇതര ഗ്രന്ഥങ്ങളുമായുള്ളതിന്റെ ദശാംശംപോലും ബന്ധം വിശുദ്ധഖുർആനുമായിട്ട് ഇല്ലതന്നെ. ഇതിന് പുറമെ, ഖുർആന്റെ തത്ത്വങ്ങളെ പ്രചരിപ്പിക്കുകയും അതിന്റെ ദിവ്യപ്രബോധനത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്യാനുള്ള യാതൊരു ഏർപ്പാടും മുസ്‌ലിംകളിൽ കാണപ്പെടുന്നുമില്ല. അവർക്ക് ഖുർആനുമായുള്ള ബന്ധം നാമമാത്രമാണെന്നതിലേക്ക് പല ദൃഷ്ടാന്തങ്ങളും എടുത്തുപറയാമെങ്കിലും ദൈർഘ്യഭയത്താൽ അതിന് തുനിയുന്നില്ല. ചുരുക്കപ്പറയുന്നതായാൽ ഇസ്‌ലാമിന്റെ നാമവും ഖുർആന്റെ എഴുത്തും മാത്രം ശേഷിക്കുന്ന ഒരുകാലം വരുമെന്നും അന്ന് ഖുർആൻ ഉയർന്നുപോകുമെന്നുമുള്ള നബി തിരുമേനിയുടെ പ്രവചനമിക്കാലത്ത് പ്രത്യക്ഷരം പൂർത്തിയായിരിക്കുന്നുവെന്ന് മുസ്‌ലിം പണ്ഡിതന്മാർതന്നെ എത്രയും വ്യക്തമായി സമ്മതിച്ചിട്ടുണ്ട്. ഉദാഹരണമായി അഹ്മദിയ്യത്തിന്റെ ബദ്ധവൈരിയായ മൗലവി സനാഉല്ലാഹ് സാഹിബ് അമൃതസരി തന്റെ തഫ്സീറിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പലതരത്തിലുള്ള നികൃഷ്ട പ്രവൃത്തികളും ദുഷിച്ച സമ്പ്രദായങ്ങളും മുസ്‌ലിംകളിൽ പൊതുവെ ബാധിച്ചിരിക്കുന്നു. ദൈവ ഗ്രന്ഥമായ വിശുദ്ധഖുർആനെ അവർ ഉപേക്ഷിക്കുകയാൽ

فنبذوه وراء ظهورهم

അവർ അല്ലാഹുവിന്റെ ഗ്രന്ഥത്തെ പൃഷ്ഠഭാഗത്തേക്ക് തള്ളിക്കളഞ്ഞു(3:188) എന്ന ദൈവവചനം അവരിൽ തികച്ചും സത്യമായി പുലർന്നിരിക്കുന്നു....... തികച്ചും സദുപദേശമായി സ്ഥിതി ചെയ്യുന്നതും ഉപദേശാർത്ഥം ഇറങ്ങിയതും നബിതിരുമേനി(സ) തന്റെ പ്രസംഗങ്ങളിൽ ഉപദേശാർത്ഥം ഉദ്ധരിച്ചുകൊണ്ടിരുന്നതുമായ വിശുദ്ധഖുർആന് വെള്ളിയാഴ്ച ദിവസത്തെ ഖുത്ബകളിൽപ്പോലും സ്ഥാനമില്ലാതായിത്തീർന്നിരിക്കുന്നു....... 'എന്റെ ദൈവമേ! എന്റെ ജനം ഈ ഖുർആനെ തള്ളിക്കളഞ്ഞിരിക്കുന്നു" എന്ന് റസൂൽ പറഞ്ഞു എന്ന ഖുർആൻ വാക്യമനുസരിച്ച് നമ്മുടെ പേരിൽ ആവലാതിയുണ്ടാകുന്ന കാലത്ത് അഹോ, കഷ്ടം! നമുക്കെന്തു സമാധാനമാണ് പറയാനുണ്ടായിരിക്കുക!" (തഫ്സീർസനായി ജിൽദ് 1, ഭാ 82) വീണ്ടും അദ്ദേഹം പറയുകയാണ് "ഖുർആൻ നമ്മിൽനിന്ന് ഉയർന്നുപോയിരിക്കുന്നുവെന്നത് വാസ്തവമാണ്. നാം കേവലം ഖുർആനിൽ പേരിനുമാത്രം വിശ്വസിക്കുന്നുവെങ്കിലും സത്യമായും ഹൃദയത്തിൽ നാമതിനെ കേവലം നിസ്സാരവും നിഷ്പ്രയോജനവുമായ ഒരു ഗ്രന്ഥമായിട്ടാണ് കരുതുന്നത്" (അഹ്‌ലെ ഹദീസ്, 14-6-1912). ഇതര മുസ്‌ലിംകളെ അപേക്ഷിച്ച് ഖുർആനുമായിട്ടു കൂടുതൽ ബന്ധമുള്ളവരെന്ന് പറയുന്ന അഹ്‌ലെ ഹദീസുകക്ഷികളുടെ സ്ഥിതിതന്നെ ഇപ്രകാരമായിരിക്കുമ്പോൾ മറ്റു കക്ഷികൾക്ക് ഖുർആനുമായുള്ള ബന്ധം എത്രത്തോളമായിരിക്കുമെന്ന് ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്.



എന്നാൽ, അഹ്മദിയ്യാ ജമാഅത്തിൽ വിശുദ്ധഖുർആനുമായുള്ള ബന്ധം മറ്റു യാതൊരു കക്ഷിക്കുമില്ലാത്തവിധം അത്ര ദൃഢതരവും ആത്മാർത്ഥവുമായിട്ടുള്ളതാണെന്ന് നിസ്സംശയം പറയാം. ഈ ജമാഅത്തിന്റെ ജനയിതാവായ ഹദ്റത്ത് അഹ്മദിന്റെ വാദം തന്നെ, മുസ്‌ലിംകൾ വിശുദ്ധഖുർആന്റെ ഉപദേശങ്ങളിൽ നിന്നകന്ന് ആ പരിശുദ്ധ ഗ്രന്ഥത്തിന്റെ മാഹാത്മ്യം ലോകദൃഷ്ടിയിൽനിന്ന് മറഞ്ഞുപോയപ്പോൾ വീണ്ടും അതിന്റെ തത്ത്വങ്ങളെ പ്രബോധിക്കുവാനും അതിന്റെ മഹാത്മ്യങ്ങളെ തെളിയിക്കുവാനും താൻ നബിതിരുമേനിയുടെ പ്രതിനിധിയായി ദൈവത്താൽ നിയുക്തനായിരിക്കുന്നുവെന്നാണ്. അദ്ദേഹം വിശുദ്ധഖുർആന്റെ സത്യത്തെ തെളിയിക്കുവാൻ പല ദൃഷ്ടാന്തങ്ങളും കാണിക്കുകയും അത്തരം ദൃഷ്ടാന്തങ്ങൾ കാണിക്കുവാൻ ഇതര മതസ്ഥരെ ക്ഷണിക്കുകയും ചെയ്തുകൊണ്ടായിരുന്നു തന്റെ ജീവിതം നയിച്ചുപോന്നത്. ഖുർ

ആന്റെ സത്യത്തേയും അതിന്റെ മഹത്വത്തേയും തെളിയിച്ചുകൊണ്ടദ്ദേഹം എഴുതിയ ഒന്നാമത്തെ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടപോലുള്ള തെളിവുകളും സാക്ഷ്യങ്ങളും ഇതരമതസ്ഥർ തങ്ങളുടെ മതഗ്രന്ഥങ്ങളിൽനിന്നും എടുത്തുകാണിക്കുകയോ അഥവാ, താൻ കാണിച്ച തെളിവുകളെ ഖണ്ഡിക്കുകയോ ചെയ്യുന്നവർക്ക് താൻ പതിനായിരം രൂപാ സമ്മാനം കൊടുക്കുന്നതാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്. പിന്നെ, മതപരമായ ചില പ്രധാന പ്രശ്നങ്ങൾക്ക് സമാധാനമായി ഖുർആന്റെ അദ്ധ്യാപനങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം എഴുതിയതും ലാഹോറിൽവച്ച് നടന്ന സർവ്വമത മഹാസമ്മേളനത്തിൽ വായിക്കപ്പെട്ടതുമായ ഉപന്യാസം ഖുർആന്റെ സർവ്വോൽക്കൃഷ്ടതയെ സ്പഷ്ടമാക്കുന്ന ഒരു കൃതിയാണ്. ഈ ഉപന്യാസം ആ മഹാസമ്മേളനത്തിൽ വിവിധ മതപ്രതിനിധികൾ വായിച്ച ഉപന്യാസങ്ങളിലെല്ലാറ്റിലുംവച്ച് ശ്രേഷ്ഠവും പ്രശംസാർഹവുമായിട്ടുള്ളതാണെന്ന് സഭാവാസികളെല്ലാം ഐകകണ്ഠ്യേന സമ്മതിച്ചിട്ടുള്ളതുമാണ്.* ഹദ്റത്ത് അഹ്മദ്(അ) അന്ത്യശ്വാസം വരെ തന്റെ കൃതികളിൽ ഖുർആന്റെ മഹത്വത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ടേയിരുന്നു. ഇങ്ങനെ അദ്ദേഹം ഒരുഭാഗത്ത് അമുസ്ലിം ലോകത്തോട് ഖുർആന്റെ അന്യാദൃശമായ മഹത്വത്തേയും അതിന്റെ സത്യത്തേയും കുറിച്ച് പ്രബോധിപ്പിച്ചുകൊണ്ടിരിക്കുകയും മറുഭാഗത്ത് ആ വിശുദ്ധഗ്രന്ഥത്തിലെ തത്ത്വജ്ഞാനഭണ്ഡാരം ആർക്കാണ് ദൈവം കൊടുത്തിരിക്കുന്നതെന്ന് പരിശോധിക്കുന്നതിന് മുസ്ലിം പണ്ഡിതന്മാരെ തന്റെ എതിരിൽ വരാൻ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിര്യാണത്തിനുശേഷം അദ്ദേഹത്തിന്റെ പ്രതിപുരുഷന്മാർ വിശിഷ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) മറ്റുള്ളവരെ ഇത്തരം പരീക്ഷണത്തിലേക്ക് ക്ഷണിക്കുകയും, വിശുദ്ധഖുർആന്റെ സത്യത്തേയും മഹത്വത്തേയും പല രൂപത്തിലും തെളിയിക്കുകയും ചെയ്തിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിന് വിശുദ്ധഖുർആനുമായി ഒരു പ്രത്യേക ബന്ധമുണ്ടെന്ന് ഇത്രയും കൊണ്ടുതന്നെ മനസ്സിലാക്കാവുന്നതാണ്. ഇതിനു പുറമെ ലോകത്ത് വിശുദ്ധഖുർആന്റെ തത്ത്വങ്ങളെ പ്രചരിപ്പിക്കുകയും അതിലെ സത്യങ്ങളെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും

* ഈ ഉപന്യാസം ഇസ്ലാംമതതത്ത്വജ്ഞാനം എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



ചെയ്യുന്നതിന് പ്രത്യേക നിലയിൽ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഒരുകൂട്ടർ ഈ ജമാഅത്തുതന്നെയാണെന്നുള്ളതും അവർക്ക് ആ വിശുദ്ധഗ്രന്ഥവുമായുള്ള ബന്ധം അന്യാദൃശമെന്നതിലേക്ക് ഒരു ദൃഷ്ടാന്തമാണ്. മറ്റു മുസ്ലിം കക്ഷികളിലുള്ള പണ്ഡിതന്മാർ മുസ്ലിംകളോടുതന്നെ ഖുർആനിലെ തത്ത്വങ്ങളെക്കുറിച്ച് പ്രബോധിക്കാത്ത ഇക്കാലത്ത് അതിന്റെ സത്യത്തേയും മഹത്വത്തേയും കുറിച്ച് അഹ്മദികൾ അമുസ്ലിം ലോകത്തോടുപോലും പ്രബോധിക്കയാണ് ചെയ്യുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ചും ഭൗതികവിജ്ഞാനംകൊണ്ട് അലംകൃതമായ പാശ്ചാത്യരാജ്യങ്ങളിൽ പലേടത്തും ഇന്ന് വിശുദ്ധഖുർആന്റെ സിദ്ധാന്താദർശങ്ങളെ പ്രചരിപ്പിക്കാനുള്ള കഴിവും ഭാഗ്യവും അല്ലാഹു നൽകിയിരിക്കുന്നത് ഈ ജമാഅത്തിനാണ്.* അഹ്മദിയ്യാ പ്രചാരകന്മാർ പാശ്ചാത്യരുടെ ഇടയിൽ ഖുർആന്റെ തത്ത്വങ്ങളെ പ്രസംഗിക്കുകയും അതിന്റെ നേർക്കുള്ള ആക്ഷേപങ്ങൾക്ക് മറുപടി കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇങ്ങനെ, അഹ്മദിയ്യാ ജമാഅത്തിന് വിശുദ്ധഖുർആനുമായുള്ള ജ്ഞാനപരമായ പ്രത്യേക ബന്ധത്തെ പുലർത്താനുള്ള ഭാഗ്യത്തിന് പുറമെ, അതിന്റെ ഉപദേശാദർശങ്ങളെ പ്രവൃത്തിപഥത്തിൽ വരുത്താനുള്ള കഴിവും അല്ലാഹു നൽകിയിരിക്കുകയാണ്. ഇസ്ലാമിന്റെ ആദർശമനുസരിച്ച് ജീവിക്കുന്ന ഒരു ജമാഅത്ത് ഇവർ തന്നെയാണെന്നത് നിഷ്പക്ഷബുദ്ധികളായ പലരും സമ്മതിച്ചിട്ടുള്ള ഒരു പരമാർത്ഥമാകുന്നു. ഇങ്ങനെ ഇക്കാലത്ത് വിശുദ്ധഖുർആനുമായി ബന്ധമുള്ളവർ, ഖുർആനെ സ്പർശിക്കുന്നവർ അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ്. ഇപ്രകാരത്തിൽ ഖുർആനെ സ്പർശിക്കുന്നവർ വിശുദ്ധീകരിക്കപ്പെട്ടവരാണെന്നാണല്ലോ വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്നത്. ആകയാൽ ഒരു കക്ഷി എന്ന നിലയിൽ ഖുർആനുമായി ഇങ്ങനെ ഗാഢബന്ധമുള്ളവർ അഹ്മദിയ്യാ ജമാഅത്തായതുകൊണ്ട് ഒരു കക്ഷി എന്ന നിലക്ക് വിശുദ്ധി പ്രാപിച്ചവരും അവർ തന്നെയാണെന്നതിൽ സംശയത്തിന്നവകാശമില്ല. മോക്ഷപ്രാപ്തിക്കർഹരായ ഒരു കൂട്ടർ അങ്ങനെ 'വിശുദ്ധീകരിക്കപ്പെട്ടവർ' ആയി

* വിശുദ്ധഖുർആൻ നൂറ് ലോകഭാഷയിൽ പരിഭാഷ തയ്യാറാക്കുന്നതിന്റെ ഭാഗമായി എഴുപത് ഭാഷയിൽ പുറത്തിറങ്ങിക്കഴിഞ്ഞിരിക്കുന്നു. തിരഞ്ഞെടുത്ത ആയത്തുകളും ഹദീസുകളും ഹദ്റത്ത് അഹ്മദ്(അ)ന്റെ ലിഖിതശകലങ്ങളും നൂറ് ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രിക്കുകയല്ലാതെ ഈ പ്രത്യേകതയില്ലാത്ത മറ്റേതെങ്കിലും ഒരു കക്ഷി ആയിരിക്കാൻ പാടില്ലതന്നെ.

(സി) സത്യവിശ്വാസികൾക്ക് ലഭിക്കുന്നതായി അല്ലാഹു പറഞ്ഞിരിക്കുന്ന മറ്റൊരു അനുഗ്രഹം അവർക്ക് അവന്റെ പ്രത്യേക സഹായം ഉണ്ടായിരിക്കുമെന്നും അവർ തങ്ങളുടെ ഉദ്ദേശ്യത്തിൽ വിജയികളായിത്തീരുമെന്നുമുള്ളതാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നതാണിത്:

إنا لننصر رسلنا والذين آمنوا في الحيوة الدنيا
ويوم يقوم الأشهاد

തീർച്ചയായും നാം നമ്മുടെ പ്രവാചകന്മാരേയും വിശ്വസിച്ച കൂട്ടരേയും ഐഹികജീവിതത്തിലും സാക്ഷികൾ നിൽക്കുന്ന നാളിലും (ന്യായവിസ്താരനാളിലും) സഹായിക്കുന്നതാണ്" (40:52) ഈ വാക്യത്തിൽനിന്ന് വ്യക്തമാകുന്നത്, പ്രവാചകന്മാർക്കും സത്യവിശ്വാസികൾക്കും ഇഹത്തിൽവച്ചുതന്നെ ദൈവത്തിന്റെ പ്രത്യേക സഹായം ലഭിക്കുമെന്നാണല്ലോ. സത്യവിശ്വാസികളുടെ ഈ ലക്ഷണം ഇക്കാലത്ത് മുസ്‌ലിംകക്ഷികളിൽവച്ച് ഏതൊരു കക്ഷിയിൽ സ്പഷ്ടമായി കാണപ്പെടുന്നുവോ അവർ തന്നെയായിരിക്കും മോക്ഷത്തിന്നർഹരായ കൂട്ടർ. അല്ലാതെ ദൈവത്തിന്റെ പ്രത്യേക സഹായംകൊണ്ട് സത്യവിശ്വാസികളെന്ന് തെളിയുന്ന ഒരുകൂട്ടർ മോക്ഷത്തിന്നർഹരല്ലാതാകുകയും ഈ ലക്ഷണമില്ലാത്ത മറ്റേതെങ്കിലുമൊരു കക്ഷി മോക്ഷത്തിന്നർഹരായിത്തീരുകയും ചെയ്യുക സംഭാവ്യമല്ല. ഇവിടെ, ദൈവസഹായം എന്നു പറഞ്ഞിരിക്കുന്നത്, ഭൗതികമായ നിലയിലുള്ള വല്ല നേട്ടത്തേയോ ഭരണാധികാരത്തേയോ സംബന്ധിച്ചായിരിക്കാൻ പാടില്ല. എന്തെന്നാൽ, ലോകത്ത് വന്നുകഴിഞ്ഞ പ്രവാചകന്മാരിൽ അധികംപേരും രാഷ്ട്രീയാധികാരമൊന്നുമില്ലാതെ എളിയനിലയിൽ ജീവിതം നയിച്ചവരായിരുന്നു. അങ്ങനെയുള്ള ചില പ്രവാചകന്മാരുടെ അനുയായികൾക്ക് ഭരണാധികാരം കൈവന്നതുതന്നെ ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞതിനുശേഷമാണുതാനും. പ്രവാചകന്മാരുടെ അവതാരോദ്ദേശ്യം സദ്ധർമ്മവും സത്യവിശ്വാസവും ലോകത്ത് സ്ഥാപിക്കുകയും അവയെ പ്രചരിപ്പിക്കുകയുമാണല്ലൊ. അതുകൊണ്ട് അവർക്ക് ലഭിക്കുന്ന സഹായം അവരുടെ ആ ഉദ്ദേശ്യനിർവ്വഹ



ണത്തെ സംബന്ധിക്കുന്നതായിരിക്കണം. സത്യവിശ്വാസികളെ സഹായിക്കും എന്നു പറഞ്ഞിട്ടുള്ളതിൽനിന്നുതന്നെ ആ സഹായം പ്രത്യേകിച്ചും അവരുടെ വിശ്വാസാദർശങ്ങളെ സംബന്ധിക്കുന്നതാണെന്ന് മനസ്സിലാകുന്നു.

ഇസ്‌ലാമിൽ ഇന്നുള്ള വിവിധ കക്ഷികളിൽവച്ച് അല്ലാഹുവിന്റെ ഈ പ്രത്യേക സഹായത്തിന് അവകാശികളായിത്തീർന്നിരിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. മറ്റു കക്ഷികൾക്ക് തങ്ങളുടെ വിശ്വാസാദർശങ്ങളെ പ്രചരിപ്പിക്കുവാൻ വ്യവസ്ഥിതമായ യാതൊരു ഏർപ്പാടുമില്ല; അത് അത്യാവശ്യമാണെന്ന ബോധവും അവർക്കില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ആവശ്യംതന്നെ ഇസ്‌ലാം മതപ്രബോധനമാകുന്നു. അവർ ബലഹീനരും ന്യൂനപക്ഷക്കാരുമായിരിക്കുന്നതോടുകൂടി മറ്റുള്ളവരുടെ പലതരം ഹിംസകൾക്ക് പാത്രമായിരിക്കുന്നവരുമാണ്. എന്നിട്ടും, അവർ ഇസ്‌ലാമിനേയും തങ്ങളുടെ വിശ്വാസാദർശങ്ങളേയും പ്രചരിപ്പിക്കുന്ന വിഷയത്തിൽ അഭിവൃദ്ധിപ്പെടുകയാണ് ചെയ്യുന്നത്.* ലോകത്തിന്റെ നാനാഭാഗങ്ങളിലും ഈ ജമാഅത്തിന്റെ ആദർശങ്ങൾ സ്വീകാര്യമായികൊണ്ടുവരികയും ഈ ജമാഅത്തിൽ ആളുകൾ ചേർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതര മുസ്‌ലിംകക്ഷികൾ ഇവരെ നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ ഇവർക്കെതിരിൽ പലതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായിട്ടും ഈ ജമാഅത്ത് പ്രബലപ്പെട്ടുവരികയും ഇവരുടെ ആദർശങ്ങൾ പ്രചാരപ്പെടുകയുമാണ് ചെയ്യുന്നത്. ഇവർ സത്യവിശ്വാസികളും ദൈവത്തിന്റെ പ്രത്യേക സഹായത്തിന് പാത്രമായവരും തന്നെയാണെന്നതിലേക്ക് ഇത് നല്ലൊരു തെളിവാകുന്നു. എന്തെന്നാൽ, മുൻകഴിഞ്ഞ പ്രവാചകന്മാർക്കും അവരുടെ അനുചരന്മാരായ സത്യവിശ്വാസികൾക്കും ലഭിച്ച ദൈവസഹായം ഇത്തരത്തിലുള്ളതു തന്നെയാണ്.

നബിതിരുമേനിയുടെ സത്യത്തിലേക്ക് സാക്ഷ്യമായി അല്ലാഹു വിശുദ്ധഖുർആനിൽ ഒരിടത്ത് ഇപ്രകാരം പറഞ്ഞിരിക്കുന്നു:

* 24 മണിക്കൂറും ലോകമാസകലം ലഭിക്കുന്ന വിധത്തിൽ രണ്ട് മുസ്‌ലിം ചാനലുകൾ 1994 മുതൽ 'മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ' എന്ന പേരിൽ ഇസ്‌ലാമിക പ്രബോധനം നടത്തിവരുന്നു. ഇപ്പോൾ 23.3.07 മുതൽ 'അൽഅറബിയ്യ' എന്ന പേരിൽ ഒരറബിക് ചാനലും ദൈവാനുഗ്രഹത്താൽ തുടങ്ങിയിട്ടുണ്ട്.

مُحَمَّدٌ رَسُولُ اللّٰهِ وَ الَّذِيْنَ مَعَهٗٓ اَشِدَّآءُ عَلَى الْكُفَّارِ
رُحَمَآءُ بَيْنَهُمْ تَرٰىهُمْ رُكَّعًا سُجَّدًا...... ذٰلِكَ
مَثَلُهُمْ فِي التَّوْرٰىةِ وَ مَثَلُهُمْ فِي الْاِنْجِيْلِ كَزَرْعٍ
اَخْرَجَ شَطْـَٔهٗ فَاٰزَرَهٗ فَاسْتَغْلَظَ فَاسْتَوٰى عَلٰى سُوْقِهٖ
يُعْجِبُ الزُّرَّاعَ

''മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ്; അദ്ദേഹത്തിന്റെ കൂടെയുള്ളവർ അവിശ്വാസികൾക്കെതിരിൽ ദൃഢചിത്തരും അവർ അന്യോന്യം കനിവുള്ളവരും ആകുന്നു; നീ അവരെ ദൈവത്തിന് വണങ്ങുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരുമായിട്ട് കാണുന്നു...... ഇതാണ് തൗറാത്തിലുള്ള അവരുടെ ഉദാഹരണം. ഇഞ്ചീലിൽ അവർക്കുള്ള ഉദാഹരണമാകട്ടെ ഒരു കൃഷിയുടേതുപോലെയാകുന്നു; അത് മുളച്ചുപൊന്തി ശക്തിപ്രാപിച്ചു, പുഷ്ടിപ്പെട്ട് സ്വന്തം തണ്ടിന്മേൽ നിന്നുകൊണ്ട് കർഷകന്മാരെ ആനന്ദിപ്പിക്കുന്നു'' (48:30). ഈ വാക്യത്തിൽ നബിതിരുമേനിയുടെ സത്യത്തിന് സാക്ഷ്യമായി പറഞ്ഞിരിക്കുന്നത്, തിരുമേനിയുടെ അനുചരന്മാർ ശത്രുക്കളുടെ ഭയങ്കരമായ എതിർപ്പുകളും ഹിംസകളും വകവെക്കാത്ത വിധത്തിലും അവരിലുള്ള ദോഷങ്ങളും ദുർഗുണങ്ങളും തങ്ങളെ ബാധിക്കാത്തതരത്തിലും മനോദാർഢ്യമുള്ളവരും, അന്യോന്യം സൽഗുണങ്ങളെ പകർക്കുകയും പരസ്പരം സഹതാപം കാണിക്കുകയും ചെയ്യുമാറ് മൃദുലഹൃദയരും ആണെന്നാകുന്നു. തിരുമേനിയുടെ അനുയായികളിൽ ഇത്തരം ഒരു പരിവർത്തനം ഉണ്ടായിത്തീർന്നത് ആ പുണ്യാത്മാവിന്റെ സത്യത്തിലേക്ക് തീർച്ചയായും വലിയ ഒരു തെളിവുതന്നെയാണ്. തുടർന്ന് അവരുടെ മറ്റു ചില ഗുണങ്ങളെക്കുറിച്ച് പറഞ്ഞിട്ട് പ്രസ്തുതവാക്യം അവസാനമായി വിവരിച്ചിരിക്കുന്നത്, അവരുടെ നില വളരെ ബലഹീനമായ തരത്തിൽ ആരംഭിച്ച് ക്രമത്തിൽ വളർന്ന് ശക്തിപ്പെട്ടുവരുന്ന ഒരു കൃഷിയുടേതുപോലെയാണെന്നാകുന്നു. ശത്രുക്കളുടെ ഭയങ്കരമായ എതിർപ്പുകളും തങ്ങളെ ഉന്മൂലനം ചെയ്യുവാനുള്ള അവരുടെ ഭീകരപ്രവൃത്തികളും ഉണ്ടായിക്കൊണ്ടിരുന്നിട്ടും ആ സത്യവിശ്വാസികൾ ക്രമേണ ശക്തിപ്പെട്ടുവരികയും എണ്ണത്തിൽ വർദ്ധിക്കുകയുമാണ് ചെയ്തിരുന്നത്. ഇത് നബിതിരുമേനിയുടെ



സത്യത്തിന് ഒരുത്തമ ദൃഷ്ടാന്തമാണ്. പ്രസ്തുത ആയത്തിൽ പറഞ്ഞ ഗുണങ്ങൾ ഇക്കാലത്ത് എത്രയും സ്പഷ്ടമായി കാണുന്നത് മുസ്‌ലിംകളിൽവച്ച് അഹ്മദിയ്യാ ജമാഅത്തിൽ തന്നെയാണ്. അവർ ശത്രുക്കളുടെ ഹിംസകളൊന്നും വകവെക്കാതെ സത്യത്തെ മുറുകെപ്പിടിച്ച് ഇസ്‌ലാമികാദർശത്തിൽ ജീവിക്കുകയും അന്യോന്യം സൗഹാർദ്ദത്തോടും ഐകൃഭാവത്തോടുംകൂടെ വർത്തിക്കുകയും ക്രമേണ വർദ്ധിച്ച് ശക്തിപ്പെട്ടുവരികയും ചെയ്യുന്നു. ഇഞ്ചീലിൽ ഉദാഹരണമായിട്ട് പറഞ്ഞ ലക്ഷണം പ്രത്യേകിച്ചും ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്തിലാണ് പൂർത്തിയായിരിക്കുന്നത്. അവസാനമായി പറഞ്ഞിരിക്കുന്ന ആ ലക്ഷണം അന്ത്യകാലത്ത് വാഗ്ദാനം ചെയ്യപ്പെട്ട മസീഹിന്റെ ആഗമനത്തിൽ പൂർത്തിയാകേണ്ടതാണെന്ന ഒരു സൂചനയും അതിൽ അന്തർഭവിച്ചിട്ടുണ്ട്. അതുപ്രകാരംതന്നെ അഹ്മദികൾ ക്രമേണ വർദ്ധിച്ച് ശക്തിപ്പെട്ടുകൊണ്ടുപോവുകയാണ് ചെയ്യുന്നത്.

ചുരുക്കത്തിൽ, മോക്ഷപ്രാപ്തിക്കർഹരായ ഒരുകൂട്ടർക്കുണ്ടായിരിക്കുമെന്ന് ഹദീസിൽനിന്നും ഖുർആനിൽനിന്നും മനസ്സിലാകുന്ന ലക്ഷണങ്ങളെല്ലാം ഇന്ന് നിവൃത്തിയായിക്കാണുന്നത് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ്. അതുകൊണ്ട്, അവസാനകാലത്ത് ഒരു കക്ഷിമാത്രം മോക്ഷത്തിന്നർഹരായിരിക്കുമെന്ന് നബിതിരുമേനി(സ) പറഞ്ഞിരിക്കുന്ന ആ ഒരുകൂട്ടർ **അഹ്മദിയ്യാ ജമാഅത്തല്ലാതെ മറ്റൊരു കക്ഷിയുമല്ലതന്നെ**. മുകളിൽ പ്രതിപാദിക്കപ്പെട്ട പത്ത് ലക്ഷണങ്ങളോരോന്നിനേയും കുറിച്ച് നിഷ്പക്ഷമായ നിലയിൽ ചിന്തിച്ചുനോക്കുന്ന സത്യാന്വേഷികൾക്ക് ഈ വാസ്തവം മനസ്സിലാകുന്നതാണ്.

അതുകൊണ്ട്, ഈ ജമാഅത്തിന്റെ യഥാർത്ഥ നിലയെക്കുറിച്ച് ചിന്തിച്ച് സത്യം ഗ്രഹിക്കുകയും ഈ ജമാഅത്തിൽ ചേരുകയും ചെയ്യേണ്ടത് ഓരോ മുസ്‌ലിമിന്റേയും കടമയാണെന്ന് പറയേണ്ടതില്ലല്ലോ. അതിൽ ചേരുന്ന ഓരോ യഥാർത്ഥ അഹ്മദിയും ഇസ്‌ലാമിനെ ദേഹംകൊണ്ടും ധനംകൊണ്ടും സേവിക്കുന്ന ഒരു ഭടനായി മാറുന്നു. അയാൾ, പരിശുദ്ധ ഇസ്‌ലാമിനെ പ്രചരിപ്പിക്കുവാൻ അശ്രാന്തം പരിശ്രമിക്കുന്ന ഏക ഇസ്‌ലാമിക ജമാഅത്തിലെ ഒരംഗമായിത്തീരുകയും ചെയ്യുന്നു. അങ്ങനെ, അഹ്മദിയ്യാ ജമാ

അത്തിൽ ചേരുകമൂലം ഒരാൾ മോക്ഷപ്രാപ്തിക്കർഹരായ ആകക്ഷിയിൽ ചേരുന്നതോടൊപ്പംതന്നെ ഇസ്ലാംമത പ്രചാരണത്തിനുവേണ്ടി ത്യാഗം ചെയ്യുവാനുള്ള ഭാഗ്യവും അയാൾക്ക് സംസിദ്ധമാകുന്നു. അതുകൊണ്ട് മനുഷ്യകുലം ആകമാനം ഇസ്ലാംമതത്തെ ആശ്ലേഷിക്കണമെന്ന് ആഗ്രഹിക്കുന്നവർ ഈ ജമാഅത്തിൽ ചേർന്നുകൊള്ളട്ടെ! എന്നാൽ, ഇസ്ലാമിന്റെ പുനരുദയത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ താമസംവിനാ പൂർത്തിയാവുകയും ഇസ്ലാം പുനരുജ്ജീവിപ്പിക്കപ്പെടുകയും ചെയ്യുമാറാകും. ഈ ഭാഗ്യം എല്ലാ മുസ്ലിംകൾക്കും അല്ലാഹു നൽകുമാറാകട്ടെ!

وآخر دعوانا أن الحمد لله رب العالمين



# About this Book

This book entitled 'Moksharhamaya Jama-ath' or 'The Heavenly Islamic Sect' was written by Moulana Abdullah Sahib H.A., Chief Ahmadiyya Missionary for South India and Sreelanka. It was originally written as an article which was serialized in the Sathyadoothan Magazine. This is the VI$^{th}$ edition of the book.

Holy Prophet had predicted that the Muslim Community would be splitted in 73 sects and only one among them would be entitled for salvation. He had also listed some signs of this heavenly sect. The erudite author argues that the Ahmadiyya Jama-ath headed by a Khalifa is that particular sect prophesied by Holy Prophet (S) and that all the signs have been fulfilled in this Jama- ath.